
Mar Gregorios Orthodox Maha Edavaka - Muscat

# Vineyard

PARISH BULLETIN

Edition 2020-2021 • Vol-02




പെരുന്നാൾ
പതിപ്പോടു
കൂടിയത്

• Articles • Tribute • Faith Study • Perunnal Supplement
• Health Care • Ladies Corner • Kids Zone • News

Late Lamented

# H. G. Dr. Zachariah Mar Theophilos Metropolitan



**ഭാഗ്യ സ്മരണാർഹനായ**
**ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനി**
**മൂന്നാം ഓർമ്മപ്പെരുന്നാൾ**
**(August 17, 1952 — October 24, 2017)**

**വന്ദ്യപിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ.**

**Inserted by:**
**Kodiat Family – Trivandrum & Muscat**

# CONTENTS


- Tribute ............................... 6, 8
- Articles ......... 7, 11–13, 15–16
- Faith Study ...................... 9–10
- Poem ............................. 14, 17
- Short Story .......................... 17
- Special Supplement....... 18–22
- Health Care.......................... 24
- Ladies' Corner ..................... 25
- Kids' Zone ............................ 26
- News.............................. 27-31



## PUBLICATION OFFICIALS

**PRESIDENT / VICAR**
Rev. Fr. P.O. Mathai

**ASSOCIATE VICAR**
Rev. Fr. Bejoy Varghese

**HON. TRUSTEE**
Sabu Koshy

**HON. CO–TRUSTEE**
Koshy M. Tharakan

**HON. SECRETARY**
Nidhin Chirathilattu

## VINEYARD COMMITTEE

**GENERAL CONVENOR**
Manoj Mathew

**EDITOR-IN-CHIEF**
Sam Philip

**EDITORIAL BOARD MEMBERS**
Biju Varghese
Akash Mathew Varghese
Sara Mereena Mathew
Anu Willson

**FINANCE**
Biju John
Saji John

**EMAIL**
mgomevineyard@gmail.com

**ONLINE PUBLICATION**
www.mgomemuscat.com/vineyard




# പരിശുദ്ധ പരുമല തിരുമേനി എന്നും പ്രകാശിക്കുന്ന നക്ഷത്രം !

"ബുദ്ധിമാന്മാർ ആകാശ മണ്ഡലത്തിന്റെ പ്രഭ പോലെയും, പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെ പോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനിയേൽ 12:3)

ക്രൈസ്തവജീവിതം തന്നെ ഒരു തീർത്ഥാടനമാണ്, നീതിയിലേക്കു നയിക്കുന്ന ക്രിസ്താനുരൂപികളായ നാമോരോരുത്തരും തീർത്ഥം തേടിയുള്ള ഒരു യാത്രയിലും, ഈ അനന്തമായ വിഹായസ്സിൽ എന്നും എന്നേക്കും പ്രകാശിക്കുന്ന നക്ഷത്രവുമാണ്.

ഇന്ത്യൻ ചരിത്രത്തിലെ ഇരുണ്ടയുഗത്തിൽ വൈദേശിക അധിനിവേശത്തിലും വംശീയ വിദ്വേഷത്തിലും, ചൂഷണത്തിലും സാമൂഹികാടിച്ചമർത്തലും, അയിത്തത്തിലും പട്ടിണിയുടെയും ദുരാഃചാരങ്ങളിലുമായി കടന്നുപോയ 19 – ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലങ്കര  സഭയ്ക്കും ഈ ലോകത്തിനു തന്നെ വരപ്രസാദമായി ദൈവം നൽകിയ നക്ഷത്രമാണ് പരുമല മാർ ഗ്രീഗോറിയോസ് എന്ന മഹാ പരിശുദ്ധൻ.

പരിശുദ്ധ തിരുമേനിയുടെ ജനനം 1848 ജൂൺ 15 – ാം തീയതി മുളന്തുരുത്തിലെ ചാത്തുരുത്തി ഭവനത്തിൽ കൊച്ചു മത്തായിയുടെയും മറിയത്തിന്റെയും അഞ്ചു മക്കളിൽ ഏറ്റവും ഇളയവനായി. ബാല്യത്തിൽ തന്നെ അമ്മ മരിച്ചുപോയതിനാൽ സഹോദരി മറിയത്തിന്റെ ശിക്ഷണത്തിൽ വളർന്ന 'കൊച്ചയ്പ്പോരാ'യെന്ന ഗീവർഗ്ഗീസ്. കുട്ടിക്കാലത്ത് താൻ കേട്ട കഥകളിലെ പുണ്യാത്മാക്കളുടെ പാത പിന്തുടരുന്നതിനും, അവരുടെ സ്വഭാവ, ദൈവീക ഗുണങ്ങൾ തന്റെ ജീവിതത്തിൽ പകർത്തുന്നതിനും, തന്റെ ജീവിത കാലത്തോളവും ആ മൂല്യങ്ങളിൽ സഞ്ചരിച്ച് തന്റെ ശിഷ്യന്മാർക്കും, സഭാമക്കൾക്കും , ഈ ലോകത്തിനു തന്നെ മാതൃക പുരുഷനായി മാറുന്നതിനും പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് സാധിച്ചു.

ദൈവീക കാര്യങ്ങളിലുള്ള അതിയായ താല്പര്യവും, ജീവിത വിശുദ്ധിയും, തപോനിഷ്ഠയും പ്രാർത്ഥനാജീവിതവും ആത്മ നിറവും ഭാഷാ നൈപുണ്ണ്യവും സർവോപരി സുറിയാനി ഗീതങ്ങൾ മധുരമായി ചൊല്ലുന്നതിനുള്ള പാടവവും കണ്ടിട്ട് 1858 സെപ്തംബർ 14 – ാം തീയതി കരിങ്ങാശ്ര പള്ളയിൽ വച്ച് മാത്യുസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ബാലനായ ഗീവർഗ്ഗിസിന് പരിശുദ്ധിയുടെ ഉത്തുംഗ ശ്രേണിയിലേക്കുള്ള പൗരോഹിത്യ സ്ഥാനത്തിന്റെ പ്രഥമ പടിയായ കോറൂയോ സ്ഥാനം നൽകി. വേദഭാഗങ്ങളിലുള്ള അവഗാഹമായ പാണ്ഡിത്യം തന്റെ പതിനെട്ടാം വയസ്സിൽ പൂർണ്ണ ശെമ്മാശ്ശ പട്ടവും, കാശ്ശിശ പട്ടവും, കോർ – എപ്പിസ്കോപ്പ സ്ഥാനവും സ്വീകരിച്ച് വിശുദ്ധിയുടെ കാവൽ ഭടനായി ജനഹൃദയങ്ങളിൽ നക്ഷത്ര തിളക്കവുമായി പ്രശോഭിച്ച പുണ്യപിതാവാണ് പരിശുദ്ധ പരുമല തിരുമേനി.

ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന വെട്ടിക്കൽ കുരിശുപള്ളി ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ ഒരു തീർത്ഥാടന കേന്ദ്രമായി തീർന്നത് മഹാ പരിശുദ്ധന്റെ പ്രാർത്ഥന, ഉപവാസം, നോമ്പ്, വ്രതനിഷ്ഠ, വിശുദ്ധി വളർത്തുന്ന ആധ്യാത്മിക ശിക്ഷണം, സാമൂഹ്യ കാഴ്ച്ചപ്പാടുകൾ ദൈവീക സാന്നിധ്യം കൊണ്ടുമാത്രമാണ്. 1872 ഏപ്രിൽ 7 – ാം തീയതി മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്ത ഗീവർഗ്ഗിസ് കോറെപ്പിസ്കോപ്പയെ റമ്പാനായി വാഴിച്ചു.

1876 ഡിസംബർ 10 – ാം തിയതി വടക്കൻ പറവൂർ പള്ളിയിൽ വച്ച് പത്രോസ് തൃതീയൻ പാത്രിയർക്കിസ് ബാവ, ഗീവർഗ്ഗിസ് റമ്പാനെ മാർ ഗ്രിഗോറിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ച് നിരണം ഭദ്രാസനത്തിന്റെ ഭരണ മേധാവിയായി നിയമിച്ചു. കൊച്ചുതിരുമേനിയുടെ വരവോടെ പരുമലയോടൊപ്പം തെക്കൻ ഇടവകകളിലെ സഭാമക്കൾക്കും ദൈവീകമായ ഒരു പുത്തൻ ഉണർവുണ്ടായി. നാളെയെ കുറിച്ച് യാതൊരു തരത്തിലുള്ള ആശങ്കയ്ക്കും ഇട നൽകാത്തവിധത്തിൽ തന്റെ ദിവ്യജ്ഞാനത്തിൽ കല്പിച്ചതൊക്കെയും ഒരു വിഘ്നവും കൂടാതെ സാധ്യമായത് പലവുരു ശിഷ്യന്മാർക്കും സഭാമക്കൾക്കും അനുഭവവേദ്യമായി തീർന്നിട്ടുണ്ട്. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം ഇവക്കൊപ്പം തന്നെ സാമൂഹ്യ ഉന്നമനവും, അധഃസ്ഥിതരെ ഉദ്ധരിക്കലും ക്രിസ്തിയതയുടെ ഭാഗമാണെന്നും സഭയുടെ നൈതിക ചുമതലയാണെന്നുമുള്ള കൊച്ചുതിരുമേനിയുടെ താത്വിക വിശ്വാസം സമൂഹത്തിന്റെ എല്ലാ തലത്തിലും മാറ്റത്തിനുകാരണമായി. 1890 – ാം ആണ്ടിൽ വസൂരി ബാധ പടർന്നു പിടിച്ച തെക്കൻ പ്രദേശങ്ങളിൽ രോഗികളെ സന്ദർശിച്ച് അവരോടൊപ്പം താമസിച്ച്  ജനങ്ങളുടെ സൗഖ്യത്തിനായി അവർക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിച്ചും ശുശ്രുഷ ചെയ്തുകൊണ്ട് ദൈവദൂതനായി പരിശുദ്ധ പരുമല തിരുമേനി. 1895 – ൽ കഷ്ടാനുഭവായാഴ്ച മലങ്കരയിലെ എല്ലാ സഭാമക്കളുടെയും നേർച്ചകളും, പ്രാർത്ഥനകളും, യരുശലേം ദേവാലയത്തിൽ സമർപ്പിച്ചും യേശുക്രിസ്തു സഞ്ചരിച്ച വഴികളിലൂടെ സഞ്ചരിച്ചും ദുഃഖശനിയാഴ്ച്ച ആ കബറിങ്കൽ തെളിയിക്കുന്ന ആ പുത്തൻ തിരിനാളം മലങ്കര സഭയ്ക്കും സഭ മക്കൾക്കുമായി തീർത്ഥാടകനായ ആ പുണ്യപിതാവ് പകർന്നുനൽകുകയായിരുന്നു.

നിരന്തരമായ ഉപവാസം അതികഠിനമായ രോഗസ്വാസ്ഥ്യം, അസഹനീയമായ ശാരീരികപാരവശ്യം ഇവയാൽ ആ പുണ്യപിതാവ്  ഈ ലോകത്തിലെ പ്രവർത്തനങ്ങൾക്കു വിരാമമിട്ടു. 1902 നവംബർ 2 – ാം തീയതി തന്നിലുള്ള ദൈവീക ചൈതന്യം സഭാമക്കൾക്കും, ഈ ലോകത്തിനു തന്നെ പകർന്നു നൽകി, ദൈവീക സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ആ പരിശുദ്ധന്റെ കബറിടത്തിലേക്കു കടന്നു വരുമ്പോൾ പരിശുദ്ധ തിരുമേനിയുടെ ദൈവീക ചൈതന്യത്തിന്റെയും ദിവ്യ തേജസിന്റെയും പ്രഭ ഉൾക്കൊള്ളുവാൻ തീർത്ഥാടകരായ നാമോരോരുത്തർക്കും സാധ്യമാകും. ആ പുണ്യപിതാവ് വളർത്തിയെടുത്ത ആധ്യാത്മിക പാരമ്പര്യം സഭാമക്കൾക്ക് എന്നും എന്നേക്കും നക്ഷത്ര തിളക്കമായി ഈ ലോകത്തിൽ ആകമാനം പടരുവാൻ പരിശുദ്ധ പരുമല തിരുമേനിയുടെ മധ്യസ്ഥത നാമോരോരുത്തർക്കും കാവലും കോട്ടയുമായി തീരട്ടെ.

**– സാം ഫിലിപ്പ്,** *ചീഫ് എഡിറ്റർ*

## മാർ തോമാ ശ്ലീഹായുടെശ്ലൈഹിക സിംഹാസനത്തിൽ
## അനുഗ്രഹീതമായ ദശാബ്ദക്കാലം പിന്നിടുന്ന
## പരിശുദ്ധ ബാവാ തിരുമേനിക്ക്

# പ്രാർത്ഥനാപൂർവ്വമായ ആശംസകൾ...



മാർ തോമാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിൽ വാഴുന്ന പൗരസ്ത്യ കതോലിക്കയും മലങ്കര
മെത്രാപ്പോലീത്തയുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ
കതോലിക്ക ബാവായുടെ കതോലിക്ക സ്ഥാനാരോഹണത്തിന്റെ പത്താം വാർഷികത്തിൽ
മസ്ക്കറ്റ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ പ്രാർത്ഥനാപൂർവ്വമായ ആശംസകൾ...



# രക്ഷാകർതൃത്വം

പരിശുദ്ധനായ പൗലോസ് ശ്ലീഹ എഫേസ്യർക്ക് എഴുതിയ ലേഖനം 6:4–ൽ പറയുന്ന "പിതാക്കന്മാരെ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവീൻ". ഈ വാക്യത്തിന്റെ ഇംഗ്ലിഷിലുള്ള വിവർത്തനം കുറച്ചു കൂടി വ്യക്തതയുള്ളതാണ്, **'fathers, do not provoke your children to anger, but bring them up in the discipline and instruction of our Lord'**. പ്രസ്തുത വാക്യത്തിൽ ഉൾപ്പെട്ട പ്രധാനപ്പെട്ട വാക്കുകൾ 1, കോപം 2, പ്രകോപിപ്പിക്കുക, 3, അച്ചടക്കം, 4, ഉപദേശം എന്നിവയാണ്. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യം എല്ലാവർക്കും മനസിലാകും. എന്നാൽ അതിന്റെ പ്രായോഗിക തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ അനേകം മാതാപിതാക്കന്മാർക്ക് കഴിയുന്നില്ല.

പരിശുദ്ധനായ പൗലോസ് ശ്ലീഹ പത്തൊമ്പത് നൂറ്റാണ്ടുകൾക്ക് മുൻപ് വളരെ ആഴത്തിൽ ഉൾക്കൊണ്ടു കൊണ്ട് എഫേസ്യയിലുള്ള ആളുകൾക്ക് മേൽ ഉദ്ധരിച്ച വാക്യം ലേഖനത്തിൽ എഴുതി. മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾ ശിശുവായിരിക്കുമ്പോൾ മുതൽ ശാരീരികമായും വികാരപരമായും സാമൂഹികമായും ബുദ്ധിപരമായും ആത്മീയപരമായും വളരുന്നതിന് വേണ്ടി സഹായിക്കുകയും പ്രയത്നിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് രക്ഷാകർതൃത്വം. മാതാവോ പിതാവോ അല്ലെങ്കിൽ രണ്ടുപേരും ഇല്ലാത്ത അവസ്ഥയിൽ ബന്ധുമിത്രാദികളുടെ ഇടപെടൽ ആ കുഞ്ഞുങ്ങളുടെ വളർച്ചയെ സഹായിക്കുന്നു.

മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവചരിത്രം പഠിക്കുമ്പോൾ ഈ കാര്യം വളരെ പ്രസക്തമാണ്. കൊച്ചയ്പ്പോര എന്ന ബാല്യ കാല പേരിന് ഉടമയായിരുന്ന തിരുമേനിയുടെ ശൈശവത്തിൽ തന്നെ തന്റെ മാതാവ് നിര്യാതയായി. പിന്നീട് കൊച്ചയ്പ്പോരയെ വളർത്തിയത് തന്റെ മൂത്ത സഹോദരി മറിയം ആയിരുന്നു. കൂടാതെ, തന്റെ പിതാവിന്റെ സഹോദരൻ അവിവാഹിതനായ ഗീവർഗ്ഗീസ് മല്പാനച്ചന്റെ പരിശീലനത്തിൽ സുറിയാനിയും, സുറിയാനി ഗീതങ്ങളും, പ്രാർത്ഥനകളും വളരെ ഹൃദ്യമായി പഠിക്കുവാനും പാടുവാനും കഴിവുള്ള ഒരു ബാലനായി വളർന്നു. കൊച്ചയ്പ്പോരയെ അഥവാ ഗീവർഗീസിനെ "പരിശുദ്ധ പരുമല തിരുമേനി" എന്ന നിലയിൽ വലിയ വിശുദ്ധനാക്കി മാറ്റിയത്, തനിക്ക് ചെറുപ്പം മുതൽ ലഭിച്ച രക്ഷാകർതൃത്വമായിരുന്നു.

പൗലോസ് ശ്ലീഹ പറഞ്ഞു കുഞ്ഞുങ്ങളെ ദേഷ്യത്തിലേക്ക് പ്രകോപിപ്പിക്കരുത്. രക്ഷകർത്താക്കൾ ശിശു മനഃശാസ്ത്രം മനസ്സിലാക്കേണ്ടത് അത്യന്താപേഷിതമാണ്. പരിശുദ്ധ ദൈവമാതാവ് യൂണിവഴ്സിറ്റിയിൽ പോയി പഠിച്ചതിനുശേഷമല്ല ബാലനായ യേശുവിനെ വളർത്തിയത്. അതുപോലെ നമ്മുടെ അനേകം പൂർവ്വികന്മാർ മക്കളെ വളർത്തിയത് മനഃശാസ്ത്രം കോളജിൽ പഠിച്ചതിനു ശേഷമല്ല. എന്നാൽ അവർക്ക് വിവേകവും ജ്ഞാനവും ദൈവഭയവും ദൈവകൃപയും പ്രാർത്ഥനാ ജീവിതവും അനുയോജ്യമായ ജീവിതചര്യയും ഉണ്ടായിരുന്നു. അങ്ങനെ മാതൃകയുള്ള മാതാപിതാക്കൾ കുഞ്ഞുങ്ങളോട് ഇടപെടുമ്പോൾ മക്കൾ എല്ലാ ബഹുമാനാദരവുകളോടുകൂടി മാതാപിതാക്കളെ അനുസരിക്കുകയും അനുകരിക്കുകയും ചെയ്യുന്നു. മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതം മക്കളെ സ്വാധീനിക്കുന്നു. നല്ല മാതാപിതാക്കൾ മക്കളെ ദേഷ്യാവസ്ഥയിലേക്ക് പ്രകോപിപ്പിക്കയില്ല.

ദേഷ്യം അഥവാ കോപം ഒരു കത്തിപോലെയാണ്. കത്തികൊണ്ട് പച്ചക്കറി അരിയാം അതേ സമയം തന്നെ മനുഷ്യനെ ഉപദ്രവിക്കുകയും ചെയ്യാം. ആയുധമാകുന്ന കോപം ഉപയോഗിക്കുമ്പോൾ ആരോട്, എന്തിന്, എവിടെ വച്ച്, എപ്പോൾ എന്നീ കാര്യങ്ങൾ ചിന്തിക്കുകയും വികാരം വരുമ്പോൾ വിവേകം നഷ്ടപ്പെടാതെ ആവശ്യത്തിന് മാത്രം ഉപയോഗിക്കുവാനുള്ള തിരിച്ചറിവ് രക്ഷാകർത്താക്കൾക്ക് ഉണ്ടായിരിക്കുകയും വേണം. കുടുംബത്തിലും സമൂഹത്തിലും സമാധാനം ഉണ്ടാകണമെങ്കിൽ ഈ തിരിച്ചറിവ് അനിവാര്യമാണ്.

സനാതന മൂല്യങ്ങൾ നിറഞ്ഞുതുളുമ്പുന്ന വിവിധ മതങ്ങളുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും കുട്ടിക്കാലത്ത് തന്നെ ഒരു വ്യക്തിക്ക് ലഭിച്ചാൽ ആ വ്യക്തി അതിൽ നിന്ന് വ്യതിചലിക്കാതെ, മൂല്യച്യുതിയുണ്ടാകാതെ ജീവിക്കും. മാതാപിതാക്കളുടെ പക്വതയുള്ള ജീവിത ശൈലി കുഞ്ഞുങ്ങളെ ആകർഷിക്കുകയും കുഞ്ഞുങ്ങൾ ജീവിതത്തിൽ ആ മൂല്യങ്ങൾ സ്വാംശീകരിച്ച് ഉന്നത പടവുകൾ കയറി ഈശ്വര പ്രസാദമുണ്ടാക്കും. മതങ്ങളുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വായത്തമാക്കുന്ന വ്യക്തികൾ പ്രത്യേകിച്ച് കൗമാരപ്രായക്കാർ അച്ചടക്കമുള്ളവരായി പരിണമിക്കും. സനാതന മൂല്യങ്ങളുടെ സ്വാധീനവും അച്ചടക്കവും ഏതൊരു മാതാപിതാക്കളും അവരുടെ കുഞ്ഞുങ്ങളെ യാതൊരു കാരണവശാലും ദേഷ്യാവസ്ഥയിലേക്ക് പ്രകോപ്പിക്കുകയില്ല. അതുകൊണ്ട് പൗലോസ് ശ്ലീഹ വളരെ ആധികാരികമായി മുകളിൽ പ്രസ്താവിച്ച പ്രകാരം പിതാക്കന്മാരെ എന്ന് സംബോധന ചെയ്ത് ഉപദേശിച്ചു. നല്ല മാതാപിതാക്കൾ ഈ ഉപദേശം തങ്ങളുടെ മക്കളുടെ വളർച്ചക്കുവേണ്ടി നിർവ്വഹിക്കും.

ദൈവം അനുഗ്രഹിക്കട്ടെ!

എന്ന് നിങ്ങളുടെ സ്വന്തം,

**പി. ഒ. മത്തായിയച്ചൻ**


## സ്മരണാഞ്ജലി

**പതിമൂന്നാം ഓർമ്മപ്പെരുന്നാൾ**



**H.G. Dr. Stephanos Mar Theodosius**

**മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക – മസ്കറ്റ്**



സ്മരണാഞ്ജലി

# മലങ്കര സഭയുടെ 'ഭിലായ് ബാബാ'

ഭാഗ്യസ്മരണാഹർനായ
അഭിവന്ദ്യ ഡോ. സ്തേഫാനോസ്
മാർ തേവോദോസിയോസ് തിരുമേനിയുടെ
13-ാം ഓർമ്മ – നവംബർ 5

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മഹാപുരോഹിതനാണ് 'ഭിലായ് ബാബാ' എന്നറിയപ്പെടുന്ന അഭിവന്ദ്യ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനി. തികഞ്ഞ മനുഷ്യസ്നേഹി, ഉത്തമ സന്യാസി, ദീർഘ വീക്ഷകൻ, മികച്ച മിഷനറി പ്രവർത്തകൻ, അശരണരുടെ രക്ഷകൻ, അത്മീയ നേതാവ് തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര കൊണ്ടും സ്നേഹം കൊണ്ടും ജനമനസ്സുകൾ കീഴടക്കിയ മഹാ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മാർ തേവോദോസിയോസ്.

കോട്ടയം പാത്താമുട്ടം കൈയ്യലത്ത് കുടുംബത്തിൽ കുര്യന്റെയും മറിയാമ്മയുടെയും അഞ്ചാമത്തെ പുത്രനായി 1924 ഒക്ടോബർ 2–ന് കെ. കെ. പുന്നൂസ് ജനിച്ചു. ചെറുപ്പകാലം മുതൽ തന്നെ ആത്മീകവും പഠനപരവുമായ കാര്യങ്ങളിൽ പുന്നൂസ് മികവ് പുലർത്തിയിരുന്നു. 1942–ൽ മലയാളം ഉന്നത പരീക്ഷ അദ്ദേഹം പാസായി. അതെ തുടർന്ന് ചങ്ങനാശേരിയിൽ നിന്ന് 1943–ൽ അധ്യാപക പരിശീലന പരീക്ഷയിലും, 1946 ഏപ്രിലിൽ എസ്.എസ്.എൽ.സി. പരീക്ഷയിലും അദ്ദേഹം മികച്ച വിജയം കരസ്ഥമാക്കി. 1946 ഏപ്രിൽ 25–ന് പാത്താമുട്ടം സ്ലീബ പള്ളിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതിയൻ കാതോലിക്ക അദ്ദേഹത്തിന് ശെമ്മാശ സ്ഥാനം നൽകുകയും, 1947–ൽ പൗരോഹിത്യ ഗണത്തിലേക്ക് ഉയർത്തുകയും ചെയ്തു. 1952 ഏപ്രിൽ ഒന്നിന് ഇടവക വികാരിയായി മധ്യപ്രദേശിലെ ജബൽപൂരിൽ നിന്നും ആത്മീക സേവനങ്ങൾക്ക് തുടക്കം കുറിച്ചു. 1952 ഏപ്രിൽ ആറിന് കാതോലിക്കാ ദിനത്തിൽ ജബൽപൂരിലെ ഗാരിസൺ പള്ളിയിൽ കേരളത്തിന് പുറത്ത് അദ്ദേഹം ആദ്യത്തെ വിശുദ്ധ കുർബാന അർപ്പിക്കുകയും ജബൽപൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി രൂപീകരിക്കുകയും ചെയ്തു.

വൈദിക ജീവിതത്തോടൊപ്പം തന്നെ ഫാദർ കെ.കെ. പുന്നൂസ് ജബൽപൂരിലെ ഡി.എൻ. ജെയിൻ കോളേജിൽ നിന്ന് 1955–ൽ ഹിസ്റ്ററിയിൽ ബിരുദം കരസ്ഥമാക്കി. 1957–ൽ ഭിലായ് ഓർത്തഡോക്സ് ദേവാലയം രൂപീകരിച്ചു ആദ്യത്തെ വിശുദ്ധ കുർബാന അർപ്പിച്ചു. 1957 ഡിസംബറിൽ ഭോപ്പാൽ ഓർത്തഡോക്സ് ഇടവകയുടെ ആദ്യത്തെ വികാരിയായി ഫാ.കെ.കെ പുന്നൂസ് നിയമിതനായി. 1952 മുതൽ 1958 വരെയുള്ള കാലഘട്ടങ്ങളിൽ ഉത്തരേന്ത്യയിൽ ന്യൂഡൽഹി, ഭോപ്പാൽ, ഭിലായ്,സത്ന, രേവ, കാൺപൂർ, ലഖ്നൗ തുടങ്ങിയ സ്ഥലങ്ങളിലെ ദേവാലയങ്ങൾ സന്ദർശിച്ചു വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു.


1958–ൽ ചരിത്രത്തിൽ ബിരുദാനന്തര ബിരുദം ജബൽപൂരിലെ മഹാകോഷൽ മഹാവിദ്യാലയത്തിൽ നിന്ന് കരസ്ഥമാക്കി. 1959–60 കാലങ്ങളിൽ മുംബൈ ദാദറിലെ സെന്റ് മേരീസ് പള്ളിയിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. 1961–ൽ മലയ, സിംഗപ്പൂർ തുടങ്ങിയ ഇടവകകളിലെ വികാരി ആയി നിയമിക്കപ്പെട്ടു. 1965–ൽ അമേരിക്കയിലെ ന്യൂയോർക്കിൽ ജനറൽ തിയോളജിക്കൽ സെമിനാരിയിൽ പ്രവേശനം ലഭിക്കുകയും ബി.ഡി. ബിരുദം കരസ്ഥമാക്കുകയും ചെയ്തു. 1967–ൽ കണക്റ്റിക്കട്ടിലുള്ള ന്യൂ ഹാവനിലെ യേൽ യൂണിവേഴ്സിറ്റി കാമ്പസിലെ ബെർക്ലി ഡിവിനിറ്റി സ്കൂളിൽ നിന്ന് എസ്.ടി.എം. ബിരുദവും കരസ്ഥമാക്കി. 1967 മുതൽ 1972 വരെ അദ്ദേഹം ബഹ്റൈൻ സെന്റ് മേരീസ് വികാരിയായി സേവനം അനുഷ്ഠിച്ചു.

1972–ൽ അഭിവന്ദ്യ മാത്യൂസ് മാർ അത്തനാസ്യോസ് (പ. ബസ്സലേലിയോസ് മാർത്തോമ മാത്യൂസ് ഒന്നാമൻ ബാവ) ഫാ. കെ.കെ. പുന്നൂസിന് മലങ്കര ഓർത്തഡോക്സ് സഭയുടെ ഗ്രാമീണ മിഷണറി പ്രവർത്തനങ്ങളുടെ ഭാഗമായ ഭിലായ് മിഷൻ ഡയറക്ടറായി ചുമതലപ്പെടുത്തി. ഭോപ്പാൽ, ജബൽപൂർ, ഇൻഡോർ, കൊൽക്കത്ത, ഭണ്ഡാര, ബൊക്കാറോ തുടങ്ങി നിരവധി സ്ഥലങ്ങളിലേക്ക് ഈ മിഷനറി ദൗത്യം വ്യാപിച്ചു.

1974 ഒക്ടോബർ 2–ന് നിരണത്ത് വച്ച് നടന്ന മലങ്കര സുറിയാനി അസോസിയേഷനിൽ ഫാ. എം.വി. ജോർജ്, ഫാ. പോൾ വർഗ്ഗീസ്, ഫാ. കെ.സി. തോമസ്, ഫാ. പി.വി. ജോസഫ് എന്നിവർക്കൊപ്പം ഫാ. കെ.കെ. പുന്നൂസിനെയും മെത്രാപ്പോലീത്തൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1975 ഫെബ്രുവരി 15–ന് പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് ദാനിയേൽ മാർ പീലെക്സിനോസ് മെത്രാപ്പോലീത്ത അദ്ദേഹത്തെ ദയറൂസോ (റമ്പാൻ) സ്ഥാനത്തേക്ക് ഉയർത്തി. 1975 ഫെബ്രുവരി 16 –ന് നിരണം വലിയ പള്ളിയിൽ വച്ച് കിഴക്കിന്റെ കതോലിക്കാ പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ അദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിച്ചു. തുടർന്ന് മദ്രാസ് ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായി ചുമതലയേറ്റു.

1979 ജനുവരി ഒന്നിന് കൽക്കട്ട ഭദ്രാസനം രൂപികരിച്ചപ്പോൾ അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി സ്തേഫാനോസ് മാർ തേവോദോസിയോസിനെ നിയോഗിച്ചു. അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമ ഫലമായി 1986 ജനുവരി 25–ന് ഭദ്രാസന ആസ്ഥാന മന്ദിരവും ചാപ്പലും പണിതുയർത്തി. യുവതീ–യുവാക്കളിൽ ഉയർന്ന ബിരുദം കരസ്ഥമാക്കണം എന്ന വീക്ഷണത്തോടെ 1986–ൽ സെന്റ് തോമസ് കോളേജിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു.

*(ശേഷം പേജ് 16–ൽ)*



# വിശുദ്ധിയുടെ പ്രഭയും പ്രബലതയും

— അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ്, *അങ്കമാലി ഭദ്രാസനം*

‘പരിശുദ്ധ പിതാവേ, അവർ നമ്മെ പോലെ ഒന്നാകേണ്ടതിനു നീ എനിക്ക് തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ'. (വി. യോഹ. 17:11) പരസ്യ ശുശ്രൂഷയുടെ അവസാനം കഷ്ടാനുഭവത്തിനു മുമ്പുള്ള നമ്മുടെ കർത്താവിന്റെ മഹാപുരോഹിത പ്രാർത്ഥനയിലെ വാക്കുകളാണിത്. വീണ്ടും നമ്മുടെ കർത്താവു പിതാവിനോട് പ്രാർത്ഥിച്ചു പറയുന്നു ‘അവരും സാക്ഷാൽ വിശുദ്ധികരിക്കപ്പെട്ടവരാകേണ്ടതിനു ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധികരിക്കുന്നു'. നമ്മുടെ കർത്താവിന്റെ നമ്മെ കുറിച്ചുള്ള ആശയും പ്രത്യാശയും മഹാപുരോഹിത പ്രാർത്ഥനിയിലെ ഈ വചനങ്ങളിൽ വളരെ ശ്രദ്ധേയമാണ്. വിശുദ്ധ കുർബാനയിൽ കാസയും പീലാസയും ഉയർത്തി ആഘോഷിക്കുമ്പോൾ കാർമ്മീകൻ പ്രഖ്യാപിക്കുന്നു ‘ഈ വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും നൽകപ്പെടുന്നു'. അതിനുള്ള മറുപടി വിശ്വാസ സമൂഹം പറയുന്നത് ‘പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ ഏക പുത്രനും പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധനില്ല'. അപ്പോൾ ഉടലെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സംശയം നാം എങ്ങനെ പിന്നെ അത് അനുഭവിക്കും. പട്ടക്കരാൻ പ്രഖ്യാപിക്കുന്നു, ‘കരുണയോടെ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏക പിതാവ് നമ്മോടുകൂടെ. ജനം' അപ്രകാരം തന്നെ' എന്നു പറയുന്നു. വീണ്ടും കാർമ്മികൻ ചൊല്ലുന്നു, ‘തന്റെ വിലയേറിയ കഷ്ടാനുഭവത്താൽ ലോകത്തെ രക്ഷിച്ച പരിശുദ്ധനായ ഏക പുത്രൻ നമ്മോടുകൂടെ'. അതിനു വിശ്വാസ സമൂഹം ‘അപ്രകാരം തന്നെ' എന്നു മറുപടി പറയുന്നു. വീണ്ടും കാർമ്മികൻ ചൊല്ലുന്നു, ‘ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാകുവാനുള്ളതും ആയ സർവ്വത്തെയും പൂർണമാക്കുന്ന ജീവനുള്ള പരിശുദ്ധ റൂഹായും നമ്മോടു കൂടെ'. കർത്താവിന്റെ തിരുനാമം ആദി മുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ ‘അപ്പോഴും വിശ്വാസ സമൂഹം' അപ്രകാരം തന്നെ' എന്ന് അത്യുച്ചത്തിൽ ചൊല്ലുന്നു. തുടക്കത്തിൽ കർത്താവു പിതാവിനോട് പ്രാർത്ഥിച്ച് പറഞ്ഞ വാക്കുകളുടെ വിശദീകരണം തന്നയെയാണ് ഇവിടെയും. അത് നമ്മെ ശക്തീകരിക്കുകയും ബലപ്പെടുത്തുകയും ചെയ്യണം. പരിശുദ്ധ ത്രിത്വത്തോടൊപ്പം നാം ഏകീഭവിക്കണമെങ്കിൽ നമ്മളിൽ കറകളും ചുളിവുകളും പാടില്ലല്ലോ. ഹിമത്തിൽ കളങ്കം പറ്റിപിടിച്ചിരിക്കയില്ല എന്ന് നാം പഠിക്കുന്നു. നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട് ‘ഐസ്കട്ടയിൽ പെയിന്റടിക്കാൻ പറ്റുമോ?' 51-ാം സങ്കീർത്തകനായ ദാവീദ് ചൊല്ലുന്നു. ‘ഹിമത്തെക്കാൾ എന്നെ വെണ്മയുള്ളവനാക്കി തീർക്കേണമേ നിന്റെ സോപ്പാകൊണ്ട് എന്നെ തളിക്കണമേ'.




ആത്മീയതയും അഖണ്ഡതയും മനുഷ്യ മനസ്സിൽ പിറക്കുന്നത് ഈ അവസ്ഥയിലാണ്. ഈ അവസ്ഥയിൽ മാത്രമേ ദൈവീക സാന്നിധ്യ ബോധം നമ്മിൽ പിറവി എടുക്കുകയുള്ളു. അല്ലെങ്കിൽ നമ്മുടെ കുറവുകളെ കുറിച്ച് ബോധ്യം വരികയുള്ളു. മഹത്വമുള്ളവനായ യെശയ്യാ ദൈവസാന്നിധ്യം തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ തകർന്ന ഹൃദയത്തോടെ പറയുന്നുണ്ട്, ‘ഞാൻ ശുദ്ധി ഇല്ലാത്ത മനുഷ്യൻ ശുദ്ധി ഇല്ലാത്ത അധരമുള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു'. ആ അനുതാപം ധാരാളം മതിയായിരുന്നു, വിശുദ്ധ കുർബാനയുടെ മുൻകുറിയായി യെശയ്യാ കൊടിലു കൊണ്ട് യാഗപീഠത്തിൽ നിന്ന് തീക്കനൽ എടുത്തു തൊടുവിക്കുന്നു എന്നിട്ട് പറയുന്നു, ‘ഇത് നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ പാപങ്ങൾക്ക് പരിഹാരം വന്നിരിക്കുന്നു'. കാണാതെ പോയ മകൻ മുഷിഞ്ഞു നാറിയ വസ്ത്രവുമായിട്ടാണ് വന്നത്. അവനെ കുളിപ്പിച്ചൊരുക്കി മേൽത്തരം വസ്ത്രം ധരിപ്പിച്ചു, കൈയ്ക്ക് മോതിരവും കാലിനു വിലയേറിയ ചെരിപ്പും ധരിപ്പിച്ചു മനോഹരമായ സദ്യയിലേക്കു പ്രവേശിപ്പിക്കുന്നു. നാം ആ കല്യാണ വസ്ത്രം നഷ്ടപ്പെടുത്തരുത് എന്ന് കർത്താവു ആഗ്രഹിക്കുന്നു. കല്യാണവിരുന്നിനു വിളിച്ചവരുടെ കൂട്ടത്തിൽ കല്യാണ വസ്ത്രം ഇല്ലാത്തവനെ പുറത്താക്കിയതിൽ നിന്ന് നാം പാഠം പഠിക്കണം. നമുക്ക് അത് ലഭിച്ചത് വിശുദ്ധ മാമോദീസയിൽ കൂടിയാണ്. അതുകൊണ്ടു നമ്മിൽ നിന്ന് കാപട്യം, വഞ്ചന, ചതി, സ്വയപ്രശംസ, ശത്രു നിഗ്രഹ ചിന്ത തുടങ്ങിയ നിഷേധാത്മ ചിന്തകൾ മാറി ശുഭാത്മകത അതായതു പോസിറ്റീവ് എനർജി ഉടലെടുത്താൽ മാത്രമേ വിശുദ്ധ ത്രിത്വത്തോട് ഏകീഭവിക്കൂ. വിശുദ്ധിയാണ് ഏറ്റവും വലിയ ശക്തി, വിശുദ്ധിയുടെ മുൻപിൽ ഏതു ശക്തിയും നിന്ന് വിറക്കും. ദൈവാത്മാവ് വസിക്കുന്ന വ്യക്തികൾ അങ്ങനെ ആയിത്തീരും. മോശയുടെ പിൻഗാമി ആയ യോശുവയോട് യഹോവ കല്പിക്കുന്നത് ശ്രദ്ധിക്കണം, ‘നീ ധൈര്യമായിരിക്കൂ ഞാൻ നിന്നോടു കൂടെ ഉണ്ട്'. സങ്കീർത്തകൻ പറയുന്നു ‘ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കും. അവൻ വീണാലും നിലംപരിചാകയില്ല. യഹോവ അവനെ കൈയ്പിടിച്ചു താങ്ങും' (സങ്കീർത്തനം 37:23-24).

ഈ സവിശേഷ സിദ്ധി വിശേഷം ജീവിതകാലത്തും വാങ്ങിപ്പിനു ശേഷവും രൂഢമൂലമായിരുന്ന വ്യക്തിത്വത്തിനുടമയാണ് പരിശുദ്ധ പരുമല തിരുമേനി. ഈ ആത്മീയ ബന്ധം എല്ലാ പ്രതിസന്ധികളെയും തരണം ചെയ്തു തന്റെ കർമ്മമണ്ഡലത്തെ പുതിയ ചക്രവാളങ്ങളിൽ എത്തിക്കുവാൻ പരിശുദ്ധനെ പ്രാപ്തനാക്കി. നവീകരണ പ്രസ്ഥാനങ്ങൾ ഉണ്ടാക്കിയ കോളിളക്കങ്ങൾ, പരിഭ്രാന്തിയും ഭീതിയും ഇല്ലാതെ നേരിട്ടത് ഈ സിദ്ധിവിശേഷം കൊണ്ടാണ്. ധ്യാനം, വേദപുസ്തക പാരായണം, നോമ്പ്, ഉപവാസം എന്നിവയുടെ പിൻബലത്തോടെ തന്റെ പ്രജ്ഞ ദൈവത്തോളം ഉയർത്തുവാൻ കഴിഞ്ഞു. ശിഷ്യർക്ക് തന്റെ ജീവിതാനുഭവത്തിലൂടെ ഇവ പകരപ്പെടുകയാണ് ചെയ്തത്. ഒന്നിൽ നിന്ന് മറ്റൊന്നിലേക്കു പകരപ്പെടുകയാണല്ലോ ഏറ്റവും വലിയ സംഗതി. തന്റെ ശിക്ഷ്യരിൽ വിശുദ്ധിയിൽ തികഞ്ഞവരായി എത്രയോ അധികം പേർ. ശിഷ്യരിൽ തന്നെ വ്യത്യസ്ത അഭിപ്രായങ്ങളിൽ സ്ഥിതി ചെയ്യുന്നവർ പോലും ആത്മീയ അനുഭവത്തിൽ ഏകീഭവിച്ചവരായിരുന്നു. അതിനു ഉദാഹരണമായിരുന്നു പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവയും ആലുവയിലെ വലിയ തിരുമേനിയും. ശിഷ്യർക്ക് പകർന്നു കിട്ടിയ ഏറ്റവും വലിയ ശക്തിവിശേഷം സന്യാസത്തിന്റെ പ്രഭയും പ്രബലതയും ആണ്. അത്രക്ക് തപസ് കൊണ്ട് സ്ഫുടം ചെയ്തതായിരുന്നു പരി. പരുമല തിരുമേനിയുടെ ജീവിതം. അങ്ങനെ സ്ഫുടം ചെയ്തതതായതു കൊണ്ടാണ് വാങ്ങിപ്പിനു ശേഷവും ആ കബർ സ്ഥിതി ചെയ്യുന്നിടത്തു നിന്ന് പ്രഭയും പ്രബലതയും പ്രസരിക്കുന്നത്. എലീശയുടെ മരണശേഷം ഉണ്ടായ ഒരു സംഭവം 2 രാജാക്കന്മാർ 13:20,21,22-ൽ ഉണ്ട്. ‘എന്നാൽ എലീശാ മരിച്ചു; അവർ അവനെ അടക്കം

*(ശേഷം പേജ് 15-ൽ)*



# കെ. എ. ഫിലിപ്പ് റമ്പാൻ: മലങ്കരയുടെ മിഷണറി ജ്യോതിസ്



— റവ. ഫാ. ജിനേഷ് വർക്കി

**(റമ്പാച്ചനെ കൂടാതെയുള്ള സഭയുടെ മിഷൻ ചരിത്രം അപൂർവ്വം)**
**അനുഭവ കുറിപ്പുകളിൽ കൂടി റമ്പാച്ചന്റെ ജീവിതത്തെ വരച്ചു കാട്ടാനാണ് ഈ ലേഖനത്തിൽ കൂടി ആഗ്രഹിക്കുന്നത്**

റമ്പാച്ചനെ കുറിച്ച് ആദ്യമായി എനിക്കു പറഞ്ഞു തന്നത് കോട്ടയം പനയമ്പാലയ്ക്കടുത്തുള്ള അക്രൈസ്തവരായ രണ്ടു കുടുംബങ്ങൾ ആണ് വ്യക്തികളുടെ പേര് ഇവിടെ പ്രതിപാദിക്കുന്നില്ല. ഫിലിപ്പ് റമ്പാച്ചൻ അച്ചനായി പനയ്മ്പാല ബാല ഭവനിൽ പ്രവർത്തിക്കുന്ന അവസരത്തിൽ കുട്ടികളുടെ ഭക്ഷണത്തിനായി വിറക് വാങ്ങുവാനായി ഒരാളെ ചുമതലപ്പെടുത്തി ഇദ്ദേഹം മരം വെട്ടിയ ഒരു ഭവനത്തിൽ ചെന്ന് ഈ ആവശ്യം അറിയിക്കുകയും വിറക് കൊടുക്കാമെന്ന് പറയുകയും വില ഉറപ്പിക്കുകയും ചെയ്തു, എന്നാൽ ഫിലിപ്പച്ചനെ കൂട്ടി വിറക് വാങ്ങാനായി ആ ഭവനത്തിൽ ചെന്നപ്പോൾ ഗൃഹനാഥൻ വിറകിന് മുൻപ് പറഞ്ഞതിനേക്കാൾ കൂടുതൽ വില പറഞ്ഞു സാമ്പത്തികമായി പ്രയാസമുണ്ടായതിനാൽ ഫിലിപ്പച്ചനത് വാങ്ങാൻ കഴിഞ്ഞില്ല അനാഥരായ കുട്ടികളുടെ ഭക്ഷണത്തിന് വേണ്ടിയാണ് വിറക് ചോദിച്ചത്. കുറഞ്ഞ വിലയ്ക്ക് തരുമോ എന്ന് ആവർത്തിച്ച് ചോദിക്കുകയും ചെയ്തു എന്നാൽ ഗ്രഹനാഥൻ കർക്കശത്തോടെ തരികയില്ലന്ന് പറഞ്ഞു. ഫിലിപ്പച്ചനും കൂടെ വന്നയാളും വളരെ വിഷമത്തോടുകൂടി തിരികെപ്പോയി, അന്ന് രാത്രി ആ ഭവനത്തിലെ അമ്മ രോഗബാധിതയായി ആശുപത്രിയിൽ കൊണ്ടുപോകാനായി ഒരുങ്ങിയപ്പോൾ ആ അമ്മ അവരോടു പറഞ്ഞു കാവ്യ വസ്ത്രധാരിയായ ഒരാളും കുറെ കുഞ്ഞുങ്ങളും കരയുന്നപോലെ മനസ്സിൽ കാണുന്നു. ഉടനെ ഗൃഹനാഥന് കാര്യം മനസ്സിലായി. അവർ വെളുപ്പിനെ തന്നെ സ്വന്തം ചിലവിൽ വിറക് ബാലഭവനത്തിൽ കൊണ്ടുവന്ന് കൊടുക്കുകയും ചെയ്തു.

രണ്ടാമതായി, നിരണം ഭദ്രാസനത്തിൽപ്പെട്ട ഒരു ഇടവകയിൽ ഫിലിപ്പച്ചൻ ഞായറാഴ്ച പ്രാർത്ഥനായോഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ വൃദ്ധരായ ദമ്പതികൾ പ്രയാസപ്പെട്ട് അവരുടെ വീടിന്റെ ചോർച്ച നീക്കുവാനായി ഓല മേയാൻ ശ്രമിക്കുന്നത് കണ്ടു. പ്രാർത്ഥനായോഗം തീർന്നയുടനെ ഫിലിപ്പച്ചൻ അവരോട് പറഞ്ഞു: “നമ്മുടെ പ്രാർത്ഥന പൂർത്തിയാകണമെങ്കിൽ കഷ്ടപ്പെടുന്നവരുടെയും വേദനിക്കുന്നവരുടെയും പ്രയാസങ്ങളിൽ സഹായിക്കണം” എന്ന് പറഞ്ഞുകൊണ്ട് ഉടനെ ഫിലിപ്പച്ചൻ പങ്കെടുത്തവരെ കൂട്ടിക്കൊണ്ട് ആ ഭവനത്തിൽ പോയി അച്ചന്റെ നേതൃത്വത്തിൽ അന്നത്തെ മഴയ്ക്കു മുൻപ് പുര മേഞ്ഞു കൊടുത്തു. അവർ കണ്ണുനീരോടെ കട്ടൻ കാപ്പിയിട്ടു കൊടുത്തു. എന്നാൽ ചിലർ ആ ഭവനത്തിൽ നിന്ന് കാപ്പി കുടിക്കാൻ താല്പര്യം കാണിച്ചില്ല. എന്നാൽ ഫിലിപ്പച്ചൻ ഉടൻ തന്നെ കൈ നീട്ടി അവരുടെ കൈയ്യിൽ നിന്നും കാപ്പി വാങ്ങി കുടിച്ചു. അതുവഴി ആ കർമ്മത്തിൽ പങ്കെടുത്ത വ്യക്തികളുടെ ജീവിതത്തെ ഒത്തിരി സ്വാധീനിച്ചു, ഒരേ സമയം പ്രാർത്ഥനയോടൊപ്പം പ്രവർത്തിയും വേണമെന്നും കഷ്ടപ്പെടുന്നവരിൽ യേശുവിന്റെ മുഖം കാണണമെന്നും റമ്പാച്ചൻ അവരെ ഉപദേശിച്ചത് പലരും ഇന്നും അത് ജീവിതാനുഭവമായി സാക്ഷ്യപ്പെടുത്തുന്നു.

2003–ൽ ബാംഗ്ലൂർ ദയാഭവനിൽ എയിഡ്സ് രോഗികളുടെ കുട്ടികൾക്ക് വേണ്ടി സ്ഥലം വാങ്ങിച്ച് ചെറിയ കുടിലിൽ ഞാനും റമ്പാച്ചനും താമസിച്ച് പ്രവർത്തനം ആരംഭിച്ചു. ആ സമയങ്ങളിൽ ഇടയ്ക്ക് ദയാഭവനിൽ വരുന്ന അവസരത്തിൽ പറമ്പിലൂടെ റമ്പാച്ചൻ നടക്കാൻ പോയപ്പോൾ വൃക്ഷങ്ങൾക്ക് വേണ്ടി റമ്പാച്ചൻ പ്രാർത്ഥിക്കുകയും എന്നെ കൊണ്ട് പ്രാർത്ഥിപ്പിക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ, താമസിക്കുന്ന സ്ഥലത്തിന്റെ മറുവശത്തുള്ള പറമ്പിൽ പോയപ്പോൾ ഞാൻ റമ്പാച്ചനോട് പറഞ്ഞു നമ്മുടെ പറമ്പിൽ ഈ പ്ലാവു മാത്രം വളരുന്നില്ല അപ്പോൾ റമ്പച്ചൻ എന്റെയും റമ്പാച്ചന്റെയും കൈകൾ ആ പ്ലാവിന്റെ മേൽ വച്ചുകൊണ്ട് പ്രാർത്ഥിച്ചു. എല്ലാ ദിവസവും അച്ചൻ ഇവിടെ വരികയും ആ മരത്തിനു വേണ്ടി പ്രാർത്ഥിക്കുകയും പ്രത്യേക ശ്രദ്ധകൊടുക്കുകയും വേണമെന്ന് പറഞ്ഞു അത്ഭുതം എന്ന് പറയട്ടെ ആ പ്ലാവ് ഈ പറമ്പിലെ ഏറ്റവും ഉയരം കൂടീയ പ്ലാവ് ആയി മാറി. റമ്പാച്ചൻ ഉപദേശിച്ച ലോകത്തിന്റെ മുൻപിൽ എത്ര കഴിവില്ലന്ന് വിചാരിക്കുന്നതെന്തും പ്രാർത്ഥനയിൽ കൂടി പരിപാലിക്കുകയാണെങ്കിൽ ദൈവം അതിനെ ഉയർത്തും അത് മറ്റുള്ളവർക്ക് പ്രചോദനം ആയി തീരുമെന്നും പഠിപ്പിച്ചു. ഇത് ഒരേ സമയത്ത് പ്രകൃതിയെ കരുതണമെന്നും സ്നേഹിക്കണമെന്നും സമൂഹത്തിൽ തള്ളപ്പെട്ടവരെ പഠിപ്പിച്ച ഒരു അവസരമായിരുന്നു.

ഫിലിപ്പ് റമ്പാച്ചനെ എല്ലാവരും ഓർക്കുന്നതും പുതിയ തലമുറക്ക് പരിചയപ്പെടുത്തേണ്ടതും പ്രാർത്ഥനാപൂർവ്വമായ പ്രവർത്തിയിൽ കൂടി ദൈവസ്നേഹം പങ്കുവച്ച വ്യക്തി എന്ന നിലയിലും അതിന്റെ ഉത്തമ മാതൃകയായിട്ടുമാണ് അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലത്തെക്കുറിച്ച് പ്രതിപാദിക്കണമെങ്കിൽ വലിയ പുസ്തകങ്ങൾ തന്നെ എഴുതേണ്ടിവരും, ഫിലിപ്പ് റമ്പാച്ചന്റെ നേതൃത്വത്തിൽ അന്ന് തന്റെ ഒരോ യാത്രകളിലും ഒരോ ഇടപാടുകളിലും സമൂഹത്തിന്റെ ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി അതാത് സമയത്ത് പ്രവർത്തനപഥത്തിൽ എത്തിക്കാൻ ധീരതയോടെ പോരാടി ജയിച്ച ഒരു മഹത് വ്യക്തിയാണ് ഫിലിപ്പ് റമ്പാച്ചൻ തനിക്ക് കിട്ടിയ അവാർഡുകളും എല്ലാ പുതിയ പ്രവർത്തനങ്ങൾ തുടങ്ങാൻ വേണ്ടി റമ്പാച്ചനെ ഉപയോഗിച്ചു. എപ്പോഴും ഉറക്കത്തിൽ കാണുന്ന സ്വപ്നങ്ങളായിട്ടല്ല; ഉറങ്ങാത്ത സ്വപ്നങ്ങളായിട്ടാണ് പുതിയ പ്രവർത്തനങ്ങൾ റമ്പാച്ചനെയും റമ്പാച്ചന്റെ കൂടെയുള്ളവരെയും എപ്പോഴും പ്രചോദിച്ചുകൊണ്ടിരുന്നത്. മരിക്കുന്നതിന് ഒരാഴ്ച മുമ്പ് എല്ലാ പ്രവർത്തകരെയും റമ്പാച്ചൻ സ്ഥിരമായി വിളിക്കുകയും അവരുടെ ക്ഷേമങ്ങൾ പിതാവിന്റെ സ്ഥാനത്തു നിന്ന് അന്വേഷിക്കുകയും പ്രവർത്തനങ്ങളിൽ ധൈര്യപ്പെടുത്തുകയും ചെയ്യുമായിരുന്നു.

ഈ സ്നേഹവും ത്യാഗവും അനുഭവിച്ച് അറിയാൻ ഭാഗ്യം ലഭിച്ച അനേകരിൽ ഒരാളായ ഞാനും (നമ്മളും) ഭാഗ്യവാന്മാരാണ്. ലോകത്തിൽ ഇന്നും നന്മയുടെ അംശം കുറഞ്ഞു പോയിട്ടില്ലന്ന് തന്റെ പ്രവർത്തനങ്ങളിൽ കൂടി കാണിച്ചു തന്ന റമ്പാച്ചൻ എപ്പോഴും പറയുന്ന ‘ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം എനിക്ക് മതി’ തന്റെ ഗുരുനാഥന്റെ ആ വരികൾ, സ്നേഹനിധിയായ ആ പിതാവിന്റെ മുൻപിൽ നമുക്ക് ഒന്നിച്ച് നമിക്കാം പ്രാർത്ഥിക്കാം.



# വി: കുമ്പസാരം
## ഒരു ലഘുപഠനം

— സാജൻ പുകടിയിൽ സാബു (ID S519)



കർത്താവായ യേശുക്രിസ്തുവിന്റെ തിരുബലിയിൽ വിശ്വസിക്കുക, അനുഭവിക്കുക. അതിന് സഭ ക്രമീകരിച്ചിട്ടുള്ളതാണ് സത്യ കുമ്പസാരം. വിശുദ്ധ സഭ ക്രമീകരിച്ചിട്ടുള്ള ഏഴ് കൂദാശകളിൽ പ്രധാനപ്പെട്ടതാണ് വിശുദ്ധ കുമ്പസാരം. "അപ്രത്യക്ഷ നന്മകളുടെ പ്രത്യക്ഷങ്ങളായ ശുദ്ധികർമ്മങ്ങളാകുന്നു" കൂദാശകൾ. ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ നന്മയും അനുഗ്രഹവുമാണ് പാപക്ഷമ.

32–ാം സങ്കീർത്തനത്തിൽ ദാവിദ് പറയുന്നത് "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ, യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" എന്നാണ്. വി. ബൈബിളിൽ ഉൽപ്പത്തി മുതൽ വെളിപ്പാട് വരെയുള്ള 66 പുസ്തകങ്ങളിലും ദൈവത്തിനു മനുഷ്യരോടുള്ള സന്ദേശം പാപം ഉപേക്ഷിക്കുക എന്നുള്ളതാണ് എന്നാൽ പാപത്തിന്റെ ശക്തിയെ നിശേഷം നിഹനിച്ചുകളയുന്ന അത്ഭുത കൃപയുളവാക്കുന്നതാണ് അനുതാപത്തോട് കൂടിയ സത്യ കുമ്പസാരം. മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായ് കർത്താവായ യേശുക്രിസ്തു കുരിശിൽ ഒരുക്കിയ രക്ഷ ആണ് വിശുദ്ധിയോടെ തിരുശരീരരക്തങ്ങൾ അനുഭവിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത്. സത്യാനുതാപത്തോടെ ഏറ്റുപറഞ്ഞുപേക്ഷിക്കുന്ന ഏതു പാപവും ക്ഷമിച്ചു തരുമെന്നുള്ളത് ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തമാണ്. എന്നാൽ അനുതപിക്കാത്ത ഒരു പാപവും ക്ഷമിക്കപ്പെടുകയില്ല എന്നത് നാം ഞെട്ടലോടെ ഓർക്കേണ്ട വസ്തുതയാണ്. അതായത് കാലപ്പഴക്കത്താൽ പാപം കാലഹരണപ്പെടുകയില്ല, ക്ഷമിക്കപ്പെടുവോളം ദൈവത്തിന്റെ ഓർമയുടെ പുസ്തകത്തിൽ എല്ലാം രേഖപ്പെടുത്തി വച്ചിരിക്കും. ക്ഷമിക്കപ്പെടാത്ത ഒരു പാപവുമായി നമുക്ക് ദൈവരാജ്യത്തിൽ പ്രവേശനമില്ല എന്നുള്ളത് എത്ര വിശ്വാസികളെ ഭയപ്പെടുത്തുന്നുണ്ട്? മെഴുകുതിരി കത്തിച്ചാൽ, നേർച്ചയിട്ടാൽ, മുത്തുക്കുട പള്ളിനടയിൽ സമർപ്പിച്ചാൽ സ്വർഗ്ഗവാതിൽ തുറക്കുമോ? ഇല്ല എന്നാണ് ഉത്തരം. പ്രവർത്തിയിൽ വരുന്നത് മാത്രമല്ല പാപം. ചിന്തകൾ, വാക്കുകൾ, മനോഭാവം, നിലപാട് എല്ലാം പാപമായി തീരാം. യേശുവിന്റെ പരസ്യ ശുശ്രുഷാവേളയിൽ തന്റെ അടുക്കൽ നിത്യജീവൻ ആഗ്രഹിച്ചു വന്ന യുവാവിനോട് അവൻ സമ്പത്തിന്റെ അടിമയാണ് എന്ന് കർത്താവു ചൂണ്ടി കാണിച്ചപ്പോൾ, എല്ലാ കൽപ്പനകളും ചെറുപ്പം മുതൽ പ്രമാണിച്ചു വന്ന അവനു താൻ ദൈവത്തെക്കാളധികം പണത്തെ സ്നേഹിച്ചു എന്ന കുറ്റം അംഗീകരിക്കാൻ സാധിച്ചില്ല. പകരം അവൻ ദുഃഖിതനായി പൊയ്ക്കളഞ്ഞു എന്ന് വേദപുസ്തകത്തിൽ വായിക്കുന്നു (ലൂക്കോസ് 18:18–25). ഇംഗ്ലീഷ് പരിഭാഷയിൽ (**He went lost**) എന്നു കാണുന്നു. അവന്റെ സ്വത്ത് അന്യായമായി സമ്പാദിച്ചതാണെന്ന് കർത്താവു എങ്ങും പറയുന്നില്ല. ദൈവത്തേക്കാളധികം പണത്തെ സ്നേഹിച്ചു എന്ന കുറ്റം അവനെ ബോധ്യപ്പെടുത്തിയിട്ടും ഏറ്റുപറഞ്ഞുപേക്ഷിക്കാൻ കഴിയാഞ്ഞതു മൂലം നിത്യജീവൻ നഷ്ടമാക്കി പോകേണ്ടിവന്നു. പരിശുദ്ധന്മാരായ പൂർവ്വിക പുണ്യപിതാക്കന്മാർ, "അലസത ലേശം ബാധിച്ചാൽ അശുഭ വഴിക്കുവശംവദരായി സ്വാത്മത്തെ സ്വയമേ നിഹനിക്കും" എന്നു നമ്മെ പാടി പഠിപ്പിച്ചു. ഏറ്റവും വലിയ പാപം കൽപ്പനാലംഘനമാണ്, ഏറ്റവും വലിയ കൽപ്പന ആകട്ടെ ദൈവത്തെ സ്നേഹിക്കണമെന്നും. കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ (1.കൊരിന്ത്യർ 16:22).

അനുതപിച്ചു മാനസാന്തരപ്പെട്ട് ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായിത്തീർന്ന എത്രയോപേരെ ആണ് നാം ബൈബിളിലും ക്രൈസ്തവ ചരിത്രത്തിന്റെ ഇരുപത്തിയൊന്ന് നൂറ്റാണ്ടുകളിലുമായ് കണ്ടുമുട്ടുന്നത്. കടുത്ത യഹൂദ മൗലിക വാദിയായിരുന്ന ശൗൽ മാനസാന്തരപ്പെട്ടപ്പോൾ ക്രൈസ്തവ വിശ്വാസത്തിന്റെ സൈദ്ധാന്തികനും ലോകത്തെ സുവിശേഷം കൊണ്ട് കീഴ്മേൽ മറിച്ചവനുമായ വി. പൗലോസ് ആയി മാറി. മുടിയൻ പുത്രൻ തിരിച്ചുവന്നപ്പോഴും ആ ഭവനത്തിൽ വലിയ സന്തോഷത്തിനും ആനന്ദത്തിനും കാരണമായി, അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി എന്നെഴുതിയിരിക്കുന്നു. (വി. ലൂക്കോസ് 15:24) വി. കുമ്പസാരത്തെ അതിന്റെ എല്ലാ ഗൗരവത്തിലും മൂല്യത്തിലും കണ്ടിട്ടുളവർ ഇന്ന് സഭയിൽ കുറഞ്ഞുവരുന്നു. വി. കുമ്പസാരം കേവലം ഒരു ആചാരമോ അനുഷ്ഠാനമോ ആയി തീർന്നിട്ടുണ്ടോ എന്ന് നാം ആത്മപരിശോധന നടത്തേണ്ടതാണ്. ദൈവവും മനുഷ്യനും തമ്മിൽ നിരപ്പാകുന്ന അതിശ്രേഷ്ഠമായ അനുഭവമാണ് വി. കുമ്പസാരം. പാപമെന്നത് അനുസരണക്കേടോ കൽപ്പനാ ലംഘനമോ ഒക്കെ ആണെങ്കിലും അതിനെല്ലാമപ്പുറമുള്ള ഒരു അർത്ഥതലമുണ്ട്. ഒരാൾ

മനഃപൂർവ്വം പാപം ചെയ്യുമ്പോൾ അതു യേശുവിനെ വീണ്ടും ക്രൂശിക്കുകയും ആ സ്നേഹമുള്ള ഹൃദയത്തെ കുത്തി മുറിവേൽപ്പിക്കുകയുമാണ് ചെയ്യുന്നത്. ഒരിക്കൽ പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് തിരുശരീരരക്തങ്ങൾ അനുഭവിച്ചതിനു ശേഷം അതേ പാപം ആവർത്തിക്കുമ്പോൾ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായോടാണ് അതിനെ ഉപമിക്കുന്നത്. (2.പത്രോസ്2:22). പാപത്തെ ഒറ്റപ്പെട്ട സംഭവമായോ, ബലഹീനതയായോ, മാനുഷിക ദൗർബല്യമായോ കണ്ട് നിസ്സാരവൽക്കരിക്കാൻ പാടുള്ളതല്ല. നമ്മുടെ പഴയ മനുഷ്യൻ അഥവാ ജഢപ്രകൃതി മാറിയെങ്കിലേ പാപത്തിൻമേൽ ജയമുള്ള ജീവിതം സാധ്യമാകുകയുള്ളൂ. ഹൃദയത്തിലൂടെ കടന്നുപോകുന്ന ചിന്തകൾ, വികാരങ്ങൾ, നിരൂപണങ്ങൾ, മനോഭാവങ്ങൾ, മനോരാജ്യങ്ങൾ എല്ലാം എങ്ങനെ നിയന്ത്രിക്കപ്പെടും? ക്രിസ്തുവിൽ പുതിയ സൃഷ്ടിയായി തീരുക. ഉവ്വ് അതുമാത്രമാണ് പരിഹാരം. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി പഴയത് കഴിഞ്ഞുപോയി, ഇതാ സകലവും പുതുതാക്കിയിരിക്കുന്നു (2.കൊരിന്ത്യർ.5:17). പഴയത് കഴിഞ്ഞുപോയെങ്കിലേ പുതുതാക്കുന്ന അനുഭവം ലഭിക്കുകയുള്ളൂ. “പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടെ ഉരിഞ്ഞുകളഞ്ഞു” എന്ന് വിശുദ്ധ പൗലോസ് നമ്മെ ഉപദേശിച്ചിരിക്കെ അതിൽകുറഞ്ഞോരു നിലപാടുകൊണ്ട് നാം തൃപ്തിപ്പെടാതെ പാപത്തിന്മേൽ ജയമുള്ള വിജയകരമായ ക്രിസ്തീയ ജീവിതം നാം ലാക്കാക്കണം. അതിനു സത്യകുമ്പസാരം നമ്മെ സഹായിക്കട്ടെ. വി. കുമ്പസാരം തീർച്ചയായും വേദപുസ്തകാടിസ്ഥാനത്തിലുളളതാണ്. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം കർത്താവു തന്റെ ശിഷ്യൻമാർക്ക് നൽകി. കൈവെപ്പിലൂടെ ആ അധികാരം പിന്നീടുള്ള പുരോഹിതന്മാർക്ക് നൽകി. കർത്താവു തൻറെ ശിഷ്യന്മാരോടു കൽപ്പിച്ചത് ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കും, ആരുടെ പാപങ്ങൾ നിങ്ങൾ നിർത്തിയിരിക്കുന്നുവോ അവർക്ക് നിലനിൽക്കുമെന്നാണ്.

ഇതെല്ലാമാണെങ്കിൽതെന്നയും ശരിയായി ഉപയോഗിച്ചില്ലെങ്കിൽ അത്യന്തം അപകടമാണ് കുമ്പസാരം. വി. കുമ്പസാരത്തിന് സഭ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ഘടകങ്ങളും അതായത് പാപബോധം, സത്യഅനുതാപം, ഹൃദയം തുറന്നു ഏറ്റുപറയാനുള്ള സന്നദ്ധത, മേലിൽ പാപം ചെയ്യുകയില്ലെന്നുള്ള നിർബ്ബന്ധമായ തീരുമാനം, ദൈവസ്നേഹത്തിലുള്ള അചഞ്ചലമായ വിശ്വാസം എന്നിവ എല്ലാം ചേരുംപടി ചേർന്നിരിക്കുമ്പോൾ മാത്രമേ കുമ്പസാരത്തിൽ ദൈവം പ്രീതിപ്പെടുകയുള്ളൂ. ഇത് ഗ്രഹിച്ചുകൊണ്ടാണ് സങ്കീർത്തനക്കാരനായ ദാവിദ് “ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നു എങ്കിൽ കർത്താവു എൻറെ പ്രാർത്ഥന കേൾക്കയില്ലായിരുന്നു” (സങ്കീർത്തങ്ങൾ 66:18) എന്നെഴുതിയിരിക്കുന്നത്. നാം മനഃപൂർവ്വം പാപം ചെയ്യുന്നുവെങ്കിൽ പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായ് ഭയങ്കരമായൊരു പ്രതീക്ഷയും എതിരികളെ ദഹിപ്പിക്കാനുള്ള ക്രോധാഗ്നിയുമേയുള്ളൂ എന്ന് വി. പൗലോസ് എബ്രായർ 10:27–ൽ മുന്നറിയിപ്പ് നൽകുന്നു. പാപത്തോട് മൗലികമായ നിലപാടു തന്നെയാണ് ദൈവത്തിനുള്ളത് എന്ന് ഈ വേദവചനങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. മാനുഷിക ബലഹീനത നിമിത്തം വന്നുപോയിട്ടുള്ള പാപത്തെകുറിച്ച് അനുതാപവും ഹൃദയം തുറന്ന് ഏറ്റുപറയാനുള്ള സന്നദ്ധതയുമില്ലെങ്കിൽ അത് പരിശുദ്ധാത്മാവിനോട് വ്യാജം കാണിക്കുകയാണ്. അപ്പൊ. പ്രവൃർത്തികൾ 5–ൽ പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ച അനന്യാസ്–സഫീറ ദമ്പതികളുടെ ന്യായവിധി എത്ര ഭയങ്കരമായിരുന്നു എന്ന് നാം ഞെട്ടലോടെ ഓർക്കേണ്ടതാണ്. യഥാർത്ഥമായ അനുതാപമില്ലാതെ കുമ്പസാരിച്ചു വി. കുർബാന അനുഭവിച്ചാൽ അതു വളരെ കെടുതികൾക്ക് കാരണമാകുമെന്ന് 1.കൊരിന്ത്യർ 11:27–31–ൽ കാണുന്നു. “അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു” സത്യാനുതാപമില്ലാതെ കുമ്പസാരിച്ചു വി. കുർബാന അനുഭവിക്കുന്നത് ഇഹത്തിൽ രോഗത്തിനും മരണത്തിനുപോലുമോ, പരത്തിൽ നിത്യദന്ധനത്തിനും കാരണമാകുമെന്ന് വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. വലതു ഭാഗത്തെ കള്ളന്റെയെന്നപോൽ, മുടിയനായ പുത്രന്റെയെന്നപോൽ സത്യാനുതാപത്തോടുകൂടിയ കുമ്പസാരം നടത്തുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

വിശുദ്ധ കുമ്പസാരം സഭ ക്രമീകരിച്ചിട്ടുള്ള ഏഴ് കൂദാശകളിൽ ഒന്നാണെന്ന് നാം കണ്ടുവല്ലോ. അതോടൊപ്പം സഭയുടെ ഏഴ് കൽപ്പനകളിൽ ഒന്നുമാണ് കുമ്പസാരം. ഒരിക്കൽ മാത്രം ലഭ്യമായ പാപമോചനത്തിനുള്ള മാമോദിസ ഏറ്റു സഭയോട് ചേർന്ന വിശ്വാസിയുടെ ജീവിതത്തിൽ സംഭവിച്ചുപോയേക്കാവുന്ന തെറ്റുകൾക്കും കുറ്റങ്ങൾക്കും വേണ്ടിയാണു വി. സഭ കുമ്പസാരം ക്രമീകരിച്ചിരിക്കുന്നത്. സുറിയാനി സഭയിലും കത്തോലിക്കാ സഭയിലുമാണ് കുമ്പസാരമുള്ളത്. നവീകരണ സഭകൾ ഇതിനെ അംഗീകരിക്കുന്നില്ല. എന്നാൽ കുമ്പസാരം അതിശ്രേഷ്ഠമായ കൂദാശയും കൽപ്പനയുമാണ്. കുമ്പസാരിക്കുന്ന വ്യക്തിക്കും കുമ്പസാരിപ്പിക്കുന്ന അഭിഷിക്തനും ചില ഉത്തരവാദിത്വമുണ്ട്. കുമ്പസാരിക്കുന്ന വ്യക്തി ശരിയായ അനുതാപത്തോടെ വേണം കുമ്പസാരിക്കാൻ. പക്ഷെ വേണ്ടത്ര ആത്മീയ ജ്ഞാനമില്ലാത്ത വിശ്വാസികൾ ചില എണ്ണപ്പെട്ട പാപങ്ങൾ മാത്രം ഏറ്റുപറഞ്ഞു കുമ്പസാരമെന്ന സഭാകൽപ്പന പാലിച്ചുവെന്ന് തൃപ്തിപ്പെടുന്നു. ഇവിടെയാണ് അഭിഷിക്തന്റെ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടത്. കൃത്യമായി പാപം കണ്ടെത്തി ശരിയായ പാപബോധത്തോടും സത്യാനുതാപത്തോടുംകൂടി ഹൃദയവിചാരങ്ങൾ അറിയുന്നവന്റെ മുൻപാകെയാണ് താൻ പാപം ഏറ്റുപറയുന്നതെന്ന യഥാർത്ഥമായ ബോധം കുമ്പസാരിക്കുന്ന വ്യക്തിക്കില്ലെങ്കിൽ അതു തിരിച്ചറിയാനും അതു ആ വ്യക്തിക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാനും പുരോഹിതനു കഴിയണം. ഇല്ലെങ്കിൽ കുമ്പസാരം ഒരു ആചാരമോ ചടങ്ങോ ആയിത്തീരും. സങ്കീർത്തനങ്ങൾ 19–ൽ ദാവീദ്, “തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ, മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ. സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ” എന്ന് പ്രാർത്ഥിക്കുന്നു. മറഞ്ഞിരിക്കുന്ന തെറ്റുകളെക്കുറിച്ച് ബോധ്യം വരുന്നത് വചനത്തിലൂടെയോ അഭിഷിക്തനിലൂടെയോ ആണ്. ദാവിദിന്റെ പാപം ഓർപ്പിക്കാൻ ദൈവം പ്രവാചകനെ ഉപയോഗിച്ചു. പാപം ചെയ്ത് മരവിച്ച മനഃസാക്ഷിയുമായി ജീവിച്ച ദാവിദിന്റെ അടുക്കൽ ദൈവം നാഥാൻ പ്രവാചകനെ അയച്ചു. ദാവീദിനു പാപബോധം കിട്ടി, അനുതാപം കിട്ടി, പാപം ഏറ്റുപറഞ്ഞു പാപമോചനവും ലഭിച്ചു. ദാവിദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായിത്തീർന്നു. കുമ്പസാരം സഭ വിഭാവനം ചെയ്തതുപോലെ നടക്കുന്നതിനും അനുഗ്രഹം പ്രാപിക്കുന്നതിനും “സ്തുതി ചൊവ്വാക്കപ്പെട്ട” സഭയിൻ മക്കൾക്ക് സാധിക്കട്ടെ, ദൈവം അനുഗ്രഹിക്കട്ടെ.

സന്യസ്ഥർക്കും ദയറാവാസികൾക്കും മാത്രമല്ല, കുടുംബസ്ഥർക്കും ജയജീവിതം നയിക്കാം. പഴയനിയമ വിശുദ്ധനായ ഹാനോക്ക് കുടുംബജീവിതം നയിച്ചുകൊണ്ടു മുന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടന്നു. (ഉൽപ്പത്തി 5:22). ഏതൊരാൾക്കും വിശുദ്ധരാകാൻ കഴിയും. “നാം എല്ലാവരും വിശുദ്ധരും നിഷ്കളങ്കരുമായി തീരേണ്ടതിനു വിളിക്കപ്പെട്ടിരിക്കുന്നു” (എഫെസ്യർ1:4). ഇതു ശരിയായി ഗ്രഹിക്കണമെങ്കിൽ പരിശുദ്ധാത്മാവ് വ്യാപരിക്കുന്ന വചനശുശ്രൂഷ ആവശ്യമാണ്. അതറിഞ്ഞുകൊണ്ടാണ് പൂർവ്വിക പുണ്യപിതാക്കൻമാർ “സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ സഭയിൽ എഴുന്നേൽപ്പിക്കണമേ” എന്ന് തുബ്ദേനിൽ പ്രാർത്ഥിക്കുന്നത്. വിശുദ്ധജീവിതം ഏതൊരാൾക്കും സാധ്യമാണെന്ന് വചനകേൾവിയിലൂടെ നാം മനസിലാക്കുമ്പോൾ അതു വിശ്വാസമായി, പ്രാർത്ഥനയായി, ആഗ്രഹമായി പരിണമിച്ച് ആ ലക്ഷ്യത്തിലേക്ക് നാം നടന്നടുക്കുകയും ചെയ്യും. പരിശുദ്ധാത്മാവിന്റെ കൃപയാൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ. യേശു കാണിച്ച മാതൃക പോലെ ഒരു പൂർണ്ണ ജയജീവിതം നയിക്കുവാൻ ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ. ദൈവത്തിനു സ്തോത്രം.

ന്യായാധിപന്യായാധിപതേയങ്ങേയ്ക്കരിശം
ചേർത്തകടത്താലെൻ തല താഴ്ത്തരുതേവിധി ഗേഹേ
മോചനയോഗ്യതയില്ലെങ്കിലുമെന്നിലിരിക്കും
നിന്തിരുമെയ്യും രക്തവുമോർടത്തെൻമേൽ കൃപ ചെയ്ക
നിൻ സ്നേഹാൽ സ്ലീബ ഞാൻ കൂപ്പി;
പിഴ പോക്കി നിൻ മെയ് രുതിരങ്ങൾ
ഹിതമൊടു കരുണാമയനീശോ മമ്മ നൽകുക മുക്തി.

# Jesus and Children



— Sara Mereena Mathew
(ID - M-191)



Jesus said, "Let the little children come to me, and do not hinder them, for the kingdom of heaven belongs to such as these." (St. Matthew 19:14)

God loves His creation. We feel and experience His love at every moment of our life. Jesus' special love for children becomes evident at many occasions.

The first encounter of Jesus with a baby was when both of them were in their mother's womb. When Elizabeth felt that her baby was leaping in her womb she could realize that Mary was going to give birth to the Messiah, the anointed one they had been waiting for generations. Then there was joy and jubilation among them.

When we think about Jesus and children, the episode narrated in Gospel of St. Mark chapter 10, verses 13 to 16 surfaces on our minds first. People were bringing children to Jesus so that He might touch and bless them.The disciples tried to stop them. But when Jesus saw this, He was indignant and said to them, "Let the children come to me", then He continued, "Truly, I say to you, whoever does not receive the kingdom of God like a child shall not enter it." And then He took the children in His arms and blessed them.

At another time, the disciples came to Jesus and inquired who the greatest in the kingdom of heaven was. We can easily assume that it should be someone who has done many great things in the name of Jesus. But Jesus says that God looks at a pure heart. Then He explains it in a simple way by asking for a child to be brought to Him and setting him before them. He asked them to mend their ways and become like children, to enter the kingdom of heaven. Further, He says that whoever humbles himself as a child, will be the greatest in the kingdom of heaven.

During the great day of Hosanna, little children enthusiastically welcomed Jesus singing Hosanna. But when the chief priests and the teachers saw this, they were so displeased and asked him to stop them. But Jesus replied, "Have you never read, "From the lips of children and infants you, Lord, have called forth your praise?" (St. Matthew 21:16)

We read about several incidents when Jesus healed little children. On every occasion, he seemed to be very passionate, sharing the anxiety of the parents. Be it the son of the royal official, or the daughter of the foreign lady, or the child with epilepsy, Jesus was filled with love and compassion towards them. He fell into great sorrow when he saw people crying at the house of Jairus. Jesus reached out and took the girl by her hand.  When she woke up from death, Jesus asked them to give the girl something to eat. A special affection like that of a mother was expressed by Jesus.

Every time, it was Jesus who reached out to little children. But one day a little boy helped Jesus. The Holy Bible says that he gave all that he had, to Jesus. Five loaves of bread and two little fishes. What do you think? Couldn't Jesus feed the people without these five loaves of bread? But He happily accepted what the little boy offered and miraculously multiplied it. Now, look at the boy. He might have been immensely hungry, yet he did not even keep a small piece for himself. That's the kind of love the children showered on Jesus.

Everyone knows that Jesus has given His life on the cross for us. But who gave their lives so that Jesus may live? Only children were entitled to do that. Infants up to the age of two, in the vicinity of Bethlehem sacrificed their lives to enable the Son of God to live and to fulfil His mission of incarnation.

The adorable relation between Jesus and children reveals the height of God's love and trust in mankind. The way children responded to Jesus on various occasions unveils the purity and innocence they possess. As Jesus said, anyone who humbles himself like a child can lead a joyous life. Not an easy task anyway.

# In the Shoes of Our Children



— Mrs. Anitha Reji (Church ID R211)



**"Fathers, do not embitter your children or they will become discouraged."( Colossians 3:21)**

Parents love the Bible verses that proclaim the virtue of obedience and the importance of following the instructions of the elders. We are often so focussed on dictating the Dos and Don'ts, that we seldom think of how the world and life might look from the other side…from our children's shoes.

Values and guidelines are definitely important ingredients in child rearing. But along with those there are certain other needs that are equally vital in shaping our kids. In these turbulent times, we see all around us a deep decline in the values of individuals, of families, of communities, of nations that has a direct impact on both man and nature. When we find our youngsters wayward and valueless, it's time to question our roles in building their characters. The saying," A picture speaks more than 1000 words." suggests that we need to be visual examples for our young ones. Our life should speak for itself. Children learn better by observing and reaching at their own conclusions. More important is the physical expression of our love for them. They need solid tangible proofs of our love and care. Its paradoxical that sometimes even the best of parents, forfeit their chances to be physically around for their children in their mad rush to acquire the means to provide the best education and the finest of amenities to help the posterity to reach goals set by their parents.

It's when our well provided kids tend to topple in life, in spite of their premium education, mounts of accolades, career advancements, material achievements that it strikes us between our eyes that somehow, we have failed them. And in all probability, it could be the dearth that they experience in the emotional hemisphere that has tipped the balance of their life. We are forced to accept that the good food, fine clothes, state of the art education and all those assets that we had amassed for them didn't work its magic to bestow true happiness and peace in their life.

That day when our 4-year-old champ refused to budge from the bed feigning tummy ache, we forcefully marched him to school because missing a day's class was unthinkable. That time when our teenage beauty banged the door on our face, we nagged her to come out of the room so that she doesn't miss her Maths tuition. That evening when our young hero reached home late but beaming, we refused to lend our ears to his explanation. Our little one just wanted to sit quietly on his daddy's lap listening to his Mommy humming happily while working in the kitchen. For it was a rarity to find his father home on a week day ….Our teenager who had a showdown at school that day, just wanted to be hugged tightly and told that the next day would be a fine one….Our young man had come home late, because he had tried to help an old neighbour reach the hospital on time and he had imagined that we would be really proud and pat him on his back.

We tragically fail as parents each time we shatter our children's inner beings, when we unwittingly trample their souls and kill their vibrant spirits. We are so caught up with chiselling out perfect adults who can cope with our not so perfect world. In our haste to correct them and push them towards goals that we have set for them following our parameters, we lose track of the fine human beings our children are at their core. We seriously have to pause and ponder. Do our children really need what we think is right for them? Do they deserve to be enslaved by our dreams for them? Do they have to lead a life that we envision for them? It's unfair not to let them to pursue their passions and to enjoy their versions of life in this world.

Let us place them under the encompassing wings of the Almighty and envelope them with our unconditional love. Let us allow them to define life in the manner and pace they are comfortable with. Let us encourage them to cut out paths to reach goals of their choices. Let us nurture them without overwhelming them. Let them feel safe and secure in the knowledge that we will be around for them always, without smothering them under the pressure to perform and to be the best. Let them be bold enough to fail and repeat. Let us not intimidate them and turn them into embittered souls as the Scripture says. May the good God bless us all.

# Pandemic and Mental Health Amoung Children



— Feba Hanna George (ID - G-004)

The outbreak of the Coronavirus (COVID-19) in December 2019 originated in China and it was declared a pandemic in March 2020, by World Health Organization. It has affected more than 200 countries and brought entire nations to its knees. Although the number of children affected by the disease is small, and most of the affected children show only mild symptoms, the disease and the containment measures are showing a negative impact on the mental health & well-being of children.

Even though children all over the world are going to be affected, those with disabilities, and conflicts zones are at a greater risk. This article is to provide an understanding into the mental health challenges faced by children in the wake of recent COVID-19 pandemic.

## Significance of child and adolescent mental health

Public health emergencies like pandemics, take a toll on physical as well as mental health. Children are exceptionally vulnerable because of they do not full understand depth of the event. They are unable to escape the harms of the situation physically and mentally as they have limited strategies for coping with the same. They are not able to communicate their feelings like adults. Closing of schools, separation from friends and family can cause stress and anxiety in children. Exposure to mass media coverage of crisis event and information which are not verified circulating on social media may increase mental distress. Anxiety, depression, disturbances in sleep and appetite as well as impairment in social interactions are common presentations of negative impact on psychological wellbeing of children. Clinginess, distraction, irritability, and fear that family members can contract the deadly disease were the most common behavioural problems that has been identified.

Educational institutions have been closed and tutelage in totally different manner than they are accustomed to, all areas of public gathering are not the same as earlier. Places that they could venture out and be themselves are no longer safe zones. The old happy places are no longer considered good. The rapid rise in the number of infected cases and deaths, disruption of daily routines, home confinement, fear of infection, social distancing from peers and friends, and lack of resources they use usually create a feeling of uncertainty and anxiety among the children and adolescents. These adversely affect children and families well-being.

## Increase screen time

Things that can help promoting child mental health during COVID-19. In the times of social isolation, children and teens are becoming exposed to a lot of media coverage about the pandemic. On one hand, electronic and social media is providing uninterrupted updates on worldwide and nationwide situation, and advising people to adopt social distancing but on the other hand, it is also creating sensationalism and spreading misinformation. The screen time of children and adolescents has increased a lot as they are confined to their homes. And Excessive social media usage makes children vulnerable to online predators, cyberbullying and potential harmful content.

## Things that can help promoting child mental health during COVID-19

There are general guidelines that can be followed which will help in reassuring, educating children in age-appropriate ways Acknowledging their distress and answering their questions with honesty go a long way. Try to avoid exposure to panic provoking news on media. Furthermore, Screen Time needs to be monitored.

## Specific to younger children:

- If the child is demanding more attention, try to spend more time with him/her/them during the day, taking 10-15 minutes' breaks where a parents focuses completely on the child. Enjoy listening to music or singing and board games at home.
- Setting up a routine for family.
- Turn off the news channels when young children are around. The news are full information which may be potentially scary for them.
- Try not to talk about the COVID related situation with other adults or older siblings around them.
- Younger kids may need a bit more display of affection than older kids. Showing some love and affection goes a long way with the younger ones.
- Try to talk about what is happening on the screen while watching programs or playing video games with your children. Though children engage with screens more than usual during this pandemic, but make sure they have mix of activities across the day, including story/book time, free play, art activities, some active play like hide & seek, running around, building train tracks.


## Specific to older children:

- Set times for a few regular activities each day such as studying, phone calls with friends of family or cooking together, family meals; do these activities at the same time each day.
- Make sure they spend some time outdoors or do some exercise daily. If one can't go outside, try to spend at least an hour or two by a window, looking into the daylight, and focusing on self.
- Avoid blue light like computer screens, smartphones in the evening. Blue light overpower the hormone that helps us sleep resulting in insomnia.
- Advise adolescents to stick to a sleep routine and wake time that fits their natural rhythms.

Society as a whole, has to play a supportive role to ensure that our children, adolescents and elderly are supported during this challenging time by following of social distancing guidelines by Government. Parents should take care of themselves as well. If they are confident and free off stress, their ability to guide, nurture and educate children will increase efficiently and effectively.

Ignoring the immediate and long-term psychological effects of COVID-19 Pandemic would be disastrous, especially for children and young people they are in fact the people of the future. Parents need to look after their own mental health, coping strategies, and model positive psychological attitude in order to support children and adolescents to get through this difficult time.

# ആഗതനായോരീ അതിഥി ആരോ...



— അച്ചു സഖറിയ (ID - 002)




ലോകമേ, നീയാം ചുമലിൽ പേറുമീ
ദുഖചിത്രങ്ങൾ തൻ മുഖഗാനം
ലോകമേ നിൻ ഭാരം തെല്ലൊന്നു കുറയ്ക്കുവാൻ
ആഗതനായോരീ അതിഥി ആരോ
ആരാണ് ആ അതിഥി ലോകമാം
വൃക്ഷത്തിൻ ഇലകൾ പറിച്ചെറിയാൻ ആഗതനായി

അയൽപക്കത്തു പാർത്തൊരു
വീടിനു തീരാവേദനയായൊരീ അതിഥി
തൻ പ്രഭാവത്തെ അറിഞ്ഞിടാതെ
പോകയോ നീ എൻ വീടേ
ആ പ്രഭാവം മൂലമോ മന്ദമായി നീങ്ങുമീ
കാറ്റിൻ കുളിരിനെയും ആസ്വദിക്കാൻ ഞാൻ മടിപ്പൂ
പുഞ്ചിരി ഓർമ്മകൾ വിടരുമോരീ കാലത്തെ
കട്ടയാൽ കെട്ടപെട്ടൊരു നാലു
ചുമലിൽ ഒതുകിയൊരീ പ്രഭാവം
മനുഷ്യാശയ വിസ്തൃതമാം
സ്വപ്നജാലകം തുറക്കുമൊരു
സർവ്വ ചിന്തകേന്ദ്രീതമായോരീ
ഹൃത്തിനെ നാളെ പുലർച്ചെ ജീവൻ
തുടിക്കുമോ എന്ന ഭീതിയാം ചുമലിൽ
അടച്ചുപൂട്ടിടവേ ഈ ലോകം
ഹൃദയ തുടിപ്പുകൾ ജീവശ്വാസങ്ങൾ
നിഷ്ഫലമായി നിർദയം പിഴിയുന്നൊരീ
വൃക്ഷത്തിന്റെ ചില്ലകൾ കാത്തിരിപ്പൂ
ശാന്തമായി ഉറങ്ങിടും ഒരു നാളേക്കായി
കാറ്റുപോൽ വന്നു നിത്യവും, നിമിഷവും
തഴുകിടുമീ പ്രഭാവത്തെ
ഒരുനാൾ നിന്നെ അമർത്തുവാൻ
നിന്റെ പ്രഭാവത്തെ വധിക്കുവാൻ ശേഷിയുള്ള
ഒരു അസ്ത്രം വാർത്തെടുക്കേണ്ടുടുക
തന്നെ ചെയ്യും സംജാതമായി
വരുന്ന മുഹൂർത്വത്തിനു വേണ്ടി
പ്രതീക്ഷ തൻ കൈതിരി നാളം
കെടാതെ എരിഞ്ഞുകൊണ്ടിരിക്കും

ഈ വൃക്ഷത്തിന്റെ ഇലകൾ
പൊഴിച്ചുകൊറിക്കുന്നോരീ പ്രഭാവത്തെ
മണ്ണിൻ അടിയിലേക്ക് ആ ഇലകളെ
പറിച്ചെറിയാൻ ആഗതനായോരീ
അതിഥിയെ അതിന്റെ തീവ്രപ്രഹര
ശേഷിയെ ഒരുനാൾ നിന്നെ അമർത്തുവാൻ
പറക്കും അസ്ത്രത്തെ, ആ അവതാരത്തെ
ഈ വൃക്ഷത്തിനു ലഭിക്കും വരെ
ഞങ്ങൾ പ്രതിരോധിക്കും വേരുറച്ചു
നിന്ന് പ്രതിരോധിക്കും ചക്രവ്യൂഹത്തിൽ
അഭിമന്യു തൻ പ്രതിരോധമായി മാറിയ
ആ പൊട്ടിയ ചക്രം പോലെ
പ്രതിരോധ മാർഗ്ഗങ്ങളാക്കും പ്രതീക്ഷകൾ തൻ
പൊട്ടിയ ചക്രങ്ങൾകൊണ്ട് അതിജീവിക്കും
ഞങ്ങൾ നിൻ പ്രഹരശേഷിയെ
യാത്ര അയയ്ക്കും ഞങ്ങൾ

ആഗതനായോരീ അതിഥിയെ
ശമിപ്പിക്കും ഞങ്ങൾ ഈശ്വരന്റെ
ക്രോധത്തെ കീഴടക്കി വാഴുവാൻ
പരാജയപ്പെട്ടൊരീ രാജസൈന്യം
പ്രതിരോധമാർഗ്ഗങ്ങളാക്കും പടച്ചട്ടയും
കുന്തവും വാളും തിരയവേ നിർനിദ്രമായി
കഠിനപ്രയത്നം ചെയ്ത നിന്നെ
അമർത്തുവാൻ അസ്ത്രം തിരയവെ
മഹാബുദ്ധികൾ പ്രതിരോധവീഥികളാൽ തൻ
ഇലകളെ പൊതിഞ്ഞു നിർത്തുന്നൊരീ
വൃക്ഷത്തെ തന്റെ തീവ്രതയേറിയ കാറ്റിൽ
തളർത്തുവാൻ ആഗതനായൊരീ
അതിഥി ആരോ ചെയ്യുവാൻ ഒന്നുമില്ല
എനിക്ക് ഇനി സംരക്ഷിക്കുക ഞാനാം
ഇലയെയും ഒപ്പം എന്റെ സുഹൃത്തുക്കളാം
ഈ ഇലകളെയും എന്തേ ഈ വിധം ഭവിച്ചു
ഈ വൃക്ഷത്തിനു എന്ന ദുരൂഹതകൾ
നിറഞ്ഞൊരീ മഞ്ഞിൽ ഞാൻ തിരയവേ
മുങ്ങാൻ കഴിയുമോ ജലം അവശേഷിക്കാത്തൊരീ
നദിയിൽ എങ്കിലും പ്രതീക്ഷകൾ തൻ
കരിന്തിരി നാളങ്ങൾ കാത്തിടുമീ ഒരോ നിമിഷവും
എന്തിഹ ഭവിച്ചു നിനക്ക് എൻ വൃക്ഷമേ
ദുഷ്ടചെയ്തികളാൽ കോപിഷ്ഠനായോരീശ്വരൻ
തൻ ക്രോധത്തെ ദഹിപ്പിക്കുന്നോ നിന്നെ
അതോ വഞ്ചന തൻ ചായം പൂശിയ
ഹൃദയങ്ങൾ തൻ ചെയ്തികളോ
എത്ര മൂടിയാലും ഒരുനാൾ ഉദിക്കുന്ന
സത്യത്തിന്റെ തേജസ്സ് പോലെ
ഉദയമെങ്കിൽ അസ്തമയം പോലെ

പ്രാർത്ഥന എന്ന മഹാ അസ്ത്രം കൊണ്ട്
അലിയിക്കും, മായിക്കും ഞങ്ങൾ
വഞ്ചന എന്ന ചായം പൂശിയ മനസ്സിനെ
സ്നേഹം കൊണ്ട് അതിജീവിക്കും
ഞങ്ങൾ നിൻ പ്രഹരശേഷിയെ യാത്ര അയ്ക്കും
ഞങ്ങൾ ആഗതനായോരീ അതിഥിയെ ഒരോ
നിമിഷവും ജ്വലമാക്കുന്ന അഗ്നിയിൽ
ഒന്നായ് നിന്ന് സ്വയം എരിഞ്ഞുകൊണ്ട്!



# PARABLES OF JESUS



— **Habel Ninan John (ID - S-283)**

According to the Bible, Jesus used to talk to His community with parables. Jesus used these parables to reveal the secrets of the Kingdom of Heaven. St. Matthew 13:3-8 tells us about the parable of the sower, St. Mathew 13:24-30 tells us about the parable of the weeds and many more.

But what was the real use of the parables?
According to St. Matthew 13:35, it is said that Jesus used this parables to make what the prophet had said come true,
"I will use parables when I speak to them;
I will tell them things unknown since
the creation of the world"

These parables contained deep meanings. It was simple stories of weeds, pearls, and to understand them, a person doesn't need a lot of wisdom to understand the meaning of this parables, but a common person can understand them like a fisherman. The disciples of Jesus didn't understand the meaning. The parables of Jesus teach us about life lessons. It says that we shouldn't leave the word of God even if persecutions arise. Wealth is not bad, but when it starts possessing us, it is dangerous. The parables of Jesus teach us this. His parables teach us about forgiveness.

Jesus didn't come to change the law, but Jesus thinks all the law in a different perspective. In the Sermon on the Mount, Jesus talks about the perspective we need to think about the laws given by God. Same is done by the parables. The parables of Jesus teach us no one other than God, is pure.

"The knowledge about the secrets of the Kingdom of heaven has been given to you"- (St. Matthew 13:11).

If we observe this verse, we can understand that the little qualities need to get into the kingdom of heaven was given through these parables. But we often forget or show ignorance to accept this and obey them. Some of us be like the seeds fell on the wayside, some of us are like the seeds fell on the rock, some of us become like the seeds fell on the thorns. But we need to be like the seeds which fell on the good soil and produced 100 folds, sixty folds and thirty folds and like the servants who made use of their talents. To become like those seeds which fell on the good soil, we need to read the Bible. We need to read the parables as they give us the idea that how we can enter the Kingdom of Heaven.

Importance of parables are:

1. It teaches us about life skills
2. It helps us to enter the kingdom of God.
3. It teaches us about how to treat a person.
4. It teaches us about becoming good human beings.
5. It helps us to be pure.


Hence, we should not avoid the parables and show regret to read them. We need to read them with full attention and with full heart. At this time, we need a lot of support and a person to recover from our mental problems. These parables are the best tool for this. It teaches us and gives us the common sense to handle our problems and to control our emotions.

So let this deadly havoc, the pandemic  get eradicated from this world and let us see the new world awaiting us.

*(പേജ് 7–ൽ നിന്നും തുടർച്ച...)*

## വിശുദ്ധിയുടെ പ്രഭയും പ്രബലതയും

ചെയ്തു; പിറ്റേ ആണ്ടിൽ മൊവാബ്യരുടെ പടക്കൂട്ടങ്ങൾ ദേശത്തെ ആക്രമിച്ചു. ചിലർ ഒരു മനുഷ്യനെ അടക്കം ചെയ്യുമ്പോൾ ഒരു പടക്കൂട്ടത്തെ കണ്ടിട്ട് അയാളെ എലീശായുടെ കല്ലറയിൽ ഇട്ടു; അവൻ അതിൽ വീണു എലീശായുടെ അസ്ഥികളെ തൊട്ടപ്പോൾ ജീവിച്ചു കാലൂന്നി എഴുന്നേറ്റു. സൃഷ്ടാവിന്റെ പ്രവർത്തിയോട് ചേർന്ന് പ്രവർത്തിക്കുന്നവനാണ് വിശുദ്ധൻ. ദൈവം അത് നമ്മിൽ നിന്ന് ആഗ്രഹിക്കുന്നുണ്ട്. കാനാവിലെ കല്യാണത്തിന് വീഞ്ഞ് പാത്രത്തിൽ വെള്ളം നിറക്കുവാനല്ല, ശുദ്ധികരണത്തിനു വെച്ചിരിക്കുന്ന പാത്രം ശുദ്ധികരിച്ചു വെള്ളം നിറക്കുവാനാണ് പറഞ്ഞത്. അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുമ്പോൾ ജനത്തിന്റെയും ശിഷ്യന്മാരുടെയും പങ്കായി അഞ്ചപ്പവും ചെറു മീനുകളും പാഠങ്ങളാണ്. ലാസറിനെ ഉയർപ്പിച്ച കർത്താവിനു അവന്റെ കെട്ടുകൾ അഴിക്കാൻ പറയേണ്ട ആവശ്യം ഉണ്ടായിരുന്നോ? പക്ഷെ അത് മനുഷ്യരെ കൊണ്ട് ചെയ്യിക്കുന്നു. അബ്രഹാം പിതാവിനെ കൊണ്ട് പുത്രനാം ഇസഹാക്കിനെ ബലിപീഠത്തിൽ കൈയും കാലും കെട്ടി കിടത്തേണ്ട ആവശ്യം ഉണ്ടായിരുന്നോ? നമ്മുടെ പ്രവർത്തിയും വിശ്വാസവും അവൻ നമ്മോട് ആവശ്യപെടുന്നു. ഈ ചിന്തയിലാണ് പരിശുദ്ധ പരുമല തിരുമേനിയിലെ സാമൂഹിക പരിഷ്കർത്താവിനെ നാം കാണേണ്ടത്. ഈ ദിശാബോധത്തിലൂടെ ആണ് അദ്ദേഹത്തിന്റ വിദേശ മിഷൻ പ്രസ്ഥാനവും, ആരാധനാ നവീകരണവും, യെരുശലേം യാത്രയും, ദളിത് ഉദ്ധാരണ പ്രവർത്തനവും ഒക്കെ. ഊർശ്ലേം യാത്ര വെറും ഒരു യാത്ര മാത്രം ആയിരുന്നില്ല. ഒരു യഥാർഥ തീർഥാടകനും നീരിക്ഷകനും ഒക്കെ ആയിരുന്നു. അതുകൊണ്ടു തന്നെ മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത, പ്രിന്റ് ചെയ്ത യാത്ര വിവരണം ഉടലെടുക്കുകയും ചെയ്തു.




# Jesus Crucifixion and Resurrection



— Rebecca Maria Philip (ID - P-099)

St. John 3:16,” for God loved this world that he gave His only begotten son that whosoever believeth in him shall not perish but have an everlasting life through Jesus Christ”.

Every time when I feel so weak and discouraged, I look upon to the cross, I see the mercy and sacrifice that he did for us because God loved us so much that he gave his only begotten son to us so that we will be free from sins and to live a happy and a peaceful life. St. Luke 24:5-6, “Why do you look for the living among the dead? He is not here; He has risen!”

Believe in God, when you have faith and trust in Him, the Lord shall shower blessings on you. Jesus will help you because He is a way maker but nothing is bigger than what Christ has done for us, nothing is bigger than the sacrifice made on the cross by Jesus. God can help you to overcome the problems in your life. He’s the joy giver, the prince of peace.

St. John 11:25, “Jesus said I am the resurrection and the life. He who believes in me will live and even though he dies and whoever lives and believes in me will never die”. Remembering resurrection of our lord Jesus Christ it is the victory over sin through his resurrection. Jesus rose from death.

St. John 20:27, “Then he said to Thomas put you’re your finger here; see my hands. Reach out your hand and put it into my side stop doubting me and believe me”. Thomas said to Him, my Lord and my God! Then Jesus told him, “Because you have seen me, you have believed; . Blessed are those who haven’t seen and yet have believed.”

So my dear friends when you feel so unloved, discouraged and rejected, remember the sacrifice that Jesus did on the cross for you. And He is your best friend that you can rely on even though others let you down, you can always remember that you have a Father in heaven who loves you unconditionally.

*(പേജ് 6–ൽ നിന്നും തുടർച്ച...)*

## മലങ്കര സഭയുടെ ‘ഭിലായ് ബാബാ’

1986–ൽ മാർ തേവോദോസിയോസിന്റെ നേതൃത്വത്തിൽ മകോഡിയ മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഗ്രാമകാർഷിക വികസനം, മേഖലയിലെ ആദിവാസികൾക്കിടയിലെ സമുദായ വികസന പരിപാടികൾ, അവരുടെ പുരോഗതി ഉറപ്പുവരുത്തുന്നതിനായി സമൂഹത്തിൽ മാന്യമായ ജീവിതം എന്നിവയാണ് ദൗത്യത്തിന്റെ പ്രധാന ഉദ്ദേശങ്ങൾ. ക്രിസ്തുവിന്റെ സ്നേഹം തന്റെ സഹജീവികളുമായി പങ്കുവെക്കുക എന്ന ലക്ഷ്യം ഈ ദൗത്യത്തിലൂടെ അദ്ദേഹം ദർശനം കണ്ടിരുന്നത്. അർപ്പണ ബോധത്തിന്റെയും ത്യാഗ മനോഭാവത്തിന്റെയും മികച്ച ഉദാഹരണമാണ് മാർ തേവോദോസിയോസ്.

ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ സെമിനാരി 1990–ൽ മാർ തേവോദോസിയോസിനെ ഡോക്ടർ ഓഫ് ഡിവിനിറ്റി നൽകി ആദരിച്ചു. 1994–ൽ അദ്ദേഹം ബാഗ്ഡോണ മിഷൻ സെന്റർ ഉദ്ഘാടനം ചെയ്തു. സാമൂഹ്യ സേവനത്തിനുപുറമെ, 1995–ൽ ഭിലായിൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദീക സെമിനാരിയായ സെന്റ് തോമസ് ദൈവശാസ്ത്ര സെമിനാരിയുടെ സ്ഥാപക പിതാവാണ് മാർ തേവോദോസിയോസ്. സെമിനാരിയുടെ പ്രവർത്തനം 1995 സെപ്റ്റംബർ 14–ന് ഭിലായിലെ സെന്റ് തോമസ് ആശ്രമത്തിൽ തുടക്കം കുറിച്ചു. 1996 സെപ്റ്റംബർ 25–ന് സ്തേഫാനോസ് മാർ തോവോദോസിയോസ് തിരുമേനിയുടെ സാന്നിധ്യത്തിൽ മലങ്കര സഭയുടെ മിഷൻ ബോർഡ് പ്രസിഡന്റ് ഗീവർഗീസ് മാർ ഒസ്താത്തിയോസ് സെമിനാരി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. തുടർന്ന് 1999 ജൂലൈ 7–ന് സെമിനാരി നാഗ്പൂരിലേക്ക് മാറ്റി. സെമിനാരി ചാപ്പലിന്റെ മൂറോൻ കൂദാശ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിലും, മാർ ഒസ്താത്തിയോസ്, മാർ തേവോദോസിയോസ്, മാർ കുറിലോസ് എന്നിവരുടെ സഹകാർമികത്വത്തിലും 2004 ഫെബ്രുവരി 19–ന് സഭയ്ക്ക് സമർപ്പിക്കപ്പെട്ടു.

ദൈവത്താൽ നിയോഗിക്കപ്പെട്ട തന്റെ കർത്തവ്യങ്ങൾ പൂർത്തികരിച്ച് 2007 നവംബർ അഞ്ചിന് മസ്കറ്റ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് മാർ തേവോദോസിയോസ് സ്വർഗ്ഗീയ വാസസ്ഥലത്തിലേക്ക് വിളിക്കപ്പെട്ടു. 2007 നവംബർ എട്ടിന് സഭയിലെ മെത്രാപ്പോലീത്താമാരുടെയും വൈദീകരുടെയും വിശ്വാസികളുടെയും സാന്നിധ്യത്തിൽ ബിലായി സെന്റ് തോമസ് ആശ്രമ ചാപ്പലിൽ പരിശുദ്ധ മദ്ബഹായോട് ചേർന്ന് കബറടക്കി.

ആഗാധമായ ഭക്തിയോടും പ്രതിബദ്ധതയോടും കൂടിയ ശ്രേഷ്ഠാചാര്യനായിരുന്നു മാർ തേവോദോസിയോസ്. അതുല്യമായ വ്യക്തിത്വവും അത്മീയ ചൈതന്യവും ദീർഘവീക്ഷണവുമുള്ള മഹാ ഇടയൻ. ഉത്തേരേന്ത്യയിലെ ക്രിസ്തീയ സാക്ഷിയായി സ്വയം ജീവിതമർപ്പിച്ചു, പാവങ്ങളുടെയും അശരണരുടെയും ഇടയിൽ അദ്ദേഹം തന്റെ ജീവിത കാലം മുഴുവൻ സമർപ്പിക്കുകയും തന്റെ ആഗ്രഹങ്ങൾക്കും ദീർഘവീക്ഷണങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുകയും ചെയ്തു. കഠിനാധ്വാനം ചെയ്തു തന്റെ വിയർപ്പിലൂടെ നൂറുമേനി വിളവു കൊയ്യിച്ച ആ മണ്ണിൽ തന്നെ ആ മഹാ ഇടയൻ ഇന്നും വിശ്രമിക്കുന്നു.

# Paradise



— Aleena Sabu Koshy (ID - S-147)

When you supine on the damp grass,
Clasping hands back of your head,
Closing your sapphires and glimpse,
At the aurora of the early spring,
In the silent valleys of lilac
lavenders blooming,
The air suffused with its aroma so
fresh and sweet.

The apples melting its gold to crimson,
Hanging high on the yellow woods,
The light drizzles of silver drops,
Create a glimmer all around.

A moment which doesn't end,
As it echoes deep in your mind,
Even when you stand frail
in the grey pavements of life.
Even when you're tired of living
In the depressed mask that you
To undress.

Never forget that life is more than
the mask you wear,
Unless you explore this valley far away,
The paradise that echoes in your
mind deep inside.

SHORT STORY

# പ്രത്യുപകാരം



— ഷാരോൺ കെ. ജോർജ് (ID - G-104)

ഒരിക്കൽ ഒരിടത്ത് ഒരു കൃഷിക്കാരൻ താമസിച്ചിരുന്നു. അദ്ദേഹം വളരെ ദയാലു ആയ ഒരു മനുഷ്യൻ ആയിരുന്നു. അദ്ദേഹത്തിന് വളരെയേറെ കൃഷിസ്ഥലങ്ങളും, പശു, ആട്, മുയൽ തുടങ്ങി ഒട്ടനവധി വളർത്തുമൃഗങ്ങളും ഉണ്ടായിരുന്നു. അയാൾ അതെല്ലാം നന്നായി പരിപാലിച്ചു പോന്നു.

ഒരു ദിവസം തന്റെ  കൃഷിസ്ഥലത്തുകൂടി നടക്കുമ്പോൾ അല്പം ദൂരെ ഒരു കുട്ടി അവശനായി കിടക്കുന്നതു കണ്ടു. അയാൾ ആ




കുട്ടിയുടെ അടുത്തേക്ക് ചെന്നു. അവന് നല്ല പനിയുണ്ടായിരുന്നു. മാത്രമല്ല അവൻ ഭക്ഷണം കഴിച്ചിട്ട് വളരെയധികം ദിവസങ്ങളായിരുന്നു. അദ്ദേഹം ആ കുട്ടിയെ എടുത്തു. തന്റെ വീട്ടിലേക്കു കൊണ്ടുപോയി. അവന് ആവസ്യമായ ആഹാരവും മരുന്നുമൊക്കെ നൽകി അവനോടു വിശ്രമിക്കാൻ പറഞ്ഞു. ക്ഷീണം മാറിയപ്പോൾ അവൻ അവന്റെ കഥ അദ്ദേഹത്തോട് പറഞ്ഞു അവന്റെ മാതാപിതാക്കൾ ഒരു അപകടത്തിൽ മരണപെട്ടുപോയിരുന്നു. നന്നായി പഠിക്കുമായിരുന്ന അവനു പഠനം തുടരാൻ പറ്റിയില്ല. പൈപ്പുവെള്ളം കുടിച്ചും  ഭിക്ഷയാചിച്ചുമായിരുന്നു അവൻ കഴിഞ്ഞിരുന്നത്. അവന്റെ കഥകേട്ട് മനസ്സലിഞ്ഞ അദ്ദേഹം അവനെ വീണ്ടും സ്കൂളിൽ ചേർത്തു. അവന്റെ എല്ലാ വിദ്യഭ്യാസ ചിലവുകളും അദ്ദേഹം ഏറ്റെടുത്തു. മിടുക്കനായ ആ കുട്ടി നന്നായി പഠിച്ചു. അവൻ ഒരു ഡോക്ടറായി.

കാലം കുറെ കഴിഞ്ഞുപോയി. പ്രായമേറിയ ആ കൃഷിക്കാരൻ ഒരു ദിവസം തന്റെ കൃഷിസ്ഥലത്തുകൂടി നടക്കുമ്പോൾ ബോധരഹിതനായി താഴെവീണു. ആരൊക്കെയോ ചേർന്ന് അദ്ദേഹത്തെ ആശുപത്രിയിലാക്കി. ബോധം തെളിഞ്ഞപ്പോൾ തന്റെ മുൻപിൽ നിന്നു ചിരിക്കുന്ന യുവ ഡോക്ടറെ കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു. അദ്ദേഹം പഠിപ്പിച്ച കുട്ടിയായിരുന്നു ആ ഡോക്ടർ. അവർ രണ്ടു പേരും സന്തോഷഭരിതരായി കെട്ടിപിടിച്ചു. അപ്പോൾ വയസ്സനായ ആ കൃഷിക്കാരന്റെ കണ്ണിൽനിന്നും ആനന്ദാശ്രുക്കൾ പൊഴിയുന്നുണ്ടായിരുന്നു.

## ഇടവകയുടെ കാവൽ പിതാവായ

# പരിശുദ്ധ പരുമല തിരുമേനിയുടെ
# 118-ാം ഓർമ്മപ്പെരുന്നാൾ




## പെരുന്നാൾ പതിപ്പ്





# പരിശുദ്ധ പരുമല തിരുമേനിയും മലങ്കരസഭയിലെ ആരാധനാ പാരമ്പര്യത്തിന്റെ ഏകീകരണവും

— റവ. ഫാ. ഡോ. ജോസി ജേക്കബ്, *പ്രിൻസിപ്പാൾ സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, നാഗ്പൂർ*

മലങ്കര സഭയിൽ അസ്തിത്വ പ്രതിസന്ധി (**Identity crisis**) രൂക്ഷമായിരുന്ന കാലഘട്ടത്തിലായിരുന്നു പ. പരുമലതിരുമേനിയുടെ ജീവിതവും പ്രവർത്തനങ്ങളും. സഭയുടെ ഇന്നത്തെ ആരാധനപരമായ അസ്തിത്വ (**Liturgical Identity**)ത്തിന്റെ രൂപീകരണത്തിന് പ. പരുമലതിരുമേനിയുടെ സംഭാവനകൾ വളരെയാണ്. അദ്ദേഹത്തിന്റെ ചിന്തകളും പ്രവർത്തനങ്ങളും വിലയിരുത്തുമ്പോൾ ഒരു പ്രാർത്ഥനാമനുഷ്യൻ എന്നതിനൊപ്പം സഭയെക്കുറിച്ച് തികഞ്ഞ ബോധവും ദർശനവുമുള്ള ഒരു ഇടയനെ നമുക്ക് വ്യക്തമായി ദർശിക്കാം.

### മലങ്കരയിലെ ആരാധനപാരമ്പര്യം പ. പരുമലതിരുമേനിയുടെ കാലഘട്ടത്തിൽ

പോർച്ചുഗീസ് കാലഘട്ടത്തിന് (16–ാം നൂറ്റാണ്ട്) മുൻപ് മലങ്കരയിൽ നിലനിന്നിരുന്നത് പൗരസ്ത്യ സുറിയാനി പാരമ്പര്യമായിരുന്നു എന്ന ചരിത്രവസ്തുത ഇന്ന് പൊതുവേ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. കേവലം ഒരു ആരാധന പാരമ്പര്യത്തിന്റെ പറിച്ചുനടൽ എന്നതിലുപരി മലങ്കരയുടെ തനിമ പുലർത്തിയിരുന്ന സുറിയാനി പാരമ്പര്യമായിരുന്നു അത്. ഇന്ന് മലങ്കരസഭയിൽ നിലനിൽക്കുന്ന പാശ്ചാത്യ സുറിയാനി ആരാധനാപാരമ്പര്യം അക്കാലത്ത് ഇവിടെയുണ്ടായിരുന്നു എന്ന ബാലിശവാദത്തിന് പണ്ഡിതലോകം വില കല്പിക്കുന്നില്ല.

16–ാം നൂറ്റാണ്ടിൽ കേരളത്തിൽ രാഷ്ട്രീയ ആധിപത്യം നേടിയ പോർച്ചുഗീസുകാർ 1599–ലെ ഉദയംപേരൂർ സുന്നഹദോസോടെ മാർത്തോമ്മാ നസ്രാണികളുടെ മേലും ആധിപത്യം നേടി. മലങ്കരസഭയുടെ തനതായ ആരാധനാപാരമ്പര്യം ലത്തീൻവൽക്കരിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ അവർ നടത്തി. ഉദയംപേരൂർ സുന്നഹദോസിനുശേഷം മലങ്കര നസ്രാണി സമൂഹത്തെ ഭരിച്ച ഫ്രാൻസിസ് റോസ് എന്ന കത്തോലിക്കാ മെത്രാൻ ഇവിടെ ഒരു ലത്തീൻവൽകൃത പൗരസ്ത്യ സുറിയാനി ആരാധനാപാരമ്പര്യം (**Latinsed East Syrian Liturgical tradition**) നടപ്പിലാക്കി.

എ.ഡി 1665–ൽ അന്തോക്യൻ സഭയിൽ നിന്ന് ആദ്യമായി മലങ്കരയിൽ എത്തിയ അബ്ദുൽ ജലീദ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് സഭാമക്കൾ നല്ല സ്വീകരണം നല്കുവാനുണ്ടായ കാരണം മേല്പറഞ്ഞതാണ്. സുറിയാനി പാരമ്പര്യം പുനഃസ്ഥാപിക്കുന്നതിന് ഉദ്ക്കടമായി ആഗ്രഹിച്ചിരുന്നു. മലങ്കര നസ്രാണികൾ തങ്ങളുടെ പൂർവ്വികമായ പൗരസ്ത്യ സുറിയാനി പാരമ്പര്യവും മാർ ഗ്രീഗോറിയോസ് കൊണ്ടുവന്ന പാശ്ചാത്യ സുറിയാനി പാരമ്പര്യവും തമ്മിലുള്ള വ്യത്യാസം കാര്യമായി തിരിച്ചറിഞ്ഞിരുന്നില്ല. അരനൂറ്റാണ്ടിലേറെ നിലനിന്ന ലത്തീൻവൽക്കരണ ശ്രമങ്ങളുടെ തിക്തഫലമായിരുന്നു അത്. പ്രസ്തുത സാഹചര്യം പാശ്ചാത്യ സുറിയാനി ആരാധനാ പാരമ്പര്യം മലങ്കരയിൽ പ്രചരിപ്പിക്കുന്നതിന് മാർ ഗ്രീഗോറിയോസിന് സഹായകമായി ഭവിച്ചു. താൻ പ്രതിനിധാനം ചെയ്തിരുന്ന ആരാധനാ പാരമ്പര്യത്തിന്റെ പ്രചരണത്തിന് തുടക്കം കുറിക്കുന്നതിന് മാത്രമേ അദ്ദേഹത്തിന് സാധിച്ചുള്ളു.

പാശ്ചാത്യ സുറിയാനിവല്കരണം കൂടുതൽ തീഷ്ണമായി നടപ്പിലാക്കിയത് എ.ഡി 1685 –ൽ മാർ യൽദോ ബസേലിയോസ് മഫ്രിയാനായോടൊപ്പം വന്ന മാർ ഈവാനിയോസ് ഹദിയള്ളാ ആയിരുന്നു. ആരാധനാക്രമങ്ങളും പ്രചരിപ്പിക്കുന്നതിൽ ഉപരിയായി മലങ്കരയിൽ കൽക്കീദോൻ വിരുദ്ധ (**Non-Chalcedonian**) ദൈവശാസ്ത്രനിലപാട് പ്രചരിപ്പിക്കുന്നതിന് അദ്ദേഹം വളരെ ശ്രമിക്കുകയും നല്ല പരിധിവരെ അതിൽ വിജയിക്കുകയും ചെയ്തു.

മലങ്കരയിലെ പാശ്ചാത്യ സുറിയാനിവൽകരണത്തിന്റെ മൂന്നാം ഘട്ടം ആരംഭിക്കുന്നത് എ.ഡി 1751–ൽ മാർ ശക്രള്ളാ ബസേലിയോസ് മഫ്രിയാനായുടെ നേതൃത്വത്തിൽ വന്ന വൈദികസംഘത്തിന്റെ പ്രവർത്തനത്തോടെയാണ്. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ വൈദിക വിദ്യാഭ്യാസം നൽകുന്ന പതിവ് മലങ്കരയിൽ ആരംഭിച്ചത് അവരുടെ പ്രവർത്തനഫലമായാണ്. ഒരു സഭയുടെ ആരാധനാപാരമ്പര്യത്തിലും ജീവിതരീതിയിലും വ്യത്യാസം വരുത്തുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം പ്രസ്തുത രീതിയിൽ വൈദികരെ അഭ്യസിപ്പിക്കുകയാണ് എന്ന് മനസ്സിലാക്കി പ്രവർത്തിപ്പിക്കുന്നതിന് അവർക്ക് സാധിച്ചു.

കേരളത്തിന്റെ വടക്കൻ പ്രദേശത്തെ പള്ളികളിൽ അന്ത്യോക്യൻ പാരമ്പര്യം വേഗത്തിൽ വേരുറപ്പിച്ചു. അക്കാലത്ത് മലങ്കര മെത്രോപ്പോലീത്തായായിരുന്ന 5–ാം മാർത്തോമ്മാ പാശ്ചാത്യ സുറിയാനി ആരാധനാ പാരമ്പര്യത്തോട് വലിയ മമത കാണിച്ചില്ല. തെക്കൻ പ്രദേശത്ത് പഴയ 6–ാം മാർത്തോമാ അന്ത്യോഖ്യൻ മെത്രാന്മാരിൽ നിന്ന് അവരുടെ ആരാധ രീതികളും വേഷവിധാനങ്ങളും മാർ ദീവന്നാസ്യോസീസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനവും സ്വീകരിക്കുകയുണ്ടായി. സഭയുടെ ഐക്യം മറ്റെന്തിനേക്കാളും വലുതായിക്ക അദ്ദേഹം അന്ത്യോഖ്യവൽക്കരണത്തിന് അനുകൂല നിലപാടുകൾ സ്വീകരിക്കുന്നതിന് നിർബന്ധിതനായി. അദ്ദേഹത്തിന്റെ പിൻഗാമി ആയിരുന്ന 7–ാം മാർത്തോമയുടെ കാലത്തിന് ശേഷം എ.ഡി 1809–ൽ കണ്ടനാട് മാർത്തമറിയം പള്ളിയിൽ വച്ച് കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ മലങ്കര പാശ്ചാത്യ സുറായാനി ആരാധന പാരമ്പര്യത്തിന്റെ പ്രചരണത്തിൽ നാഴികകല്ലായി വിശേഷിപ്പിക്കപ്പെടാവുന്നതാണ്. പ്രസ്തുത രീതിയിൽ വൈദീകവിദ്യാഭ്യാസം നൽകുന്നതിനായി തെക്കും വടക്കും ഓരോ പഠിത്ത വീടുകൾ സ്ഥാപിക്കുന്നതിനും, ആടക്കമുള്ള പെരുന്നാളുകളുടെ ശുശ്രൂഷകളും, എല്ലാകൂദാശകളും, സാധാരണ നമസ്ക്കാരവും പാശ്ചാത്യ സുറിയാനി ക്രമത്തിലുള്ളതാക്കുന്നതിനും കനാട് പടിയോല എന്ന പേരിൽ അറിയപ്പെടുന്ന യോഗതീരുമാനങ്ങളിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. ഈ തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാകാത്ത സാഹചര്യത്തിലാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ (പന്നീട് മാർ ദീവന്നാസ്യോസ് 2–ാമൻ) നേതൃത്വത്തിൽ എ ഡി 1815–ൽ കോട്ടയത്ത് വൈദീക സെമിനാരി സ്ഥാപിതമായത്. മലങ്കരയിൽ ആരാധനാപരമായ ഐക്യരൂപം വരുത്തുന്നതിന് നിർണ്ണായകസ്വാധീനം ചെലുത്തുന്നതിന് സെമിനാരിക്ക് സാധിച്ചു.

### മലങ്കരസഭയിലെ ആരാധനാപാരമ്പര്യം സംബന്ധിച്ച് പ. പരുമല തിരുമേനിയുടെ വീക്ഷണം

അന്ത്യോഖ്യൻ സഭയിൽനിന്ന് മലങ്കരയിലെത്തിയ മാർ യൂയാക്കിം കുറീലോസിന്റെ ശിഷ്യത്വത്തിലാണ് പ. പരുമലത്തിരുമേനി വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. എ. ഡി. 1875–ൽ മലങ്കരയിലെത്തിയ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ സന്തതസഹചാരിയായും പ. തിരുമേനി പ്രവർത്തിച്ചിട്ടു്. ഈ രണ്ട് വ്യക്തികളും മലങ്കരയിൽ പാശ്ചാത്യ സുറിയാനി പാരമ്പര്യം നടപ്പിൽ വരുത്തുന്നതിന് തീക്ഷണമായി ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാണ്. അവർ അന്ത്യോഖ്യൻ പാരമ്പര്യത്തിലെതന്നെ രണ്ട് വ്യത്യസ്ത ശാഖകളെ (**Minor Traditions**) പ്രതിനിധാനം ചെയ്യുന്നവരായിരുന്നു. ഇരുവർക്കും തങ്ങളുടെ രീതികൾ പ്രചരിപ്പിക്കണമെന്ന് പ്രത്യേകം താത്പര്യവുമുണ്ടായിരുന്നു. മലങ്കരയുടെ തനതായ പ്രാദേശിക ആചാരാനുഷ്ഠാനങ്ങൾ അംഗീകരിക്കുന്നതിൽ അവർ വിമുഖതയും അസഹിഷ്ണുതയും പ്രകടിപ്പിച്ചിട്ടുണ്ട്.

ഈ രണ്ടു വ്യക്തികളുമായി വളരെ അടുപ്പവും ബന്ധവുമുണ്ടായിരുന്നെങ്കിലും അവരുടെ ആശയങ്ങൾ അന്ധമായി അനുകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന പ്രവണത പ. തിരുമേനിയിൽ കാണുന്നില്ല. പ്രൊട്ടസ്റ്റന്റ് നവീകരണ വിശ്വാസാചാരങ്ങൾ മലങ്കരയിൽ വേരുറപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ മുന്നിൽ കണ്ട് അതിനെ പ്രതിരോധിക്കുക എന്നതായിരുന്നു പ. തിരുമേനിയുടെ പ്രഥമവും പ്രധാനവുമായ പ്രവർത്തന ലക്ഷ്യം. മലങ്കരസഭയിൽ



പ്രാദേശിക തനിമ നിലനിർത്തുക എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതായിരുന്നു.

മലങ്കരസഭയിലെ ആരാധനാപാരമ്പര്യത്തിന്റെ ഏകീകരണത്തിന് പ. പരുമലത്തിരുമേനിയുടെ സംഭാവനകൾ മലങ്കരസഭയിലെ ആരാധനാപാരമ്പര്യത്തിന്റെ ഏകീകരണം കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. പ. തിരുമേനിയുൾപ്പെടെ 19–ാം നൂറ്റാണ്ടിന്റെ അവസാന ഭാഗത്ത് സഭയെ നയിച്ച പിതാക്കന്മാർ ഇക്കാര്യത്തിൽ വളരെ ശ്രദ്ധയോടെ പ്രവർത്തിച്ചിരുന്നു എന്നത് പ്രസ്താവ്യമാണ്. സഭ മുഴുവനായി ഏറ്റെടുത്ത ദൗത്യത്തിൽ പ. തിരുമേനിയുടെ പങ്ക് വലുതായിരുന്നു.

### ആരാധനാക്രമങ്ങളുടെ ഏകീകരണവും പ്രചരണവും

അന്ത്യോഖ്യൻ (പാശ്ചാത്യ സുറിയാനി) പാരമ്പര്യത്തിലെ പല ചെറു പാരമ്പര്യങ്ങളിൽ നിന്നുമുള്ള വ്യത്യസ്ത രീതികൾ മലങ്കരയിൽ പ്രചരിപ്പിച്ചിരിന്നത് ഏകീകരിച്ച് മലങ്കരയുടെ തനിമ നിലനിർത്തുന്ന ഏക പാരമ്പര്യമാക്കുക എന്ന ദൗത്യം സഭമുഴുവനായി ഏറ്റെടുത്ത ഒന്നാണ്. എ.ഡി. 1892–ൽ കൂടിയ മാനേജിംഗ് കമ്മിറ്റി വിവിധ നടപടിക്രമങ്ങൾ ഏകീകരിച്ച് ഔദ്യോഗികമായി ഒന്ന് തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും മാലിത്തറ ഏലിയാസ് കത്തനാർ തയ്യാറാക്കിയ നടപടി പുസ്തകം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പ. പരുമലത്തിരുമേനി ഉൾപ്പെടെ ചിലരെ ചുമതലപ്പെടുത്തുകയും ചെയ്തു. അക്കാലത്ത് മലങ്കരമെത്രാപൊലീത്തയായിരുന്ന മാർ ജോസഫ് ദീവാന്നാസ്യോസ് 5–ാമൻ തിരുമേനിയുടെ താത്പര്യങ്ങളും ഈവിധ പ്രവർത്തനങ്ങൾക്ക് സഹായകമായി നിലനിന്നിരുന്നു.

മലങ്കരസഭയ്ക്ക് ആവശ്യമായ ആരാധനാക്രമങ്ങൾ അന്ത്യോഖ്യയിൽ നിന്ന് ഇവിടെ എത്തിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന കാര്യത്തിലും പ. പരുമലത്തിരുമേനി സത്വര ശ്രദ്ധ പതിപ്പിച്ചിരുന്നു. കൊല്ലവർഷം 1059–ൽ സെമിനാരിക്കേസ് സംബന്ധിച്ച് ആലപ്പുഴ ജില്ലാകോടതിയിൽ അദ്ദേഹം നൽകിയ മൊഴിയിൽ ഈ വസ്തുത വ്യക്തമായി സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. സുറിയാനി പാരമ്പര്യത്തിന്റെ പ്രചരണാർത്ഥം ആരാധനാക്രമങ്ങൾ മലങ്കരയിൽ എത്തിക്കുന്നതിൽ കോനാട്ട് മാത്തൻ മല്പാനും പിൻഗാമികളും നൽകിയ സംഭാവനകൾ വളരെ വിലപ്പെട്ടവയാണെന്ന് എടുത്തുപറയേണ്ടിരിക്കുന്നു.

### ആരാധനാപാരമ്പര്യത്തിന്റെ ഏകീകരണം വൈദീകവിദ്യാഭ്യാസത്തിലൂടെ

പ്രഗല്ഭനായ ഒരു മല്പാൻ എന്ന നിലയിലും മലങ്കരസഭയിലെ ആരാധനാപാരമ്പര്യത്തിന്റെ ഏകീകരണത്തിന് പ. പരുമലത്തിരുമേനി അതുല്യമായ പങ്ക് വഹച്ചിട്ടുണ്ട്. പ. പരുമലത്തിരുമേനിയുടെ കാലത്തിനു ശേഷം സഭയിൽ വ്യക്തമായ ചേരിതിരിവ് ഉടലെടുത്തപ്പോൾ ഇരുവിഭാഗങ്ങൾക്കും നേതൃത്വം നൽകിയ പല പ്രഗല്ഭമതികളും തിരുമേനിയുടെ ശിഷ്യൻമാരായിരുന്നു. വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പൊലീത്ത, പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കത്തോലിക്ക ബാവ എന്നിവർ ഓർത്തഡോക്സ് പക്ഷത്തും കൊച്ചുപറമ്പിൽ പൗലോസ് മാർ കുറീലോസ് മെത്രാപ്പൊലീത്ത, കുട്ടിക്കാട്ടിൽ പൗലോസ് മാർ അത്തനാസിയോസ് (ആലുവായിലെ വലിയ തിരുമേനി) എന്നിവർ പാത്രയർക്കീസ് പക്ഷത്തും ഒരേസമയം നേതൃത്വം നൽകിയിട്ടുള്ളവരാണ്. അവർ എല്ലാവരും പരിശുദ്ധ പരുമല തിരുമേനിയുടെ ശിഷ്യന്മാരായിരുന്നു.

അന്ത്യോഖ്യൻ പാത്രീയർക്കീസിന്റെ അധീശത്വവും മലങ്കരസഭയുടെ സ്വാതന്ത്ര്യവും സംബന്ധിച്ച് തികച്ചും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് അവർ പുലർത്തിയിരുന്നതെന്ന് എല്ലാവർക്കും അറിവുള്ള കാര്യമാണ്. എന്നാൽ മലങ്കരസഭയിൽ പ്രാദേശിക പാരമ്പര്യങ്ങൾ നിലനിർത്തിക്കൊണ്ട് ആരാധനാ പാരമ്പര്യത്തിന്റെ ഏകീകരണം നടപ്പിലാക്കണമെന്ന കാര്യത്തിൽ അവർ തമ്മിൽ അഭിപ്രായവ്യത്യാസമേ ഉണ്ടായിരുന്നില്ല. പ്രാദേശിക പാരമ്പര്യങ്ങളെ പൂർണ്ണമായി നിഹനിക്കുന്നതിന് അന്ത്യോഖ്യയിൽനിന്ന് വന്നിട്ടുള്ള എല്ലാമേൽപ്പട്ടക്കാരും കഠിനമായി ശ്രമിച്ചിട്ടുണ്ട്. എന്നാൽ മലങ്കരയുടെ തനിമ നിലനിർത്തിക്കൊണ്ടുള്ള ദർശനം പാത്രിയർക്കീസ് ഭാഗത്തെ പ്രധാന മേൽപട്ടക്കാർക്ക് ലഭിച്ചതിൽ പ. രുമലത്തിരുമേനി തന്റെ ശിഷ്യൻമാരിലൂടെ പകർന്നു നൽകിയ ദർശനം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

### മലങ്കരസഭയുടെ തനിമ: പ. പരുമല തിരുമേനിയുടെ വീക്ഷണത്തിൽ

മലങ്കരസഭയിൽ പാശ്ചാത്യ സുറിയാനി ആരാധനാപാരാമ്പര്യം പ്രചരിപ്പിക്കുന്നതിൽ പ. പരുമലതിരുമേനി താത്പര്യം കാണിച്ചിരുന്നു. എന്നും പ്രാദേശിക പാരമ്പര്യങ്ങളുടെ സംരക്ഷണം ഗൗരവമായി അദ്ദേഹം കിരുന്നു എന്നും നാം മനസിലാക്കികഴിഞ്ഞു. പ. പരുമലതിരുമേനിയെ സംബന്ധിച്ചിത്തോളം പൗരസ്ത്യ പാരമ്പര്യങ്ങൾ മലങ്കരസഭയിൽ നിലനിൽക്കണമെന്ന് നിർബന്ധമുായിരുന്നു. "ഊർശ്ലേം യാത്രാവിവരണം" എന്ന തന്റെ ഗ്രന്ഥത്തിൽ യാത്രയ്ക്കിടയിൽ പോർട്ട് സെയ്ദിൽ കോപ്റ്റിക് (ഈഗുപ്തായ) സഭയുടെ ഒരു പള്ളിയിൽ നാല്പതാം വെള്ളിയാഴ്ച ദിവസത്തെ വി. കുർബാനയെക്കുറിച്ച് വിവിരിക്കുന്നിടത്ത് ഇപ്രകാരം കാണാം. "ജനത്തിന് അവർ കുർബാനകെടുത്തതു യോജിപ്പിച്ച് ഒന്നായിട്ടായിരുന്നു". (മാർ ഗ്രിഗോറിയസ് ഗീവറുഗീസ് മെത്രാപോലീത്ത, "ഊർശ്ലേം യാത്രാവിവരണം" (കോട്ടയം സോഫിയ ബുക്സ്, 2002 പേജ് 23,63) വി. കുർബാനയെക്കുറിച്ച് വിശദമായി പ്രതിപാദിക്കാതെ ഈകാര്യം മാത്രം സൂചിപ്പിച്ചത് പ. പരുമല തിരുമേനിയുടെ കാലത്ത് മലങ്കരയിൽ നിലനിന്നിരുന്ന ഒരു പ്രശ്നം മനസിൽ വച്ചിട്ടായിരുന്നു. വി. കുർബാനയിൽ തിരുശരീരരക്തങ്ങൾ വെവ്വേറെ നല്കണമെന്ന ആശയമാണ് നവീകരണ വിഭാഗം മുറുകെ പിടിച്ചിരുന്നത്. എന്നാൽ അത് പൗരസ്ത്യ രീതിക്ക് നിരക്കുന്നതല്ല. മലങ്കരസഭ എല്ലാ കാര്യങ്ങളിലും പൗരസ്ത്യ രീതികൾ പിന്തുടരണമെന്ന് പരിശുദ്ധനായ ആ ഇടയൻ ഉത്കടമായി ആഗ്രഹിച്ചിരുന്നു. എന്ന് ഈ വിവരണത്തിൽനിന്ന് മനസിലാക്കാം.




മലങ്കരയിൽ നിലനിന്നിരുന്ന പ്രാദേശിക ആചാരങ്ങൾ നിർത്തലാക്കുന്നതിന് പ. പത്രിയർക്കീസ് പല പ്രാവശ്യം കല്പന മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ അത്തരത്തിലുള്ള താല്പര്യങ്ങൾക്ക് വഴങ്ങുന്നതിന് പ. പരുമലതിരുമേനി തയ്യാറായില്ല. പ്രാദേശികമായ തനിമ ഉൾക്കൊണ്ട് വളരുക എന്ന് ഓർത്തഡോക്സ് പാരമ്പര്യങ്ങളുടെ പൊതുവായ സ്വഭാവസവിശേഷത മലങ്കരസഭയും പ്രകടിപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരിക്കാം.

### ഉപസംഹാരം

മലങ്കരസഭയിൽ ആരാധനാ പാരമ്പര്യത്തിന്റെ ഏകീകരണത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നതിന് പ. പരുമലത്തിരുമേനിക്ക് സാധിച്ചിട്ട്. അന്ത്യോഖ്യൻ പാരമ്പര്യത്തോടുള്ള മമതയേക്കാളുപരി മലങ്കരസഭയെക്കുറിച്ചുള്ള വ്യക്തമായ ദർശനവും, കരുതലും, സ്നേഹവും അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവർത്തികളിലും തെളിഞ്ഞ് കാണാം. പൗരസ്ത്യ പാരമ്പര്യവും സത്യവിശ്വാസവും സഭയിൽ എന്നാളും നിലനില്ക്കണം എന്ന ആഗ്രഹമാണ് പാശ്ചാത്യ സുറിയാനി പാരമ്പര്യം പ്രചരിപ്പിക്കുന്നതിലൂടെ അദ്ദേഹം ലക്ഷ്യമിട്ടത് എന്ന് കരുതാവുന്നതാണ്. പൗരസ്ത്യ പാരമ്പര്യങ്ങളിൽ വളരെ ഏറെ മികവുള്ള ഒന്നാണ് പാശ്ചാത്യ സുറിയീനി പാരമ്പര്യം. ആ പാരമ്പര്യം മലങ്കരയിൽ ഉറപ്പിക്കുന്നതുവഴി സഭയെ പ്രൊട്ടസ്റ്റന്റ് നവീകരണ കൊടുങ്കാറ്റിൽ നിന്ന് രക്ഷിക്കാമെന്ന് അദ്ദേഹം മനസിലാക്കി. അത് കാലഘട്ടത്തിന്റെ ഒരു ആവശ്യവുമായിരുന്നു.

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിന്റെ പ്രചരണത്തോടെ മലങ്കരസഭയെ അന്ത്യോഖ്യയിലെ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഒരു ഭാഗമോ മറ്റൊരു പതിപ്പോ ആക്കി തീർക്കുന്നതിന് പ. പരുമല തിരുമേനി ആഗ്രഹിച്ചിരുന്നില്ല. പ്രാദേശിക പാരമ്പര്യങ്ങളും, തനിമയും ഉൾക്കൊണ്ടുകൊണ്ട് ഭാരതത്തിലെ ഓർത്തഡോക്സ് സഭ അതിന്റെ ചൈതന്യം വർദ്ധിപ്പിക്കണമെന്ന് ആദീർഘദർശി ആഗ്രഹിച്ചിരുന്നു.





# സൂക്തങ്ങളിലൂടെ ഒരു തീർത്ഥാടനം

— റവ. ഫാ. ഫിലിപ്പ് തരകൻ

ജീവിതത്തെ ദൈവേഷ്ടത്തോട് ചേർത്തുവച്ചവരാണ് വിശുദ്ധന്മാർ. പരിശുദ്ധ പരുമലതിരുമേനിയുടെ ഉച്ഛ്വാസവായുവിന് പോലും പ്രാർത്ഥനയുടെ സുഗന്ധം ഉണ്ടായിരുന്നു. ദൈവബന്ധത്തിന്റെ ഈ സുഗന്ധം ആസ്വദിക്കാനാണ് തീർത്ഥാടകർ പരുമലയിൽ എത്തുന്നത്. അതുകൊണ്ടാണ് അഴീക്കോട് മാഷ് പരുമല തിരുമേനിയെ "പരിമള തിരുമേനി" എന്ന് വിശേഷിപ്പിച്ചതും. പരിമളം പകരുന്ന വിശുദ്ധന്റെ വാക്കുകളിലൂടെ നമുക്ക് തീർത്ഥാടനം നടത്താം.

## 1 – പ്രാർത്ഥന

- **Prayer is the inspiration of childhood the refuge of youth and peace during old age (Parumala Thirumeni).**

- **Prayer help education to cultivate truth, morality, faith, devotions and mutual respect among people (Parumala Thirumeni).**

പ്രാർത്ഥനയെപ്പറ്റിയുള്ള ആദ്യ ഉദ്ധരണിജീവിതത്തിൽ പ്രായത്തിന്റെ ഋതുഭേദങ്ങളെ ദൈവവുമായി ബന്ധിപ്പിക്കണം അത് പരിശുദ്ധ തിരുമേനി ആവശ്യപ്പെടുന്നു. പ്രാർത്ഥനയാകുന്ന പ്രചോദനം ലഭിക്കാത്ത ശൈശവം പുതിയ കാലത്തിന്റെ വെല്ലുവിളിയാണ്. കുതിച്ചുപായുന്ന യൗവ്വനം നിയന്ത്രിക്കപ്പെടേണ്ടതും ദൈവബന്ധത്തിലൂടെയാണ്. സമാധാനം തേടുന്ന വാർദ്ധക്യം അതിനാൽ പൂരിതമാകേണ്ടതും പ്രാർത്ഥനയിലൂടെയാണ്.

അജ്ഞാത കർതൃകത്തിൽ പറയുന്നു: **Our prayers have no expiration date; You never know when, where, or how God will answer** പ്രാർത്ഥന മനുഷ്യനെ നിരന്തരം നവീകരിക്കുന്നു. അതിന് കാലപരിധിയില്ല. പ്രാർത്ഥിക്കുന്നവന് കാലപരിധിയുണ്ട് – ഭൗമജീവിതത്തിൽ എന്നാൽ പ്രാർത്ഥന കേൾക്കുന്നവനും, പ്രാർത്ഥനക്കും കാലപരിധിയില്ല. സഖറിയാവിന്റെ മക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന വാർദ്ധക്യത്തിൽ യോഹന്നാൻ സ്നാപകനിലൂടെ ലഭിക്കുകയാണ്. യൗവ്വനത്തിലെ പ്രാർത്ഥന വാർദ്ധക്യത്തിൽ സമാധാനമായി തിരിച്ചു ലഭിക്കുന്നു. പ്രാർത്ഥിച്ച സഖര്യാവ് മറന്നെങ്കിലും പ്രാർത്ഥന കേൾക്കുന്ന ദൈവം മറന്നില്ല.

രണ്ടാമത്തെ ഉദ്ധരണിയിൽ പ്രർത്ഥനയുടെ അനന്ത സാധ്യതകളാണ് പരി. പരുമലതിരുമേനി ഉയർത്തികാട്ടുന്നത്. പ്രാർത്ഥന ജീവിത പരിശീലനത്തെ സഹായിക്കുന്നു. സത്യം, ധാർമ്മികത, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവ വളരുന്നത് പ്രാർത്ഥനാ ജീവിതത്തിലൂടെയാണ്.

സത്യത്തിന്റെ പ്രവാചകനായിരുന്ന മഹാത്മ ഗാന്ധി എന്ന് അദ്ദേഹം പഠിപ്പിച്ചു. പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ താനൊരു ഭ്രാന്തനായിപ്പോയേനെയെന്ന് അദ്ദേഹം പറഞ്ഞു. സത്യത്തിന്റെ വില ഇടിയുന്ന സത്യാനന്തരയുഗത്തിൽ ധാർമ്മികതയുള്ള ഒരു തലമുറ രൂപപ്പെടണമെങ്കിൽ ജീവിതം പ്രാർത്ഥനാനിർഭരമാകണം. അത് മുൻ കൂട്ടി കണ്ട് പരുമല തിരുമേനി നൽകിയ പ്രാർത്ഥനാ വ്യാഖ്യാനങ്ങൾക്ക് പ്രവാചക ഭാവമുണ്ട്. ഇനിയും പ്രാർത്ഥനാശബ്ദം ഉയർത്താത്ത വ്യക്തികളും ഭവനങ്ങളും അതിലേക്ക് മടങ്ങണമെന്ന് തിരുമേനി ആഹ്വാനം ചെയ്യുന്നു.

## 2 – ക്ഷമ

**"Forgiveness is strength, it gives a person good name. It is the distinguishing feature of good people" (Parumala Thirumeni)** ആയുധങ്ങളും സമ്പത്തും അധികാരവും ബലമാണെന്ന് ചിന്തിക്കുന്ന ലോകത്തിന്റെ മുൻപാകെ പരിശുദ്ധ പരുമല തിരുമേനി പഠിപ്പിക്കുന്നു, 'ക്ഷമയാണ് ബലമെന്ന്'. ജീവിതം കൊണ്ട് ക്രിസ്തുവിന്റെ കുരിശ് കണ്ടെത്തിയ ആളാണ് ആ പരിശുദ്ധൻ. ക്ഷമയുടെ ബലം പൂത്തുലഞ്ഞത് ക്രൂശിലാണ്.



**"ക്ഷമാബലമശക്തനാം ശക്തനാം ഭൂഷണം ക്ഷമാ"** എന്നാണ് പ്രാചീന ഭാരത ആചര്യന്മാർ പറഞ്ഞുവച്ചത്. അതായത് ദുർബലന്മാർക്ക് ക്ഷമകൊണ്ടേ രക്ഷയുള്ളൂ. അതുകൊണ്ട് അവരുടെ ശക്തി ക്ഷമയിലാണ് അടങ്ങിയിരിക്കുന്നത്. ശക്തന്മാർക്കാകട്ടെ ക്ഷമ ഒരു അലങ്കാരമാണ്. ക്ഷമാഗുണം കൊണ്ട് അവർ ശോഭിക്കും. ഒരിക്കലും നിന്ദ്യരാവുകയില്ല.

**"അതൃണേ പതിതാവർഹനി സ്വയമേവ ഉപശാമ്യതി"** എന്നൊരു ചൊല്ലുണ്ട് അതായത് പുല്ലോ, തീപിടിക്കുന്ന മറ്റു വസ്തുക്കളോ ഇല്ലാത്ത സ്ഥലത്ത് തീപ്പൊരിവീണാൽ അത് കത്താതെ സ്വയം അണഞ്ഞ് പോകുന്നു. അത് പോലെ ക്ഷമാശീലന്റെ മുൻ പിൽ ശത്രുവിന്റെ വിരോധവും അലിഞ്ഞ് ഇല്ലാതാകുന്നു..

പുതിയകാലത്തിന്റെ സമസ്ത സംഘർഷങ്ങളുടെയും ഒറ്റമൂലി ക്ഷമയാണ്. ഗലാത്യർ. 5:22–ൽ ആത്മാവിന്റെ ഫലമായിട്ടാണ് ദീർഘക്ഷമയെ അടയാളപ്പെടുത്തിയിരിക്കുന്നത്. ആത്മാവിൽ വസിക്കുന്നവന്റെ ഭാവമാണ് ക്ഷമ.

സമാധാനം ആഗ്രഹിക്കാത്തവർ ആരുമില്ല. സമാധാനം ആഗതമാകണമെങ്കിൽ ക്ഷമ കൂടിയേ കഴിയൂ എന്നുപറയുന്നു. **"Let us forgive each other- only then we will live in peace"**. ശുബ്ക്കോനോയുടെ അർത്ഥമെന്തെന്ന് ആഴത്തിൽ അറിയാൻ പരിശുദ്ധ പരുമല തിരുമേനി ആഹ്വാനം ചെയ്യുന്നു. ശുബ്ക്കോനോ വ്യക്തികളിലെ ആന്തരിക സംഘർഷങ്ങൾക്കുള്ള മറുപടിയാണ്, കുടുംബത്തിനുള്ളിലെ സമാധാനത്തിന്റെ വഴിയാണ്, സമൂഹത്തിന്റെ ശരിയായ ഗമനത്തിനുള്ള വഴിവിളക്കാണ്, സൃഷ്ടാവിലേക്കുള്ള വെളിച്ചത്തിന്റെ പാതയുമാണ്. ക്ഷമയിലൂടെ വേണം അതിലേക്ക് പ്രവേശിക്കാൻ.

## 3 – മരണം

**"Death is at everybody's door. Keep that in mind". (Parumala Thirumeni)** മരണം ധ്യാനിക്കുന്നവരാണ് ഈ ലോകത്തിലെ ഏറ്റവും സന്തോഷമുള്ളവർ. മരണം മറക്കാൻ ശ്രമിക്കുന്നവരാണ് സംഘർഷഭരിത ജീവിതത്തെ അഭിമുഖീകരിക്കുന്നവർ. മരണ ഭയം മാറ്റാനുള്ള ഏറ്റവും വലിയ മാർഗ്ഗം മരണം എന്ന യാഥാർത്ഥ്യത്തെ ഉൾക്കൊള്ളലാണ്. ഈ ലോകത്തിലെ ഏറ്റവും സന്തോഷകരമായി ജീവിക്കുന്ന ജനതകളിൽ ഒന്നാണ് ഭൂട്ടാൻ ജനത. അതിന്റെ അടിസ്ഥാന കാരണം അവർ ഒരു ദിവസം അഞ്ചു നേരം അവരുടെ മരണം അവർ ധ്യാനിക്കുന്നുണ്ട്. നമ്മുടെ ഒരോ കർമ്മങ്ങളും അവസാനത്തേത് ആണെന്ന് ചിന്തിച്ച് നിർവ്വഹിച്ചാൽ എത്ര കുലീനമായിട്ടായിരിക്കും അത് നിർവ്വഹിക്കുന്നത്. അത് ജീവിതത്തെ കൂടുതൽ ജ്വലിപ്പിക്കും. എന്നാണ് ജാപ്പനീസ് എഴുത്തുകാരനായ **Haruki Murakami** പറയുന്നത്. ജീവിതഗ്രന്ഥത്തിൽ നിന്ന് അടർത്തി മാറ്റി വയ്ക്കേണ്ടതല്ല മരണം.

(ശേഷം പേജ് 22–ൽ)





# പരുമല തിരുമേനി പുതുതലമുറയുടെ ആശ്ചര്യം

— റവ. ഫാ. കോശി മാത്യു കറ്റാനം, *മർത്തമറിയ സമാജം മാവേലിക്കര മെത്രാസന വൈസ് പ്രസിഡന്റ്*

പവിത്ര ജീവിതം എന്നും ഏവർക്കും മാതൃകയാണ്. അതിനെ അനുകരിക്കാൻ ശ്രമിക്കുന്നത് പവിത്രതയിലേക്കുള്ള വളർച്ചയാണ്. ഗൗഢ പാദകാരികയിലെ ആഗമപ്രകരണത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.'ആദിയും മദ്ധ്യവും അന്തവുമായ പ്രണവത്തിൽ മനസ്സിനെ നാം ഏകാഗ്രമാക്കണം. പ്രണവം നിർഭയമാകുന്ന ബ്രഹ്മം തന്നെയാണ്. പ്രണവത്തിൽ മനസ്സ് ഏകാഗ്രമാക്കിയവന് ഒരിടത്തും ഭയമുണ്ടാകുകയില്ല'. 84-ാം സങ്കീർത്തനം 5-ാം വാക്യത്തിൽ ഇപ്രകാരം വായിക്കുന്നു. ''ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ''. ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്. പരിശുദ്ധ പരുമല തിരുമേനി പ്രണവമാകുന്ന യേശുക്രിസ്തുവിൽ, മനസ്സിനെ ഏകാഗ്രമാക്കി, ജീവിതത്തെ ചിട്ടപ്പെടുത്തി, ആത്മീയ ബലം കൊണ്ട് നിറഞ്ഞ് പ്രകാശിതനായി, സീയോനിലേക്കുള്ള പെരുവഴിയിൽ നമുക്ക് പ്രകാശമേകി തിളങ്ങി നിൽക്കുന്ന ദീപസ്തംഭമായി നമ്മുടെ മുൻപിൽ നിൽക്കുന്നു. ഒരിക്കലും പ്രകാശ ഗോപുരം കുഴൽ വിളിക്കുന്നില്ല, ഭേരി മുഴക്കുന്നില്ല. എന്നാൽ പ്രകാശം നിർബാധം പരത്തുന്നു. ദിശതെറ്റി അലയുന്നവർ ആ പ്രഭ കണ്ട് ശരിയായ ദിശ കണ്ടെത്തി ലക്ഷ്യസ്ഥാനത്ത് എത്തുന്നു. യേശുക്രിസ്തുവാകുന്ന പ്രണവം പരുമല തിരുമേനിയാകുന്ന ദീപസ്തംഭത്തിന്റെ പ്രകാശത്തിന്റെ തെളിമ വർദ്ധിപ്പിച്ച് ആത്മീയമായി നമ്മെ എന്നും ബലപ്പെടുത്തുന്നു.

മനുഷ്യജീവിതത്തിൽ അവസരങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. ആരെയും കാത്ത് നിൽക്കാതെ കാലവും കടൽ തിരകളും കടന്നു പോകുന്നു. ഓരോ അവസരങ്ങളും ദൈവത്തിന്റെ ദാനമാണ്. ദൈവം നൽകിയിട്ടുള്ള അവസരങ്ങൾ എങ്ങനെ വിനിയോഗിക്കുന്ന എന്നതിനെ അടിസ്ഥാനമായാണ് വിജയവും പരാജയവും. ദൈവ നിയോഗത്താൽ തനിക്ക് ലഭിച്ച അവസരങ്ങൾ ശരിയാംവണ്ണം വിനിയോഗിച്ച പരുമല തിരുമേനിയുടെ നിഷ്ഠ, ചിട്ട, സാക്ഷ്യ നിർഭരമായ ജീവിത ശൈലി ഋതുഭേതങ്ങൾക്ക് മായിച്ച് കളയുവാൻ സാധ്യമാകാത്ത സത്യമാണ്. കക്ഷി വഴക്കുകൾ ഒഴിവാക്കപ്പെടുവാൻ തിരുമേനി കൈക്കൊണ്ടിട്ടുള്ള നടപടികൾ, അറിവിന്റെ വാതായനങ്ങൾ എല്ലാവർക്കും വേണ്ടി തുറക്കപ്പെടുവാൻ തുടങ്ങിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ക്രിസ്തുവിന്റെ സ്നേഹം പകർന്നു നൽകുന്ന മിഷൻ പ്രവർത്തനങ്ങൾ, സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങളിലുള്ള ഇടപെടലുകൾ, ലഭ്യമായ അവസരങ്ങൾ ശരിയാംവണ്ണം വിനിയോഗിച്ച ഒരു മുനി ശ്രേഷ്ഠനെന്ന പദവിക്ക് പരുമല തിരുമേനിയെ അർഹനാക്കുന്നു.

പ്രതിബന്ധങ്ങൾ എന്തു തന്നെയായാലും അവയെ തരണം ചെയ്യുവാൻ പോരുന്ന മനഃശക്തി ഉള്ളവരാണ് മഹാൻമാർ. സാഹചര്യങ്ങൾ അവരെ കീഴടക്കുകയല്ല മറിച്ച് സാഹചര്യങ്ങളെ അവർ കീഴടക്കുകയാണ്. ഇന്നു കാണുന്ന ഗതാഗത സൗകര്യങ്ങളോ, വാർത്താവിനിമയ സൗകര്യങ്ങളോ വ്യവസ്ഥാപിതമായി ഇല്ലാതിരുന്ന കാലത്തെ സധൈര്യം ഭക്തി സാന്ദ്രമായി തിരുമേനി അഭിമുഖീകരിച്ചു എന്നത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സത്യമാണ്. അക്കാലത്ത് കടൽക്കടന്ന്, പ്രതികൂലങ്ങളും തടസ്സങ്ങളും നിറഞ്ഞ, തിരിച്ച് വരുവാൻ കഴിയുമോ എന്നുള്ള ആശങ്കകൾ നിറഞ്ഞ കപ്പൽ യാത്രയ്ക്ക് പരുമല തിരുമേനി മുതിർന്നു എന്നത് അതിശയമുളവാക്കുന്നതാണ്. വേദപുസ്തക താളുകളിൽ താൻ വായിച്ചറിഞ്ഞ ആത്മിയ സത്യങ്ങൾ നേരിൽ കാണുവാൻ, കപ്പൽയാത്രയിലെ പ്രതികൂലങ്ങൾ തരണം ചെയ്ത് വിശുദ്ധനാട്ടിൽ പോയ പരുമല തിരുമേനിയുടെ ആത്മീയ ആർജ്ജവത്വവും ധൈര്യവും പുതുതലമുറയ്ക്ക് എന്നും ആശ്ചര്യവും, പ്രോത്സാഹനവുമാണ് എന്നുള്ളതിൽ രണ്ട് പക്ഷമില്ല.

ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു (സങ്കീ.37.23). പവിത്ര ജീവിതത്താൽ ദൈവത്തെ പ്രസാദിപ്പിച്ച് നമ്മുടെ മുൻപിൽ ആത്മീയമായ് നിറഞ്ഞു നിൽക്കുന്ന മഹാ പരിശുദ്ധന്റെ ഓർമ്മ നമുക്ക് വഴ്വിനാകട്ടേ!!



*The old tomb structure of St Geevarghese Mar Gregorios (Parumala Thirumeni) at St. Peter's and St. Paul's Orthodox Syrian Church Parumala. (1950)*

*(പേജ് 21-ൽ നിന്നും തുടർച്ച...)*

## സൂക്തങ്ങളിലൂടെ ഒരു തീർത്ഥാടനം

ക്രിസ്തുവിന്റെ ഉയിർപ്പാണ് മരണത്തെ ഒരു ധ്യാനമാക്കി മാറ്റാൻ മനുഷ്യ വംശത്തിന് കരുത്ത് നൽകിയത്.

മരണം ധ്യാനിക്കുന്നവൻ ജീവിതത്തിന്റെ നീളത്തെപ്പറ്റിയല്ല ചിന്തിക്കുന്നത്. അതിന്റെ ആഴത്തെപ്പറ്റിയാണ്. പരിശുദ്ധ പരുമല തിരുമേനിക്കു ജീവിതം നീളമുള്ളതല്ല പക്ഷെ അത് ആഴമുള്ള ജീവിതമായിരുന്നു. (**Depth of Life**). ജീവിതത്തിന്റെ നീളം കൂട്ടാൻ നാമൊക്കെ വെപ്രാളപ്പെടുകയാണ്. എന്നാൽ വിശുദ്ധന്മാർ ആഴമുള്ള ജീവിതം പണിയുകയാണ്. അതുകൊണ്ട് നിത്യതയിൽ ജീവിക്കുന്ന അവർ ജനഹൃദയങ്ങളിൽ മരിക്കാതിരിക്കുന്നത്. വി. യോഹന്നാൻ 11:25-ൽ ക്രിസ്തു പറയുന്നു "ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു". ഒരുവന് മരണം ധ്യാനമാകുവാൻ ഇതിലെന്ത് ഉറപ്പാണ് വേണ്ടത്. സ്രഷ്ടിതാവിന്റെ സന്നിധിയിലേക്കുള്ള പ്രയാണമാണ് മരണം. അവന്റെ സന്നിധിയിലേക്ക് പോകുമ്പോൾ എന്താണ് അവന് സമർപ്പിക്കാനുള്ളത്. അനുതാപമുള്ള ഹൃദയമാണ് ദൈവത്തിന് സമർപ്പിക്കാനുള്ളത്. അതുകൊണ്ടാണ് പരിശുദ്ധാത്മാവിന്റെ കിന്നരമായ അപ്രേം തന്റെ അന്ത്യാഭിലാഷമായി കുറിച്ചത് "അനുതപിച്ച ഹൃദയങ്ങൾ കിടക്കുന്നിടത്ത് എന്നെ സംസ്കരിച്ചാലും". നിരന്തരം അനുതാപത്തിലൂടെ മരണത്തിന് വേണ്ടി ഒരുങ്ങാം. വിശുദ്ധന്മാരുടെ ഓർമ്മപ്പെരുന്നാൾ മരണത്തെക്കുറിച്ചുള്ള ധ്യാനമാണ്. അത് ജീവിതത്തിന്റെ സന്തോഷം വർദ്ധിപ്പിക്കും ഭൂട്ടാൻ ജനതയെപ്പോലെ ....





# TRANSFORMATION THROUGH PRAYERS

**(An article about the life of the great saint – Mar Gregorios
Greetings to all in the name of our Lord and Saviour Jesus Christ!)**

**— Regi Oommen (ID - R-223)**

The annual feast at Parumala is held to commemorate the death anniversary of Bishop Mar Gregorios Metropolitan, the first canonised saint of the Malankara Orthodox Church of Kerala. Even during this pandemic situation we can see thousands of devotees throng to this holy shrine for seeking blessings. This shows the serenity of the place and the powerful presence of the holy saint Mar Gregorios importance of the St. Peter's & St. Paul's Orthodox Church, Parumala church there. The holiness of the disciplined life of this great saint, the humility, fasting and prayer and the grace which the saint has earned through mortification and the miracles that his presence or words wrought has not only made the place holy, but it is in the process of transforming the lives of many irrespective of religion and creed, who come to parumala church.


It is said that Parumala Thirumeni was greatly influenced by the life of St. Antony (he is called the 'Father of monasticism'), the 03rd century monk who lived in Egypt in strict monastic discipline and died at the age of 105 years. St. Antony was a very rich man, who distributed his wealth to the poor and embraced monastic life following the call of God (St. Mathew: 16:24).

If we go through the life history of Parumala Thirumeni one can very well understand the type of life with dedicated prayers which the great saint has led. The following are the extracts of the speech delivered by Parumala Thirumeni on his return from pilgrimage to Holy Land:

- Prayer is one thing which can help education to develop faith, devotion and mutual goodwill among people.
- He who prays to God every day will never be untrue, evil, faithless and enemy of society or traitor to his master.
- Prayer is the enthusiasm of childhood, the refugee of youth, and peace in old age.
- God will listen to the heart full of devotion and such people will get abundant blessings from God.

We need to understand that prayer is communion or communication with God – opening ourselves to Him as receiving His love. It is by living consciously in this relationship of love that we can be transformed into the image of God. Through prayer we are cleansed of the accumulation of the impurities of our life and we are supplied with the power to live a good, kind and holy life.

Late Lamented H.G.Dr. Paulose Mar Gregorios in his book "Worship in a secular age" tells us Prayer is like how to learn swimming and he describes it as – Prayer has to be learned and one should acquire the skills of praying by constant practice. In prayer we have to let ourselves go, relax, trust in God to support us and teach us how to pray. Even if we don't like to pray or enjoy it we must keep up the practice of prayer. One



must strengthen the will to have control over the laziness of the body and the desire of the flesh, if one has to make progress in the art and skill of prayer. Man is not free and good, like God until he learns to control his inner drives and passions. Thus prayer is an act of the whole man, body, soul and spirit. It is not merely an act of mind.

Thus from the above we can understand the ascetic life and schedule at Vettikkal Dayara has played a remarkable role in shaping the divine personality of Parumala Thirumeni. The disciples of Parumala Thirumeni viz.Vattasseril Thirumeni and Catholicose Geeverghese II are witnesses to the holiness of Mar Greogorios of Parumala. The divine intercession of Parumala Thirumeni is eternally beneficial to all those who rely on him. To all people irrespective of religion or creed, who come to the tomb of Mar Gregorios he stands high as a tower of light, hope, guidance and blessings.

To conclude I quote two important sayings from Parumala Thirumeni which has impressed me most: "Pray earnestly to God during day and night. Such prayer is the best way to remove the darkness and fatigue in us; and also the means to attain salvation and Kingdom of Heaven. Put your faith in God and pray to Him!"


Dear children, always remember in your hearts and minds these great words of Parumala Thirumeni – "Those who disobey their parents and join their enemies, are liable to be cursed by them. They will not inherit the legacy of their parents and will be disqualified from this world as well as the other world.

As we celebrate the annual feast of Parumala, may all of us be blessed through the divine intercession of the great saint.

"The fabric of the soul is strengthened when the pleasures of the body are weakened."


# MASKS AND COVID-19

**Dr Jibu Cherian (ID - J-441)**
*BDS, MSc Endodontics (UK).*
*Mahfud Speciality Dental Clinic.*




Wearing a mask in public has become a routine for all of us and the awareness regarding its importance has greatly helped in reducing the spread of Covid -19.

The following illustration clearly depicts the importance of masks in limiting the spread. However, proper handling of the masks is critical and I would like to share some tips.




### 1. Wearing the mask:

- Wash your hands before putting on your mask.
- Put it over your nose and mouth and secure it under your chin.
- Try to fit it snugly against the sides of your face.
- Make sure you can breathe easily.
- Talk and make sure the mask does not slip.
- Once you have put on the mask avoid touching it.





### 2. Handling the mask:

- Do not touch the outside of the mask frequently. If touched, sanitize the hands immediately.
- Do not pull the mask below the nose.
- Do not pull the mask below the chin or hang it around the neck.











- Avoid touching the outside of the mask with the phone while talking, use the speakerphone or the ear phones if possible.
- If you are reusing the mask, it can be helpful to place it in a paper bag. Fold the mask with the inside surface facing outside.
- Wash your hands or use sanitizer after handling your mask.




### 3. Removing the mask:

- Take off the mask carefully when you are at home.
- Untie the strings behind the head or stretch the ear loops.
- Handle only by their loops or ties.
- Fold outside corners together and discard.
- Wash hands or sanitize before doing anything else.

Types of mask and their Pros and Cons:




### A word of caution:

Do not wear masks with an exhalation valve. These valves do not have a filter and the air that comes out can cause a potential risk to others if worn by an asymptomatic carrier.

Finally, DO NOT forget that wearing a mask is not a substitute to social distancing and frequent hand washing or sanitizing. All three are equally important in limiting the spread of Covid-19.



# ചെമ്മീൻ തീയൽ

— Sinoby Sunu (ID - S-305)



### ചേരുവുകൾ

- ചെമ്മീൻ വൃത്തിയാക്കിയത് 250 ഗ്രാം
- തേങ്ങ ചിരണ്ടിയത് 2 കപ്പ്
- ചെറിയ ഉള്ളി 20 എണ്ണം
- വെളുത്തുള്ളി 5 അല്ലി
- ഇഞ്ചി 1 ഇഞ്ച് കഷണം
- കറിവേപ്പില 2 ഇതൾ
- മുളകുപൊടി 3 ടീസ്പൂൺ
- മല്ലിപൊടി 2 ടീസ്പൂൺ
- മഞ്ഞൾപൊടി 1 നുള്ള്
- വാളൻ പുളി ഒരു നെല്ലിക്ക വലുപ്പത്തിൽ
- തക്കാളി 1 എണ്ണം
- കടുക് ½ ടീസ്പൂൺ
- വെളിച്ചെണ്ണ 2 ടേബിൾസ്പൂൺ
- ഉപ്പ് ആവശ്യത്തിന്

### പാചകം ചെയ്യുന്ന വിധം

ചെമ്മീൻ കഴുകി വൃത്തിയാക്കിയെടുക്കുക. ഇഞ്ചി, വെളുത്തുള്ളി, ചെറിയ ഉള്ളി, തക്കാളി എന്നിവ ചെറുതായി അരിയുക. പാനിൽ 1 ടേബിൾസ്പൂൺ എണ്ണ ചൂടാക്കി വെളുത്തുള്ളി, ഇഞ്ചി, ചെറിയ ഉള്ളി (പകുതി), കറിവേപ്പില (1 ഇതൾ), തേങ്ങ ചിരണ്ടിയത് എന്നിവ ഓരോന്നായി ചേർത്ത് മീഡിയം തീയിൽ ഇളക്കുക. ഇവ ഗോൾഡൻ നിറമാകുമ്പോൾ തീ കുറച്ച് മുളകുപൊടിയും, മല്ലിപൊടിയും, ചേർത്ത് 2 മിനിറ്റ് ഇളക്കിയശേഷം തീ അണയ്ക്കുക. ഇത് തണുത്തതിന് ശേഷം, ആദ്യം വെള്ളം ചേർക്കാതെ മിക്സിയിൽ അരയ്ക്കുക. പിന്നീട് അല്പം വെള്ളം കൂടി ചേർത്ത് അരച്ചെടുക്കുക. വാളൻ പുളി 2½ കപ്പ് വെള്ളത്തിൽ ലയിപ്പിച്ചശേഷം വെള്ളം അരിച്ചെടുക്കുക. ഒരു പാത്രത്തിൽ ചെമ്മീൻ, പുളി വെള്ളം, തക്കാളി, മഞ്ഞൾപൊടി, ഉപ്പ് എന്നിവ അടച്ച് വച്ച് 10 മിനിറ്റ് വേവിക്കുക. (തിളയ്ക്കാൻ തുടങ്ങുമ്പോൾ തീ കുറയ്ക്കുക).

വെന്തതിനു ശേഷം അരച്ച ചേരുവ ചേർത്ത് നന്നായി യോജിപ്പിച്ച് 1 മിനിറ്റ് തിളപ്പിച്ചതിന് ശേഷം തീ അണയ്ക്കുക. ഉപ്പ് നോക്കി കുറവുണ്ടെങ്കിൽ ചേർക്കുക. പാനിൽ 1 ടേബിൾസ്പൂൺ എണ്ണ ചൂടാക്കി കടുക് ഇട്ട് പൊട്ടുമ്പോൾ ബാക്കിയുള്ള ചെറിയ ഉള്ളിയും കറിവേപ്പിലയും (1 ഇതൾ) ചേർത്ത് മൂപ്പിച്ച് ചെമ്മീനിൽ ചേർക്കുക.

കുറിപ്പ്

- ചെമ്മീൻ അധികനേരം വേവിച്ചാൽ കട്ടി (റബ്ബർ പോലെ) ആവുന്നതിനാൽ അധികം വേവാതിരിക്കാൻ ശ്രദ്ധിക്കുക.
- ചെമ്മീൻ മൈക്രോവേവ് അവനിലും വേവിക്കാവുന്നതാണ്
- വാളൻ പുളി ഇല്ലെങ്കിൽ കുടംപുളിയോ, പച്ച മാങ്ങയോ പകരം ഉപയോഗിക്കാവുന്നതാണ്. പക്ഷേ വാളൻ പുളി തന്നെയാണ് കൂടുതൽ അനുയോജ്യം.

## ശ്രദ്ധിക്കേണ്ട ചില ആഹാര നിയമങ്ങൾ

ശരീരഭാരം കുറയ്ക്കാനായി ശ്രമിക്കുമ്പോൾ ആരോഗ്യകരമായ സമീകൃത ഭക്ഷണത്തിന്റെ പോഷക ഘടകങ്ങൾ പ്ലേറ്റിന്റെ 1/4 ഭാഗം ധാന്യങ്ങൾ ആയിരിക്കണം, 1/4 ഭാഗം പയർവർഗ്ഗങ്ങളോ മാംസമോ ആയിരിക്കണം, 1/2 ഭാഗം പച്ചക്കറികളും പഴങ്ങളും ആയിരിക്കണം.

### അഞ്ച് പ്രധാന ഭക്ഷണങ്ങളും ഭക്ഷണരീതികളും

1. ധാന്യങ്ങൾ (ചുവന്ന അരി, ഗോതമ്പ്, അരി അടരുകളായ ധാന്യങ്ങൾ) ഉപയോഗിക്കാം എന്നാൽ വൈറ്റ് റൈസും മൈദയും ഒഴിവാക്കാം.
2. സസ്യഭുക്കുകൾ ഉൾപ്പെടുത്തേണ്ട പയറുവർഗ്ഗങ്ങൾ, പയറ്, പച്ചപയർ, ചന്ന, മാംസാഹാരികൾക്ക് മുട്ട, ചിക്കൻ പോലുള്ള മാംസം എന്നിവ കഴിക്കാം. മട്ടൻ അല്ലെങ്കിൽ ഗോമാംസം പോലുള്ള ചുവന്ന മാംസം കൊഴുപ്പ് കൂടുതലുള്ളതിനാൽ ഒഴിവാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യണം.
3. പച്ചക്കറികളും പഴങ്ങളും ദിവസേന മൂന്നോ അഞ്ചോ ഇനം പച്ചക്കറികൾ കഴിക്കാം. വിറ്റാമിനുകളുടെയും ധാതുക്കളുടെയും നല്ല ഉറവിടങ്ങളായ നാരുകളുടെ അളവ് വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പച്ചിലകളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുക.
4. പാൽ, പാൽ ഉൽപന്നങ്ങൾ കൊഴുപ്പ് കുറഞ്ഞ ഇനങ്ങൾ പാലും, പാലുൽപ്പന്നങ്ങളും കഴിക്കാം.
5. കൊഴുപ്പും പഞ്ചസാരയും ഒഴിവാക്കുക പഞ്ചസാര പൂർണ്ണമായും ഒഴിവാക്കുകയോ പകരം ശുദ്ധീകരിക്കാത്ത പഞ്ചസാര, തവിട്ട് പഞ്ചസാര, തേൻ എന്നിവ പരിമിതമായ അളവിൽ കഴിക്കാം.

ഭക്ഷണം കഴിക്കുമ്പോൾ മിതമായി കഴിക്കുക. നന്നായി ചവയ്ക്കുക. പ്രിയപ്പെട്ട വ്യായാമം കണ്ടെത്തി സ്ഥിരമായി ചെയ്യുക. ദിവസം മുഴുവൻ സജീവരായിരിക്കുക






1. The first gentile who got baptized.
2. Name the deacon who explained the scripture to the Ethiopian eunuch.
3. Name the two people who contested to be elected as an Apostle.
4. What was the other name of St. Thomas?
5. Name the place where Jesus met the Samaritan woman at the well.
6. Who anointed Solomon as king?
7. Whom did Prophet Isaiah cure with figs?
8. Who was the first king of Judah?
9. What were the things present in the Ark of Covenant?
10. What is the meaning of the Hebrew name Elijah?
11. In which Thubden do we remember the faithful departed?
12. What is Didache?
13. What do the candles on the altar represent?
14. What is the crown of all Sacraments?
15. What is the first proclamation made by the Celebrant of the holy Qurbana during the Blessing of the Censor?
16. Who ordained Parumala Thirumeni as a Ramban?
17. The date on which Parumala Thirumeni was declared as a Saint.
18. Who is known as "Malankara Sabha Bhasuran"?
19. Who was the first bishop of Calcutta Diocese?
20 What is the birth date of Stephanos Mar Theodosius Thirumeni?

**Instructions: • Answers must be emailed to mgomevineyard@gmail.com on or before 31th January 2021.**

• Members of the editorial board and their family members are excluded from the kids' Quiz Contest. • Children below 14 years only can participate.

• Winners will be selected by a draw if the right answers are more than one. • The result will be published in the next edition. • The decision of the Vineyard Committee will be final.



# Children In Drawing Competition

**"Take your son, your only son Isaac, whom you love, and go to the land of Moriah, and offer him there as a burnt offering on one of the mountains of which I shall tell you." ((Genesis 2:22)**

**Draw a pencil sketch based on "The Sacrifice of Isaac"**

Name: ..................................................................................................................

Age : ............... Parent's name: .......................................................................

Church ID: ............................ Contact no.: ........................................................

**Instructions: • Answers must be emailed to mgomevineyard@gmail.com on or before 31th h January 2021.**

- Children below 10 years only can participate.
- Coloring is not allowed. Drawing should be done on plain white paper only. Coloured paper, lined paper or any other kind of papers is not allowed.
- Pencil shading is allowed.
- Winner will be announced in the next edition.
- The decision of the Vineyard committee will be final.

## GENERAL QUIZ




1. സ്വർഗ്ഗിയ സൈന്യത്തെ ദൃഷ്ടാന്തീകരിക്കുന്ന ദേവാലയ ഉപകരണം?
2. മൂറോൻ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന വിലയേറിയ തൈലം ഏത്?
3. കാതോലിക്ക സ്ഥാനത്തിന്റെ മറ്റൊരുപേര്?
4. പുത്രസ്വീകാര്യം ലഭിക്കുന്ന കൂദാശ?
5. തൂണിന്മേൽ തപസ്സിരുന്നവൻ?
6. ഇടതുകൈ നെഞ്ചോടു ചേർത്തു പിടിച്ച് ധൂപം വീശുന്നവർ ആരൊക്കെ?
7. ആദ്യ കുർബ്ബാന അനുഷ്ഠിച്ചതെവിടെ?
8. വിശുദ്ധ കുർബ്ബാനയെ സ്പർശിച്ച പുരോഹിതന്റെ കൈകളെ മുത്തി ബഹുമാനിക്കുന്നത് എന്തിന്റെ മുൻകുറിയാണ്?
9. ധൂപക്കൂറ്റി വാഴ്വിൽ രണ്ടും മൂന്നും ചങ്ങല പിടിക്കുമ്പോൾ പുരോഹിതൻ ചൊല്ലുന്നതെന്ത്?
10. സഹദേന്മാരിൽ മുമ്പൻ ആര്?
11. എപ്പഫ്രാസ് സ്ഥാപിച്ച സഭ ഏത് ?
12. വിവാഹം വിശുദ്ധമാണ് എന്നതിനുള്ള ബൈബിൾ വാക്യം ഏത്?
13. ശാപം പ്രസ്താവിക്കാൻ തിരഞ്ഞെടുത്ത മല?
14. എലിമെലേക്ക് ഏത് ദേശത്തേക്കാണ് പോയത്
15. ശൗൽ രാജാവ് മരിച്ച സ്ഥലം?
16. ദാനിയേൽ എന്ന വാക്കിന്റെ അർത്ഥം?
17. കൈ പാഞ്ഞുവന്ന് രാജധാനിയിൽ ദൈവത്തിന്റെ അരുളപ്പാട് എഴുതിയത് ഏത് രാജാവിന്റെ കാലത്താണ് ?
18. സെഫന്യാവിന്റെ കാലത്തെ യഹൂദരാജാവ്?
19. വെള്ളി എനിക്കുള്ളത് പൊന്നും എനിക്കുള്ളത് എന്ന യഹോവയുടെ അരുളപ്പാട് പ്രവചിച്ച പ്രവാചകൻ ?
20. രക്തപാതകങ്ങളുടെ പട്ടണം ഏത്?

**Instructions: • Answers must be Emailed to mgomevineyard@gmail.com on or before 31th January 2021.**

• Members of the editorial board and their family members are excluded from the General Quiz Contest. • Winners will be selected by a draw if the right answers are more than one and the result will be published in the next edition. • The decision of the Vineyard Committee will be final.

# പരിശുദ്ധ പരുമല തിരുമേനിയുടെ 118-ാം ഓർമ്മപെരുന്നാൾ ആചരിച്ചു



പരിശുദ്ധ പരുമല തിരുമേനിയുടെ 118–ാം ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പരിശുദ്ധ കാതോലിക്കാ ബാവ മുഖ്യ കാർമികത്വവും, ഡോ. മാത്യുസ് മാർ സേവേറിയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് എന്നീ പിതാക്കന്മാർ സഹകാർമികത്വവും വഹിച്ചു. കബറിങ്കിലിലെ ധൂപ പ്രാർത്ഥനയ്ക്ക് ശേഷം പരിശുദ്ധ കാതോലിക്കാ ബാവായും പിതാക്കന്മാരും വിശ്വാസികൾക്ക് വാഴവ് നൽകി.

## ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി സംരക്ഷിക്കപ്പെടണം: പരിശുദ്ധ കതോലിക്കാ ബാവ



ആയിരത്തിൽപ്പരം വർഷം പഴക്കവും നവോത്ഥാന കാലത്തിനു മുമ്പുള്ള മനോഹരമായ പ്രാചീന ചുവർച്ചിത്രങ്ങളുടെ ശേഖരവുമുള്ള ചരിത്രപ്രസിദ്ധമായ ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി സംരക്ഷിക്കപ്പെടണമെന്ന് പരിശുദ്ധ കതോലിക്കാ ബാവ തിരുമേനി.

ദേശീയപാത വികസനത്തിന്റെ പേരിൽ അതിപുരാതനവും നൂറ്റാണ്ടുകൾ പഴക്കമുള്ള ചുവർചിത്രങ്ങളാൽ അലങ്കരിക്കപ്പെട്ടതുമായ ഈ ദേവാലയം പൊളിക്കുവാനുള്ള ശ്രമം ഖേദകരമാണ്. നാടിന്റെ പൊതുവികസന ആവശ്യങ്ങൾക്കായി സഭാവക സ്ഥലങ്ങൾ വിട്ടുനൽകുന്നതിന് സഭ ഒരിക്കലും വൈമുഖ്യം കാട്ടിയിട്ടില്ല. ചരിത്ര പ്രാധാന്യമുള്ളതും സമുദായ സൗഹാർദത്തിന്റെ പ്രതീകവും സംരക്ഷിത മന്ദിരമെന്ന നിലയിലും, മലങ്കര സഭാ തലവനായിരുന്ന ചേപ്പാട് മാർ ദിവന്നാസിയോസിന്റെ കബറിടം സ്ഥിതി ചെയ്യുന്നതുമായ ഈ പള്ളി കേരള ചരിത്രത്തിന്റെയും സംസ്ക്കാരത്തിന്റെയും അവിഭാജ്യ ഘടകമായിത്തന്നെ പരിഗണിക്കപ്പെടേണ്ടതാണ്.

ചേപ്പാട് ദേവാലയത്തിന് നാശനഷ്ടം ഉണ്ടാകാത്ത തരത്തിൽ തയ്യാറാക്കിയിരുന്നതും അന്തിമമായി അംഗീകരിക്കപ്പെട്ടിരുന്നതുമായ അലൈന്മെന്റ് പ്ലാൻ അശാസ്ത്രിയമായും അകാരണമായും പെട്ടെന്ന് മാറ്റിയതിലുള്ള സഭയുടെ ഉത്കണ്ഠ പരിശുദ്ധ ബാവാ മുഖ്യമന്ത്രിയെ അറിയിച്ചു. സംഭവത്തെക്കുറിച്ച് അന്വേഷിക്കാമെന്ന് മുഖ്യമന്ത്രി അറിയിച്ചതായും പരിശുദ്ധ പിതാവ് പറഞ്ഞു.

## പ. കാതോലിക്കാ ബാവാ അനുശോചിച്ചു



സെർബിയൻ പാത്രിയർക്കീസ് പരിശുദ്ധ ഇറിനേയുടെ ദേഹവിയോഗത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുശോചിച്ചു.

സഭാ തലവൻ എന്ന നിലയിൽ തികഞ്ഞ സമർപ്പണത്തോടും ദൈവാശ്രയത്തോടും കൂടി മാതൃകപരമായ പ്രവർത്തനം നടത്തിയ പിതാവായിരുന്നു അദ്ദേഹമെന്ന് പരിശുദ്ധ ബാവാ പറഞ്ഞു. സെർബിയൻ ഓർത്തഡോക്സ് സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിൽ ദീർഘകാലത്തെ സഹകരണത്തിന്റെ ചരിത്രമാണുള്ളത്. 1937–ൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ ബെൽഗ്രേഡിൽ ഉള്ള സഭാ ആസ്ഥാനം സന്ദർശിച്ചിരുന്നു. ഇറിനേ പാത്രിയർക്കീസിന്റെ സ്ഥാനരോഹണത്തിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്താ പങ്കെടുത്തതും പരിശുദ്ധ കാതോലിക്കാ ബാവാ പ്രത്യേകം അനുസ്മരിച്ചു.

## വിഘടിത വിഭാഗത്തിന്റെ ഉപവാസ സമരങ്ങൾ അനീതിക്കുവേണ്ടി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്

അനീതിയും അക്രമവും പുലരുന്നതിനുവേണ്ടിയാണ് പാത്രിയർക്കീസ് വിഭാഗം ഉപവാസ സമരങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് മലങ്കര ഓർത്തഡോക്സ് സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ. രാജ്യത്തെ നീതിന്യായ വ്യവസ്ഥകൾ അനുസരിച്ച് കോടതികൾ നൽകുന്ന ഉത്തരവുകൾ നടപ്പാക്കാതിരിക്കാനും അതിനെ മറിക്കടക്കാനും വിധി നടത്തിപ്പ് താമസിപ്പിക്കുവാനുമാണ് പാത്രിയർക്കീസ് വിഭാഗം പരിശ്രമിക്കുന്നത്. കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പാക്കാൻ ശ്രമിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരെയും പോലീസ് സേനയെയും കുറ്റപ്പെടുത്തുന്നത് അപലപനീയമാണെന്നും അദ്ദേഹം പറഞ്ഞു. നിയമവിധേയമായി ഐക്യപ്പെട്ട് മുന്നോട്ട് പോകണമെന്ന് ബഹു. കോടതി വിധി നൽകിയിരിക്കുന്ന ദേവാലയങ്ങളിൽ അക്രമ പ്രവണതകളും നശീകരണവും ഉണ്ടാകുന്നത് ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല.

സമാധാന ചർച്ചകൾ കൊണ്ട് യാതൊരു പ്രയോജനവും ഇല്ലെന്ന് വ്യക്തമായതിനാലാണ് ഓർത്തഡോക്സ് സഭ ചർച്ചയിൽ നിന്ന് പിൻമാറിയത്. ബഹു. മുഖ്യമന്ത്രിയുമായുള്ള ചർച്ചകൾ തീരുംവരെ കോടതി വിധികൾ നടപ്പാക്കുകയില്ലയെന്ന് ഓർത്തഡോക്സ് സഭ സമ്മതിച്ചതായി ആഭ്യന്തര സെക്രട്ടറി ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം സത്യവിരുദ്ധമാണ്. കോടതിവിധി നടപ്പാക്കുന്നത് താമസിപ്പിക്കുന്നതിന് മാത്രമാണ് പാത്രിയർക്കീസ് വിഭാഗം ചർച്ചകൾക്ക് ആഹ്വാനം ചെയ്യുന്നത്. ചർച്ചകൾ നടന്നുകൊണ്ടിരുന്ന കാലയളവിൽ തന്നെ ഓർത്തഡോക്സ് സഭയുമായി ഇനി യാതൊരു വിധ ബന്ധവുമില്ല എന്ന് പാത്രിയർക്കീസ് വിഭാഗം പ്രഖ്യാപിക്കുകയും സഭയുടെ കൂദാശകളെ അവഹേളിക്കുകയും സമാധാനവും യോജിപ്പും ഇനി ഉണ്ടാകില്ലന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ തുടർ ചർച്ചകൾക്ക് പ്രസക്തി ഇല്ല.


പുതിയ നിയമനിർമ്മാണ ഭീഷണി കൊണ്ടും അക്രമവും നശീകരണ പ്രവണതകൾകൊണ്ടും കോടതിയിൽ നിന്നും ഉണ്ടാകുന്ന വിധികളെ മരവിപ്പിക്കാമെന്ന ചിന്ത വ്യാമോഹം മാത്രമാണ്. ഓർത്തഡോക്സ് സഭ ചർച്ചകളിൽ പങ്കെടുക്കാത്തതിനെതിരെ പ്രതിഷേധിക്കാൻ പാത്രിയർക്കീസ് വിഭാഗത്തിന് അവകാശമില്ല.

പാത്രിയർക്കീസ് വിഭാഗത്തിന്റേത് എന്ന് ഇപ്പോൾ അവകാശപ്പെടുന്ന പള്ളികൾ എല്ലാം 1972 മുതൽ ബലം പ്രയോഗിച്ച് ഓർത്തഡോക്സ് സഭയുടെ വൈദീകരെയും വിശ്വാസികളെയും പുറത്താക്കി പിടിച്ചെടുത്തതാണെന്നുള്ള സത്യം വിസ്മരിക്കരുത്. മലങ്കര സഭയുടെ പള്ളികൾ എല്ലാം 1934–ലെ ഭരണഘടന പ്രകാരം ഭരിക്കപ്പെടണമെന്നാണ് സഭയുടെ നിലപാട്. അത് തന്നെയാണ് സുപ്രീം കോടതി ഉത്തരവ്. ഓർത്തഡോക്സ് സഭ പള്ളികൾ കൈയ്യേറുകയോ പിടിച്ചടക്കുകയോ ഇടവകാംഗങ്ങളെ പുറത്താക്കുകയോ ചെയ്യുന്നില്ലെന്നും മാർ ദീയസ്കോറോസ് കൂട്ടിച്ചേർത്തു.

## ദയറൂസോ വ്രതത്തിലേക്ക് വന്ദ്യ ഫിലിപ്പോസ് റമ്പാച്ചൻ

അഹമ്മദാബാദ് അബു റോഡ് ജ്യോതിസ് ആശ്രമ മാനേജർ റവ. ഫാ. ഫിലിപ്പോസ് എബ്രഹാമിനെ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം തുടങ്ങിയ ജീവിതചര്യകൾ ആയുഷ്പര്യന്തം നിറവേറ്റുവാൻ സ്വയം സമർപ്പിതരായ റമ്പാന്മാരുടെ ഗണത്തിലേക്ക് ഫീലിപ്പോസ് റമ്പാനച്ചനായി 2020 നവംബർ 20–ന് ഉയർത്തപ്പെട്ടു.

മാതൃ ഇടവകയായ തുമ്പമൺ ഭദ്രാസനത്തിലെ കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ അഹമ്മദാബാദ് ഭദ്രാസനാധിപൻ അഭിവന്ദ്യ പുലിക്കോട്ടിൽ ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും അഭി. കുര്യാക്കോസ് മാർ ക്ലിമ്മീസ് തിരുമേനിയുടേയും അഭി. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനിയുടേയും സഹകാർമ്മികത്വത്തിലും പട്ടംകൊട ശുശ്രൂഷ പൂർത്തിയാക്കി.



അഹമ്മദാബാദ് ഭദ്രാസനം രൂപീകൃതമാകുന്നതുവരെ ഡൽഹി ഭദ്രാസനത്തിൽ തന്റെ പൗരോഹിത്യ ജീവിതം ആരംഭിച്ച ഫീലിപ്പോസ് റമ്പാൻ 2007 മുതൽ 2009 വരെ ഡൽഹി ഭദ്രാസനാധിപൻ ദിവംഗതനായ അഭി. ഇയ്യോബ് മാർ പീലക്സീനോസ് തിരുമേനിയുടെ പേർസണൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കുമ്പഴ ഓർത്തഡോക്സ് വലിയ കത്തീഡ്രലിൽ നിന്നുള്ള പ്രഥമ ദയറാക്കാരൻ, **STOTS** കുടുംബത്തിലെ പ്രഥമ ദയറാക്കാരൻ, അഹമ്മദാബാദ് ഭദ്രാസനത്തിലെ പ്രഥമ ദയറാപട്ടക്കാരൻ, ബാഹ്യ കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ റമ്പാൻ സ്ഥാനി തുടങ്ങിയ ഒട്ടനവധി സവിശേഷതകൾക്ക് ഉടമയാണ്.

നിലവിൽ അദ്ദേഹം രാജസ്ഥാനിലെ ജ്യോതിസ്സ് ആശ്രമം, സെന്റ് തോമസ് ഓർത്തഡോക്സ് റിട്രീറ്റ് സെന്റർ, മലങ്കര ഹൗസ് ഗാന്ധി നഗർ എന്നിവയുടെ മാനേജരായും ചാരിറ്റി ആന്റ് മിഷ്യൻ തുടങ്ങിയവയുടെ അഹമ്മദാബാദ് ഭദ്രാസന ഡയറക്ടർ, ഡയറക്ടർ ഓഫ് ജ്യോതിസ്സ് പബ്ലിക്കേഷൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നിശബ്ദമായി ഇദ്ദേഹം നേതൃത്വം നൽകിവരുന്നുണ്ട്. നവാഭിഷിക്തനായ ഫീലിപ്പോസ് റമ്പാന് 'ജ്യോതിസ്സ് ആശ്രമ'ത്തിൽ ഊഷ്മള സ്വീകരണം നൽകി. വന്ദ്യ ഫിലിപ്പോസ് റമ്പാച്ചന് അഹമ്മദാബാദ് ഭദ്രാസനത്തിന്റെ പ്രാർത്ഥനാനിർഭരമായ സ്നേഹാശംസകൾ.

## Annual Conference of Martha Mariyam of Ahmedabad Diocese

The 11th Annual Conference of Martha Mariyam Vanitha Samajam of Ahmedabad Diocese was conducted on 14th & 15th November 2020 through Zoom online platform. The theme for the conference was "As God had commanded, then the Lord shut the door behind Noah" (Genesis 7.16) The diocesan Metropolitan H. G. Dr. Geevarghese Mar Yulios, the main speaker inaugurated the two day Conference. Thirumeni enlightened with his words and also shared the message of H. H. Baselios Marthoma Paulose II. (Malankara Metropolitan and Cathalicos of the East). Shri. M S Varghese (Director, Sports Authority of India) and Prof. Mary Mathew (Akhila Malankara MMVS General Secretary) were taken the classes in the conference. 371 members froms various Units of Ahmedabad Diocese attended the conference and competitions. Fr. James Geevarghese (Diocesan Secretary) and Fr. C. S. Mathew (MMVS Vice President) delivered the felicitation speeches.



# ഇടവക പെരുന്നാൾ 2020

പരിശുദ്ധ പരുമല തിരുമേനിയുടെ 118–ാമത് ഓർമ്മ പെരുന്നാളും 48–ാമത് ഇടവക ദിനാചരണവും വാർഷിക കൺവെൻഷനും അഭി. ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് അനുസ്മരണവും പൂർവ്വാധികം ഭംഗിയായി നവംബർ 4 മുതൽ 6 വരെ തീയതികളിൽ ഭക്തിപുരസ്സരം ഓൺലൈനായി നടത്തപ്പെട്ടു.

ഒക്ടോബർ 30 വെള്ളിയാഴ്ച വിശുദ്ധ കുർബാനക്ക് ശേഷം പെരുന്നാൾ കൊടിയേറ്റ് നടത്തി. അതേത്തുർന്ന് നവംബർ 4–നു അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയും നവംബർ 5–നു ബഹുമാനപ്പെട്ട ഫാ. ജോൺ ടി. വർഗീസും ഇടവക കൺവെൻഷന് നേതൃത്വം നൽകി. കൂടാതെ നവംബർ 4–നു മാർ തേവോദോസിയോസ് അനുസ്മരണവും നടത്തപ്പെട്ടു.

നവംബർ 6–നു പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മ കുർബാനയും അതേത്തുടർന്ന് നടന്ന ഇടവക ദിനാചരണവും നടത്തപ്പെട്ടു. ഇടവക വികാരി റവ. ഫാ. പി. ഓ. മത്തായി അധ്യക്ഷത വഹിച്ചു. അഭി. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി ഉത്ഘാടനം നിർവ്വഹിച്ചു.

തുടർന്ന് ഇടവക സഹവികാരി റവ. ഫാ. ബിജോയ് വർഗീസ്  ഈ വർഷം നടത്തപ്പെടുന്ന തണൽ ജീവകാരുണ്യ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു.



ഇടവക ദിനാചരണത്തിന് ആശംസകൾ അറിയിച്ചുകൊണ്ട് സഭാ മാനേജിങ് കമ്മിറ്റി അംഗം ഡോ. ഗീവർഗീസ് യോഹന്നാൻ, ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഡോ. സി. തോമസ്, ശ്രീ. ബോബൻ മാത്യു തോമസ് എന്നിവർ പ്രസംഗിക്കുകയും പെരുന്നാൾ കൺവീനർ ശ്രീ. ബിജു ജോർജ്ജ് നന്ദി അറിയിച്ചു. സമ്മേളനത്തെ തുടർന്ന് നടന്ന ആദ്യഫല ലേലവും ഇടവകയിലെ വിവിധ ആദ്ധ്യാത്മിക സംഘടനകളുടെയും സൺഡേ സ്കൂൾ കുട്ടികളുടെയും കലാപരിപാടികളും നടത്തപ്പെട്ടു. ഈ വർഷത്തെ കൺവെൻഷനിലും പെരുന്നാളിലും ഭക്തിപുരസ്സരം സഭാമക്കൾ സംബന്ധിച്ചു.




*പെരുന്നാളിനോടനുബന്ധിച്ച് നടന്ന കുട്ടികളുടെ പ്രച്ഛന്ന വേഷ (Fancy Dress) മത്സരത്തിൽ നിന്നും ...*

# തണൽ ക്യാൻസർ കെയർ 2020

നമ്മുടെ ഇടവകയുടെ പ്രധാന ജീവകാരുണ്യ പദ്ധതിയായ 'തണൽ' സഹായ നിധി ആരംഭിച്ചിട്ട് ഒന്നര പതിറ്റാണ്ട് പൂർത്തിയാകുന്നു. മുൻവർഷങ്ങളിൽ ഈ പദ്ധതിയിലൂടെ വിവാഹ സഹായം, വൈദിക ക്ഷേമ നിധി, ക്യാൻസർ ചികിത്സാ സഹായം, ഹൃദയ ശസ്ത്രക്രിയാ സഹായം, വൃക്ക രോഗികൾക്കുള്ള ചികിത്സാ സഹായം എന്നിവ വഴി ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കാരുണ്യത്തിന്റെ സഹായാ ഹസ്തം നൽകുവാൻ ഇടവകയ്ക്ക് സാധിച്ചു. ഇതിൽ സഹകരിച്ച ഇടവകയിലെ എല്ലാ നല്ലവരായ അംഗങ്ങളോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

ഈ വർഷവും തണൽ ജീവകാരുണ്യ പദ്ധതിയിലൂടെ നിർധനരായ ക്യാൻസർ രോഗ ബാധിതർക്ക് ചികിത്സാ സഹായം നൽകുന്ന പദ്ധതിക്കാണ് രൂപം നൽകിയിരിക്കുന്നത്. ഈ പദ്ധതിയിൽ പരമാവധി പരിഗണ നൽകുന്നത് ഈ ഇടവകയിലെ അംഗങ്ങൾക്കോ അവരുടെ ബന്ധുമിത്രാതികൾക്കോ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. അതിനായി എല്ലാ സുമനസ്സുകളുടെയും പ്രാർത്ഥനയും സഹായവും അഭ്യർത്ഥിക്കുന്നു.

# മാർ തേവോദോസിയോസ് തിരുമേനി അനുസ്മരണം



2020 നവംബർ 4–ന് നടത്തിയ അഭി. ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ അനുസ്മരണ യോഗത്തിൽ അഭി. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനി അനുസ്മരണ പ്രഭാഷണം നടത്തി. ഇടവക വികാരി റവ. ഫാ. പി. ഓ. മത്തായി അദ്ധ്യക്ഷത വഹിച്ചു. ഇടവകയുടെ ട്രസ്റ്റി ശ്രീ. സാബു കോശി തിരുമേനിയെ അനുസ്മരിച്ച് പ്രസംഗിച്ചും തുടർന്ന് തിരുമേനിയുടെ ജീവിത പ്രവർത്തനങ്ങളെ ആസ്പദമാക്കി ഒരു ഡോക്യൂമെന്ററി പ്രദർശിപ്പിക്കുകയും ചെയ്തു. യോഗത്തിൽ ഇടവകയുടെ അസോ. വികാരി റവ. ഫാ. ബിജോയ് വർഗീസ് നന്ദി രേഖപ്പെടുത്തി.



# മർത്തമറിയം സമാജം ഭദ്രാസനതല ആനുവൽ കോൺഫറൻസ് നടത്തപ്പെട്ടു




അഹമ്മദാബാദ് ഭദ്രാസന മർത്തമറിയം സമാജത്തിന്റെ പതിനൊന്നാമത് ആനുവൽ കോൺഫറൻസ് നവംബർ 14, 15 തീയതികളിൽ ഓൺലൈനായി നടത്തപ്പെട്ടു. തദവസരത്തിൽ നമ്മുടെ ഇടവകയിൽ നിന്നും ഇരുപത്തിയഞ്ചിൽ പരം അംഗങ്ങൾ പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ രണ്ടാംദിവസം നമ്മുടെ സമാജ അംഗങ്ങൾ പ്രാർത്ഥനാ ഗാനം ആലപിക്കുകയും തുടർന്ന് നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ അംഗങ്ങൾ പങ്കെടുത്തു .സീനിയർ വിഭാഗം സോളോ സോങ് കോമ്പറ്റീഷനിൽ അനില സാൽബി ഒന്നാം സ്ഥാനവും, ജൂനിയർ വിഭാഗത്തിൽ ജീബാ വർഗീസിന് മൂന്നാംസ്ഥാനവും, ജസ്റ്റ് എ മിനിറ്റ് എന്ന പ്രസംഗ മത്സരത്തിൽ ഷീന നിധിൻ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## Sunday School News

### 48th Parish Day Celebration

Sunday School students participated in variety programs like group song, group dance and fancy-dress competition. The program were initiated by the Parish perunal committee along with Sunday school teachers'. The children's performance was spectacular and was loved by all.

### Sunday School Calendar

**The New Academic Year of Sunday School**

Classes will begin from 2nd week of January 2021

## തെരെഞ്ഞെടുത്തു



മത്ര ഏരിയായിൽ റോയ് ജോർജ് ഒമാനിലെ സേവനം പൂർത്തിയാക്കി സ്വദേശത്തേക്ക് മടങ്ങിയതിനെത്തുടർന്ന് ഒഴിവു വന്ന സ്ഥാനത്തേക്ക് പകരം ആ ഏരിയായിൽ നിന്നുള്ള ജാബ്സൺ വർഗ്ഗീസിനെ (**ID -J-445, Contact No. 99886305**) ഇടവക മാനേജിംഗ് കമ്മറ്റി അംഗമായി തെരെഞ്ഞെടുത്തു.



ഗോബ്രാ ഏരിയായിൽ മാനേജിംഗ് കമ്മറ്റി അംഗമായിരുന്ന അജി പി.റ്റി. ഒമാനിലെ സേവനം പൂർത്തിയാക്കി മറ്റൊരു ദേശത്തേക്ക് പോയതിനെത്തുടർന്ന് ഒഴിവു വന്ന സ്ഥാനത്തേക്ക് പകരം ആ ഏരിയായിൽ നിന്നുള്ള നെബി തോമസിനെ (**ID - N-022, Contact No. 90309239**),ഇടവക മാനേജിംഗ് കമ്മറ്റി അംഗമായി തെരെഞ്ഞെടുത്തു.

# "മെഴുകുതിരിനാളങ്ങൾ"



പരിശുദ്ധ പരുമല തിരുമേനിയുടെ 118–ാമത് ഓർമ്മ പെരുന്നാളും 48–ാമത് ഇടവക ദിനാചരണവും കൊണ്ടാടിയ ദിനത്തിൽ നവംബർ 6–ന് മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 'മെഴുകുതിരിനാളങ്ങൾ' എന്ന ഷോർട്ട് ഫിലിം അണിയിച്ചൊരുക്കി. നന്മ തിന്മകളെ തിരിച്ചറിയുവാനും, സഹജീവികളോട് കരുണ കാണിക്കുവാനുമുള്ള മനസ്സും മനഃസ്ഥതിയും ഇതുവരെയും കൈമോശം വന്നിട്ടില്ലാത്ത സമൂഹത്തിനുവേണ്ടി സമർപ്പിച്ച കലാസൃഷ്ടി വിശ്വാസികളുടേയും സമൂഹത്തിന്റെയും ശ്രദ്ധ പിടിച്ചുപറ്റി. കൺവീനറായി ശ്രീ. സാബു ചാണ്ടി പ്രവർത്തിച്ചു.




പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 118–ാമത് ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ച്, ദൈനംദിന ജീവിതത്തിൽ മാതൃകകൾ ആക്കാവുന്ന ചില ബൈബിൾ കേന്ദ്രീകൃത കഥാപാത്രങ്ങളെയും, ക്രിസ്തുദർശനം തങ്ങളുടെ ജീവിതത്തിലൂടെ മറ്റുള്ളവരിലേക്ക് പകർന്നു നൽകിയ ചില സുപരിചിത സ്ത്രീ കഥാപാത്രങ്ങളെയും കോർത്തിണക്കിക്കൊണ്ട് മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് മഹാ ഇടവകയിലെ മർത്തമറിയം വനിതാ സമാജം 'ഒളിമങ്ങാത്ത മാർഗ്ഗദീപങ്ങൾ' എന്ന പേരിൽ ഒരു വിർച്ചൽ പ്രസൻേറ്റേഷൻ അവതരിപ്പിച്ചു.

**ഇടവകയുടെ കാവൽ പിതാവായ**
**പരിശുദ്ധ പരുമല തിരുമേനി**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!**







## FAVOURS RECEIVED




# MAR ABO

Inserted by

**Biju John & Family**

Thettikuzhiyil Puthen Veedu, Thevalakara

## FAVOURS RECEIVED



Inserted by

**Aju Thomas & Family**

Panachamoottil,
St. Thomas Orthodox Church,
Kampancodu, Thiruvananthapuram Diocese

PUBLISHED & OWNED BY
**MAR GREGORIOS ORTHODOX MAHA EDAVAKA**
P. O. Box 984, P.C. 100, Muscat, Sultanate of Oman • Tel: +968-2470 2606, Fax: +968-2479 0811
e-mail: office@mgomemuscat.com • www.mgomemuscat.com/vineyard

STRICTLY FOR PRIVATE CIRCULATION ONLY